# അജ്ഞാതു പാതിരി




സാഹിത്യതിലകൻ
ഫാദർ ജി. കെ. മറ്റം

# അർണ്ണോസ് പാദ്രി

## (ആധുനികമലയാളത്തിൻെറ ആദിമഘട്ടം)


സാഹിത്യതിലകൻ

**സി. കെ. മററം**


ുതിയ നിരൂ[illegible]

പണ്ണമേ[illegible]

[illegible]


DHARMARAM COLLEGE ★ LIBRARY ★ BANGALORE

DEEPIKA BOOK HOUSE.
KOTTAYAM-1.


വില രൂ. 1. 50

# ARNOS PADRI

Dharmaram College Library
Acc. No. 86273
Call. No. T 51/M435

*By*

SAHITYATHILAKAN

C. K. MATTOM

FIRST IMPRESSION. AUGU

RIGHTS RESERVED

Published by Author

Price Rs. 1.50

PRINTED AT
THE AJANTA PRESS. PERUNNA.
COPIES 1000

## ഗ്രന്ഥകർത്താവിൻെറ ചില കൃതികൾ

1. ചിത്രവേദി
2. ഉപന്യാസപ്രവേശിക
3. സാഹിത്യസുധ
4. നിരൂപണസാഹിത്യം
5. വിമർശനവിഹാരം
6. ചരിത്രചർച്ച
7. ക്രിസ്തുഭഗവാൻ
8. കരയുന്ന മതിൽ
9. പൂവും കായും
10. മഹാപിതാ
11. ഗുരുഗീത
12. പുതിയ നിയമം
13. സ്വപ്നമേ സ്വപ്നം
14. ഫ്രെഡറിക് ഒസ്സാനാ
15. അർണോസ്പാദ്രി

## വിഷയവിവരം

മുഖവുര

ചരിത്രസംഗ്രഹം

സാഹിത്യപരിശ്രമം

ഉപസംഹാരം

(Approved for use in School Library by the Govt. vide D. P. I.'s Order No. 16/20567/57 Dated 23-8-'57.

# അവതാരിക

കേരളസാഹിത്യം എന്നും കൃതജ്ഞതയോടെ ഓർമ്മിക്കേണ്ട സേവനങ്ങൾകൊണ്ടു് അനശ്വരകീർത്തി നേടിയിട്ടുള്ള ഒരു ധന്യനാണു് അർണ്ണോസ്പാതിരി (എണസ്റ്റ് ഹാൻസ്കീഡൽ). 1671-ൽ യൂറോപ്പിൽ ജനിച്ചു് യൗവനാരംഭത്തോടെ സ്വദേശംവിട്ടു് നമ്മുടെ നാട്ടിൽവന്നു് 1732-ാമാണ്ടുവരെ ഒരു കേരളീയനായിത്തന്നെ കഴിച്ച ഈ മഹാനെപ്പററി കേരളീയർ ഇനിയും വേണ്ടപോലെ അറിഞ്ഞിട്ടില്ലല്ലോ എന്നതു് ഖേദകരമാണു്. പല പാശ്ചാത്യപണ്ഡിതന്മാരും നമ്മുടെ ഭാഷയ്ക്കുവേണ്ടി വിലയേറിയ സംഭാവനകൾ നൽകിയിട്ടുണ്ടെങ്കിലും അർണ്ണോസ്സ പാതിരിയേക്കാൾ നമ്മുടെ ഭാഷയെ കൂടുതൽ സ്നേഹിച്ച ഒരു വിദേശീയനെപ്പററി ഓർമ്മിക്കാൻ പ്രയാസമാണു്. നമ്മുടെ ഭാഷ പഠിച്ചുഎന്നു മാത്രമല്ല, ആ ഭാഷ കവനനിർമ്മിതിക്കുതന്നെ പ്രയോജനപ്പെടുത്തി തൻെറ കഴിവിൻെറ പരമാവധി ഭാഷാദേവിയെ ഉപാസിക്കാൻ യത്നിച്ച പാതിരിയെ എത്രതന്നെ ശ്ലാഘിച്ചാലും അതു കൂടുതലല്ല. സുമാർ ഇരുന്നൂററിയിരുപത്തിയഞ്ചുവർഷമാകുന്നു പാതിരി യശ:ശരീരനായിട്ടു്. അത്രമുമ്പു് നമ്മുടെ ഭാഷയെപ്പററി അതിരുകടന്ന അഭിമാനം ഒരു വിദേശിക്കു് ഉണ്ടാകത്തക്കവണ്ണം നമ്മുടെ ഭാഷ വളർന്നിരുന്നുവോ എന്നു് സംശയിക്കണം. അതിനാൽ ഈ നാട്ടുകാരോടു തോന്നിയ മമതയും, ഈ ഭാഷ പഠിച്ചപ്പോൾ അതിന്റെ അഴകു് അറിഞ്ഞു് ഉണ്ടായ അൻപും, എഴുത്തച്ഛൻെറ

കൃതികൾ പഠിച്ചപ്പോൾ തോന്നിയ ആദരവും മററും ആയിരിക്കണം പാതിരിയെ മലയാളഭാഷാസേവനത്തിനു പ്രേരിപ്പിച്ചതു്. ഈ വസ്തുത അദ്ദേഹത്തോടു നമുക്കു തോന്നുന്ന ബഹുമാനത്തെ വളരെ വർദ്ധിപ്പിക്കുന്നുണ്ടു്:

പാതിരി കേരളത്തിൽ വന്നുചേർന്ന 1701 തൊട്ടു് ഇവിടുത്തെ സംസ്കാരം സമ്പാദിക്കുന്നതിനു ജീവിതത്തെ അർപ്പിച്ചു തൃശ്ശൂരിനു് അടുത്തു വേലൂർ താമസമാക്കിക്കൊണ്ടു് സംസ്കൃതത്തിലും മലയാളത്തിലും ദൃഢമായ പാണ്ഡിത്യം സമ്പാദിച്ചു. അതിനുശേഷം സാഹിത്യസേവനം ആരംഭിച്ചു. ആ മഹാത്മാവു് സംഭാവനചെയ്തിട്ടുള്ള സാഹിത്യസമ്പത്തിനെപ്പററി ഈഗ്രന്ഥത്തിന്റെ കർത്താവും മഹാപണ്ഡിതനുമായ സാഹിത്യതിലകൻ ഫാ. സി. കെ. മററം അവർകൾതന്നെ ഉപപാദിച്ചിട്ടുള്ളതിനാൽ ആ അംശത്തിലേക്കു് ഇവിടെ കടക്കുന്നില്ല. മിശിഹാടെ പാന, ചതുരന്ത്യം, ഉമ്മാപർവ്വം, ഉമ്മാടെ ദുഃഖം, ഉമ്മാടെ വ്യാകുലപ്രബന്ധം, ജനോവാപർവം, സംസ്കൃതവ്യാകരണം, മലയാളം-സംസ്കൃതനിഘണ്ടു. മലയാളം-പോർട്ടുഗീസ്നിഘണ്ടു, മലയാളം- പോർട്ടുഗീസ് വ്യാകരണം, ആവെമാരിസ്സ്റ്റെല്ലാ എന്നീ കൃതികളെയാണു് സാഹിത്യതിലകൻ പരിഗണിച്ചിട്ടുള്ളതു്. മഹാകവി ഉള്ളൂരും, കേരളസാഹിത്യചരിത്രം മൂന്നാംഭാഗം 229-ാം പുറത്തു് ഇവയിൽ മിക്ക കൃതികളെപ്പററിയും പരാമർശിച്ചിട്ടുണ്ടു്; ആത്മാനുതാപം എന്നൊരു കൃതി കൂടി ഉള്ളൂർ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും അതു് അർണ്ണോസുപാതിരിയുടെ കൃതി അല്ലെന്നു് ഫാദർ മററം ചൂണ്ടി

ക്കാണിച്ചിട്ടുണ്ട്. അത്തരം വിശദാംശങ്ങളിലേക്കു കടക്കാതെ അർണ്ണോസ്പാതിരിയുടെ സാഹിത്യസേവനത്തിന്റെ സ്വഭാവത്തെപ്പററി പൊതുവേ സൂചിപ്പിക്കാനേ ഇവിടെ ശ്രമിക്കുന്നുള്ളു.

കവിത, വ്യാകരണം, നിഘണ്ടു എന്നു മൂന്നു മുഖ്യവിഭാഗങ്ങളുണ്ട് പാതിരിയുടെ കൃതികൾക്ക്. മഹാസിദ്ധികളുടെ അസാധാരണമായ സമ്മേളനമാണ് ഈ കൃതികളിൽനിന്നുവെളിവാകുന്നത് മലയാളഭാഷയെ ഇന്ത്യയിലും യൂറോപ്പിലും പ്രചരിപ്പിക്കുന്നതിനാണല്ലോ .പാതിരിയുടെ നിഘണ്ടുക്കളും വ്യാകരണവും പ്രയോജനപ്പെട്ടുന്നത്. യൂറോപ്പിൽ ആദ്യം പ്രസിദ്ധംചെയ്ത സംസ്കൃതവ്യാകരണമായിരുന്നു പാതിരിയുടേതു്. ഇവിടുത്തെ ക്രസ്തീയസഹോദരന്മാക്ക് ക്രസ്തുമതസംബന്ധമായ കാവ്യസമ്പത്തു് സംഭാവനചെയ്യാനായിരുന്നു പാതിരിയുടെ കവിതകളുടെ ഉദ്ദേശം. എത്ര ഉൽകൃഷ്ടങ്ങളായ ലക്ഷ്യങ്ങളാണ് സാഹിത്യരചനയിൽ അദ്ദേഹം കൈക്കൊണ്ടിരുന്നത്. ഈ നാട്ടിൽ ജനിച്ച ക്രിസ്തീയപണ്ഡിതന്മാരിൽ ഒരാൾ അല്ലല്ലോ ഇത്തരം മഹാസംഭാവനകൾ നമ്മുടെ ഭാഷയ്ക്കു നൽകിയതു് എന്ന് അല്പമൊരുഖേദം തോന്നാതിരിക്കയില്ല. എന്നാൽ അതിലുംവലിയ ഒരു ഖേദവും, ആലോചിക്കുമ്പോൾ നമുക്കു തോന്നാവുന്നതാണ്. വിദേശപണ്ഡിതനായ ആ മഹാനുഭാവൻ എഴുതിയ ഇത്തരം സാഹിത്യസമ്പത്തുകളെ വേണ്ടപോലെ ഉപയോഗിക്കാൻ പോലും നമുക്കുകഴിഞ്ഞിട്ടില്ലല്ലോ. അങ്ങനെ ഉപയോഗിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ പാതിരിയുടെ കൃതി

കൾക്കു് എത്ര കൂടുതൽ പ്രചാരം കിട്ടുമായിരുന്നു! അതെത്രകണ്ടു് നമ്മുടെ നാട്ടിലെ പണ്ഡിതന്മാരെ സമാനങ്ങളായ സാഹിത്യയത്നങ്ങൾക്കു പ്രേരിപ്പിക്കുമായിരുന്നു!

നമ്മുടെ കൃതഘ്നതകൊണ്ടു് പാതിരിയുടെ കൃതികൾ വളരെക്കാലം ഏതാണ്ടു് മറഞ്ഞുതന്നെയിരുന്നുവെങ്കിലും കാലത്തെ വെല്ലുവിളിക്കുന്നമഹത്വം അവയുൾക്കൊള്ളുന്നുണ്ടെന്നു ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. ദീർഘമായ സാഹിത്യസേവനം കൊണ്ടു പ്രതിഷ്ഠ നേടിയ വേറൊരു മഹാനായ പാതിരിയാണു്, നഷ്ടപ്പെട്ടു എന്നു തോന്നിയിരുന്ന അർണ്ണോസിന്റെ കൃതികളെ ഇപ്പോൾ വീണ്ടും സമുചിതമായ സപര്യയോടെ രംഗത്തേയ്ക്കു കൊണ്ടുവന്നതു്. സാഹിത്യതിലകൻ ഫാ. മററം അവർകളുടെ എല്ലാ കൃതികളും മലയാളഭാഷയ്ക്കു ഭൂഷണങ്ങൾതന്നെ. അദ്ദേഹത്തിന്റെ ഗദ്യശൈലി അത്ര മനോഹരമാണു്. ഫാ. മററത്തിന്റെ എല്ലാ കൃതികളോടും എനിക്കു പക്ഷപാതം ഉണ്ടുതാനും. എങ്കിലും അദ്ദേഹത്തിന്റെ മറെറല്ലാ കൃതികളെക്കാളും മാഹാത്മ്യമേറിയതാണു് ഈ കൃതി എന്നു ഞാൻ വിശ്വസിക്കുന്നു. തന്നോടു സമാനചരിതനും തനിക്കു് അഭിവന്ദ്യനും ആയ ഒരു പൂർവഗാമിക്കു വേണ്ടി ചെയ്യുന്ന കർത്തവ്യത്തിന്റെ മഹത്വം ഫാ. മററത്തിന്റെ ഈ കൃതിയിൽ പ്രത്യക്ഷപ്പെടുന്നു. മഹാനായ അർണ്ണോസു ചെയ്ത പരിശ്രമത്തെപ്പററി തന്റെ നാട്ടുകാർ തീരെ കൃതജ്ഞതയില്ലാതെ പോയല്ലോ എന്നുള്ള ദുഃഖമാണു് ഫാ. മററത്തിനെ ഈ ഗ്രന്ഥരചനയ്ക്കു പ്രേരിപ്പിച്ചതെന്നു വ്യക്തമാണല്ലോ. ഈ വിഷയത്തിൽ

ഫാ. മററത്തോടു നമുക്കുള്ള കടപ്പാടു വളരെ കൂടുതലാണ്.

അർണ്ണോസു പാതിരിയുടെ കൃതികളെ മുഴുക്കെ പ്രകാശിപ്പിക്കാനല്ല ഫാ. മററം ഈ ഗ്രന്ഥത്തിൽ ശ്രമിച്ചിട്ടുള്ളതു്. പാതിരിയുടെ ജീവിതത്തേയും സംഭാവനകളേയും പററി ചുരുക്കത്തിൽ പ്രതിപാദിക്കാനും അദ്ദേഹത്തിൻെറ കവിതകളുടെ രസികത ചൂണ്ടിക്കാണിക്കാനുമാണ് ഇവിടുത്തെ യത്നം. ഈ വിഷയത്തിൽ ഫാ. മററം സംപൂർണ്ണമായി വിജയിച്ചിട്ടുണ്ടു്. പാതിരിയുടെ കവിതകളെപ്പററി വേണ്ടത്ര ബഹുമാനം നമ്മിൽ ഉളവാക്കാൻ ഫാ. മററത്തിനു സാധിച്ചിട്ടുണ്ടു്. അജ്ഞന്മാരുടെ കയ്യേററംകൊണ്ടു പാതിരിയുടെ കവിതയ്ക്കു നേരിട്ട കേടുപാടുകൾ മാററാനും സാഹിത്യതിലകൻ ശ്രമിച്ചിട്ടുണ്ടു്. ഈ പുസ്തകത്തിൽ പ്രസാധനം ചെയ്തു ചേർത്തിട്ടുള്ള കവിതാഭാഗങ്ങൾ ബഹുമാനംകൂടാതെ വായിക്കാൻ സാദ്ധ്യമല്ല. ഒരു വിദേശീയനാണ് നമ്മുടെ ഭാഷയിൽ ഇങ്ങനെ ഗാനം ചെയ്യുന്നതു് എന്നു രോമാഞ്ചംകൂടാതെ വിചാരിക്കാനും എനിക്കു സാദ്ധ്യമല്ല. മലയാളഭാഷയെ അങ്ങേയററത്തെ കെരല്പോടുകൂടി കൈകാര്യം ചെയ്തിട്ടുള്ള മഹാന്മാരുണ്ടായിട്ടുണ്ടു്; പാതിരിക്കു മുമ്പും. കണ്ണശ്ശന്മാരെപ്പോലെയും എഴുത്തച്ഛനെപ്പോലെയും അനേകം പേർ. എങ്കിലും വിദേശത്തു നിന്നും വന്ന ഒരാൾ ഇവിടുത്തെ ഭാഷ പഠിച്ചിട്ടു എഴുതിയ കൃതികൾ എന്ന നിലയ്ക്കു നോക്കിയാൽ അൽഭുതം കൂടാതെ ഈ കൃതികൾ താഴ്ത്തിവയ്ക്കാൻ സാധ്യമല്ല. വിദേശീയനാണ് രചി

ച്ചത് എന്ന വസ്തുത വിസ്മരിച്ചാൽത്തന്നെയും ഈ കൃതികഠംക്കു ഉൽകൃഷ്ടസ്ഥാനം അനുവദിച്ചു കൊടുക്കേണ്ടതാണ്. മലയാളത്തോട്ട് അത്രകണ്ടു അലിഞ്ഞുചേരുന്ന വിദേശീയ സംജ്ഞാനാമങ്ങഠം അവിടവിടെ അല്പമൊന്നു മുഴച്ചുനിൽക്കുന്നതു പോലെ തോന്നാമെങ്കിലും കവിതയുടെ ഒഴുക്കിനു ഒരിടത്തും പറയത്തക്ക തടവില്ല. എഴുത്തച്ഛൻെറയും മററും കവിതയുടെ സ്വാദനുഭവിച്ച ഒരു സാഹിത്യരസികനാണ് ഈ കൃതികഠം രചിച്ചതെന്നു മനസിലാകത്തക്ക ഭംഗികഠം ധാരാളമുണ്ട്. ചില ഭാഗങ്ങഠം ഏതുകാലത്തും ആദരവ് അർഹിക്കുന്ന കവിതകളാണ്. ഉമ്മാടെ ദുഃഖം എന്നകൃതി ഹൃദയമുള്ളവരെ ആകർഷിക്കാതിരിക്കയില്ല. താഴെച്ചേർത്തിരിക്കുന്ന ഭാഗം സഹൃദയന്മാർ പരിശോധിക്കട്ടെ.

എന്മകനേ നിർമ്മലനേ നന്മയെങ്ങും നിറഞ്ഞോനെ
ജന്മദോഷത്തിൻെറ ഭാരമൊഴിച്ചോ പുത്ര!
പണ്ടുമുന്നോർ കടംകൊണ്ടു കൂട്ടിയതു വീട്ടുവാനായ്
ആണ്ടവൻ നീ മകനായിപ്പിറന്നോ പുത്ര!
ആദമാദി നരവർഗ്ഗം ഭീതികൂടാതെ പിഴച്ചു
ഹേതുവതിനുത്തരം നീ ചെയ്തിതോ പുത്ര!
നന്നുനന്നു നരരക്ഷ നന്ദിയത്രേ ചെയ്തതും നീ
ഇന്നിവ ഞാൻ കാണുമാറു വിധിച്ചോ പുത്ര!
മുന്നമേ ഞാൻ മരിച്ചിട്ടു പിന്നെ നീ ചെയ്തിവയെങ്കിൽ
നന്നിതയ്യോ മുന്നമേ നീ മരിച്ചോ പുത്ര!
വാർത്തമുമ്പേയറിയിച്ചു, യാത്ര നീയെന്നോടു ചൊല്ലി
ഗാത്രദത്തം മാനുഷർക്കു കൊടുത്തോ പുത്ര!

മാനുഷക്കു നിൻപിതാവു മഹാനുഗ്രഹം നൽകുവാനായ്
മനസ്സാദ്ധ്യമപേക്ഷിച്ചു കേണിതോ പുത്ര!
ചിന്തയുററങ്ങപേക്ഷിച്ചു ചിന്തവെന്ത സംഭ്രമത്താൽ
ചിന്തിച്ചോര വിയർത്തുനീ കുളിച്ചോ പുത്ര!
വിണ്ണിലേയ്ക്കു നോക്കി നിൻെറ കണ്ണിലും നീ ചോരചിന്തി
മണ്ണുകൂടെച്ചോരയാലെ നനച്ചോ പുത്ര!
ഭൂമിദോഷാൽ വലഞ്ഞാറെ സ്വാമിനിൻെറചോരയാലെ
ഭൂമിതൻെറശാപവും നീയൊഴിച്ചോ പുത്ര!
ഇങ്ങനെ മാനുഷക്കു നീ മംഗലം വരുത്തുവാനായ്
തിങ്ങിന സന്താപമോട്ടം ശ്രമിച്ചോ പുത്ര!
വേലനീയിങ്ങനെചെയ്തു കൂലി സമ്മാനിപ്പതിന്നായ്
കാലമേ പാപികൾ നിന്നെ വളഞ്ഞോ പുത്ര!
ഒത്തപോലെ ഒററികള്ളൻ മുത്തിനിന്നെ കാട്ടിയപ്പോൾ
ഉത്തമനാംനിന്നെ നീചർ പിടിച്ചോ പുത്ര!
എത്രനാളായ് നീയവനെ വളർത്തുപാലിച്ചു നീചർ
ശത്രുകയ്യിൽ വിററുനിന്നെക്കൊടുത്തോ പുത്ര!
നീചനിത്ര കാശിനാശയറിഞ്ഞെങ്കിലിരന്നിട്ടും
കാശുനൽകായിരുന്നയ്യോ ചതിച്ചോ പുത്ര!
ചോരനെപ്പോലെ പിടിച്ചു കരമോടെകരംകെട്ടി
ധീരതയോടവർ നിന്നെയടിച്ചോ പുത്ര!
പിന്നെ ഹന്നാൻ തൻ്റെ മുമ്പിൽവച്ചുനിൻ്റെ കവിളിന്മേൽ
മന്നിലേക്ക നീചപാപിയടിച്ചോ പുത്ര!
പിന്നെന്യായം വിധിപ്പിപ്പാൻചെന്നു കയ്യേപ്പാടെമുമ്പിൽ
നിന്ദചെയ്തു നിന്നെനീചർ വധിച്ചോ പുത്ര!
സർവരേയും വിധിക്കുന്ന സർവസൃഷ്ടിസ്ഥിതിനാഥാ
സർവനീചനവൻ നിന്നെ വിധിച്ചോ പുത്ര!

ഇതു നല്ല കവിതയാണ്. ഏതു മാനദണ്ഡം വച്ചു നോക്കിയാലും ഇതെഴുതിയ ആളിനു മഹാന്മാരായ മലയാളകവികളുടെ മദ്ധ്യത്തിൽ നിശ്ചയമായും സ്ഥാനമുണ്ട്. ഒരു വിദേശപണ്ഡിതനാണ് ഇതിൻെറ കർത്താവെന്നു അറിയാതെ വായിച്ചാൽ അങ്ങനെയൊരു ബോധം നമുക്ക് ഉണ്ടാകുമെന്നും തോന്നുന്നില്ല. പാതിരികൾ മലയാളസാഹിത്യത്തിലുള്ള സ്ഥാനം എത്ര സമുന്നതമാണെന്നു മുകളിൽ പറഞ്ഞ സംഗതികളിൽനിന്നു വ്യക്തമാണല്ലോ. ഫാദർ മററത്തിൻെറ പരിശ്രമത്തിൻെറ ഫലമായിട്ടാണ് മറന്നു, മറഞ്ഞുകിടന്ന ഈ അമൂല്യരത്നങ്ങൾ നമുക്കു തിരിച്ചുകിട്ടുന്നതു്. ഇതൊരു കളഞ്ഞുകിട്ടിയ തങ്കമായിട്ടാണു ഞാൻ കരുതുന്നതു്. ഈ തങ്കം കണ്ടെടുത്ത ഫാദർ മററത്തിനോടു കൃതജ്ഞത അറിയിക്കാനേ അവശേഷിക്കുന്നുള്ളു. വിലയേറിയ അനേകം സാഹിത്യസംഭാവനകൾകൊണ്ട് മലയാളത്തെ പോഷിപ്പിച്ചിട്ടുള്ള ഫാദർ മററത്തിന് ഇനിയും ദീർഘകാലം ഭാഷാസമാരാധനം ചെയ്യുവാനുള്ള ആരോഗ്യവും ഭാഗ്യവും ജഗന്നിയന്താവ് പ്രദാനം ചെയ്യട്ടെ!

തിരുവനന്തപുരം
1-10-'57.

ശൂരനാട്ടു കുഞ്ഞൻപിള്ള

P. S. അവതാരികാകർത്താവിനോടുള്ള എൻെറ കൃതജ്ഞത അവാച്യമാണ്.

ഗ്രന്ഥകർത്താ.

# മുഖവുര

അർണ്ണോസ്പാദ്രിയെപ്പററി കുറെക്കാലം മുൻപ് ഞാനെഴുതിയ ഒരു ലേഖനമാണ് ഈ ചെറുഗ്രന്ഥത്തിന്റെ ഉല്പത്തിസ്ഥാനം. പാദ്രി കേരളീയരുടെ ഹൃദയത്തിൽ കുടികൊണ്ടുതുടങ്ങീട്ട് കാലം കുറെ ആയി. അദ്ദേഹത്തിന്റെ കൃതികൾ കേരളീയരെ, വിശേഷിച്ചും ക്രിസ്ത്യാനികളെ, ഏറിയോരുകാലമായി സന്തോഷിപ്പിച്ചുവരുന്നു. ഗ്രന്ഥം പകർത്തിവന്നിരുന്ന അക്കാലത്ത് ഇദ്ദേഹത്തിൻെറ കൃതികളിലും ലേഖകപ്രമാദങ്ങൾ ധാരാളം കടന്നുകൂടീട്ടുണ്ട്. എഴുത്തച്ഛൻെറ കാലത്തോടടുത്ത് ജീവിച്ചിരുന്ന പാദ്രിയുടെ ഭാഷാരീതിക്ക് ചരിത്രദൃഷ്ട്യാ വലുതായ പ്രാധാന്യം ഉണ്ട്. പഴയതും പുതിയതുമായ രീതികളെ ഘടിപ്പിച്ച് സാധാരണക്കാരൻെറ ഭാഷയിൽ ഗ്രന്ഥം രചിക്കയാണ് അദ്ദേഹം ചെയ്തത്. ആധുനികമലയാളത്തിൻെറ പിതാവ് എഴുത്തച്ഛനാണെങ്കിൽ അദ്ദേഹത്തിൻെറ അടുത്ത അനന്തരഗാമിയായി പാദ്രിയെ പരിഗണിക്കാം.

പാദ്രിയുടെ കൃതികളിൽ ഏററവും പ്രചാരം സിദ്ധിച്ചിട്ടുള്ള ഒന്നാണ് 'പുത്തൻപാന'. ഈ ഗ്രന്ഥം ആദ്യമായി അച്ചടിപ്പിച്ചത് 1844-ൽ കോട്ടയം ചർച്ച് മിഷൻപ്രസ്സിലായിരുന്നു. പിന്നീട് വിദ്വാൻ ഇഗ്നേസ് അന്തോനി പ്രണാന്തീസ്, വരാപ്പുഴ മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി ഈ ഗ്രന്ഥം വീണ്ടും അച്ചടിപ്പിച്ചു അതിനുശേഷം ഇതു പലരും അച്ചടിപ്പിക്കയും ഇതി

ന്ന സാർവ്വത്രികമായ പ്രചാരം സിദ്ധിക്കയും ചെയ്തു. തന്മൂലമുണ്ടായ സ്ഖലിതങ്ങളെ പരിഹരിച്ച് ബ്ലൂയിസ് പാദ്രി ഈ കൃതി വരാപ്പുഴെ 1889-ൽ അച്ചടിപ്പിക്കയുണ്ടായി. എന്നിട്ടും അതിലുണ്ടായിരുന്ന തെററുകൾ അനവധിയായിരുന്നു ആയിടെയ്ക്കാണ് ഇതു വീണ്ടും പരിഷ്ക്കരിച്ച് ശുദ്ധപാഠങ്ങൾ സ്വീകരിച്ച് അച്ചടിക്കേണ്ടതാണെന്ന് ഒരഭ്യർത്ഥന സർവ്വത്രമിത്രം, കേരളമിത്രം എന്നീ പത്രങ്ങളിൽ പുറത്തുവന്നത്. അങ്ങനെയിരിക്കെ ടി. ജെ. പൈലി അതിപരിശ്രമം ചെയ്ത് ഈ ഗ്രന്ഥത്തെ പരിഷ്ക്കരിക്കയുണ്ടായി. ഈ വിഷയത്തിൽ മഹാകവി കെ. സി. കേശവപിള്ളയുടെ സഹായവും ഉണ്ടായതായി അദ്ദേഹം 1896 ജൂലായ് 16-ാംനു- പ്രസിദ്ധംചെയ്ത ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു അതിങ്ങനെയാണ്:

"പരോപകാരപ്രദമായ ഈ വേലയിൽ സംസ്കൃത വിദ്വാന്മാരിൽ ഒരു പ്രസിദ്ധനും ആധുനികകവികളിൽ അദ്വിതീയനുമായ പരവൂർ കെ സി. കേശവപിള്ള അവർകളുടെ സൌജന്യശീലത്തോടുകൂടിയ സഹായവും എനിക്കുണ്ടായിട്ടുണ്ടെന്ന് കൃതജ്ഞതാപൂർവ്വം ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ."

ഗ്രന്ഥം വായിച്ചുനോക്കിയതിലും മഹാകവിയുടെ തൂലിക പലെടത്തും പ്രവർത്തിച്ചിട്ടുള്ളതായി കാണാം. ഭാഷാവൃത്തങ്ങൾക്ക് സംഗീതഭംഗി അത്യന്താപേക്ഷിതമാണല്ലോ. കെ. സി.യുടെ തൂലിക അതു വരുത്തുന്നതിന് ചില ഉരച്ചുമിനുക്കുകൾ നടത്തീട്ടുണ്ട്.

എന്നാൽ ഈ പതിപ്പിൽ മററു പതിപ്പുകളിൽനിന്നും വ്യത്യസ്തമായി ചില വരികൾ ചേർത്തുകാണുന്നു.

"ചിലഭാഗങ്ങളിൽ കഥാസംബന്ധമായ അപൂർണ്ണതകളെ പരിഹരിക്കാൻതക്കവണ്ണം ഇതിൻെറ മൂലമായ വിശുദ്ധ വേദാഗമത്തെ അനുസരിച്ച് ചില പദ്യങ്ങൾ (?) വിശേഷാൽ കൂട്ടിച്ചേർക്കയും ചെയ്തിട്ടു"ണ്ടെന്ന് ശ്രീ: പൈലി പറയുന്നു ഇവയെ തള്ളാനൊ കൊള്ളാനൊ നമുക്കു സ്വാതന്ത്ര്യമുണ്ടല്ലൊ.

ഞാൻ മൂന്നുപതിപ്പുകൾ പരിശോധിച്ചതിൽ സാമാന്യമായി അവയെല്ലാംയോജിക്കുന്നതായിത്തന്നെകാണുന്നു. എഴുത്തച്ഛൻെറ കാലത്തിൽനിന്നും അധികം വിദൂരമല്ലാത്ത കൃതിയെന്ന നിലയിലാണല്ലൊ ഭാഷാശാസ്ത്രജ്ഞന്മാർ ഇതിനു പ്രാധാന്യം കല്പിക്കുന്നത്. പില്ക്കാലത്ത് പ്രചാരലുപ്തങ്ങളായ പല പ്രയോഗവിശേഷങ്ങളും, ലെക്സിക്കണിൽ സ്ഥലംപിടിക്കേണ്ട ആ പഴയ 'പ്രതിനിധി' കളും ഇതിൽകാണാം. അവയെ തിരുത്താനൊരുങ്ങുന്നത് ഭാഷയ്ക്കു് ഒരുനഷ്ടമായിപരിണമിക്കും. അതിനാൽഅക്കാലത്തെ ഭാഷയെപ്പററി, കേരളത്തിൻെറ നാനാഭാഗങ്ങളിൽ പ്രചരിച്ചിരുന്ന ഭാഷാരീതികളെപ്പററി, സൂക്ഷ്മജ്ഞാനം സമ്പാദിച്ചവർ ഈ കൃതിയുടെ കിട്ടുന്നിടത്തോളം പതിപ്പുകൾ ശേഖരിച്ച് വീണ്ടും താരതമ്യപഠനം ചെയ്യുന്നതു നന്നായിരിക്കും. പുത്തൻപാനയിൽ ഓരോ പാദത്തിൽ നിന്നും 30 ഈരടികൾവീതം ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.

പാദ്രിയുടെ മററുകൃതികൾ, ജീവചരിത്രം ഇവയെപ്പററിയും കിട്ടിയിടത്തോളം രേഖകൾ വച്ചുകൊണ്ടാണ് ഞാൻ ഈ ഗ്രന്ഥം നിർമ്മിച്ചിട്ടുള്ളത്. പുത്തൻപാന

പോലെയുള്ള കുഴപ്പം ഇതരകൃതികളിൽ കാണുന്നില്ല. അവ പൊതുവേ പരിശോധിക്കുമ്പോൾ അർണോസ്പാദ്രി കേരളീയരുടെ ഒരു അമൂല്യനിധിയാണെന്ന് അനുവാചകന്മാർക്ക് എളുപ്പത്തിൽ മനസ്സിലാക്കാം. പാദ്രിയുടെ സാംസ്കൃതകൃതികൾ പാശ്ചാത്യലോകത്തെ ആ വിശിഷ്ടഭാഷയിലേയ്ക്ക് ആകർഷിക്കുന്നതിന് അക്കാലത്തുതന്നെ വളരെ പ്രേരകശക്തി ചെലുത്തീട്ടുണ്ടെന്ന് മാക്സ് മുള്ളർ തുടങ്ങിയുള്ള പണ്ഡിതരത്നങ്ങളുടെ അഭിപ്രായത്തിൽനിന്നും വ്യക്തമാകുന്നു. ഗഹനവിഷയങ്ങൾ ലളിതഭാഷയിൽ പറവാൻ പാദ്രിക്ക് അനിതരസാധാരണമായ സാമർത്ഥ്യമുണ്ട്. നോക്കുക:-

"വേല കഴിഞ്ഞങ്ങു കൂലിമേടിക്കുന്ന
പോലെ മരണസമയമല്ലോ"

എഴുത്തച്ഛൻെറയും ചെറുശ്ശേരിയുടെയും പൂന്താനത്തിൻെറയും ശൈലീഭംഗി പാദ്രിയുടെ കൃതികളിൽ അങ്ങിങ്ങായി കാണാവുന്നതാണ്. അദ്ദേഹത്തിൻെറ കൃതികളോടുള്ള പക്ഷപാതംകൊണ്ടും ഭാഷാചരിത്രത്തിൽ അവയ്ക്കുള്ള അപ്രമേയമായ പ്രാധാന്യംകൊണ്ടും അവയിൽനിന്നും ഈ കൃതിയിൽ ഞാൻ ധാരാളമായി ഉദ്ധരിച്ചിട്ടുണ്ട്. പാദ്രിയുടെ കൃതികളെല്ലാംതന്നെ കഴിയുന്നത്ര ശുദ്ധമായ പാഠങ്ങളോടുകൂടി അച്ചടിപ്പിക്കണമെന്നും ആഗ്രഹമുണ്ട്. അതും അചിരേണ സാധിച്ചുകൊള്ളാം.

കുറവിലങ്ങാട്
ആഗസ്റ്റ് 1957 ഗ്രന്ഥകർത്താ

# അർണ്ണോസ് പാദ്രി

## 1681—1732

### ചരിത്രസംഗ്രഹം

പ്രസിദ്ധമായ വേലൂർപള്ളിക്കു സമീപം നാം ഇന്നും കണ്ടുവരുന്ന വിചിത്രഗോപുരം. അതിന്റെ കിഴക്കുവശത്തുള്ള തട്ടിൻപലകയിൽ ഒരാൾ ആലോചനയിൽ മുഴുകിയിരിക്കുന്നു. സമീപത്തിൽ അനവധി താളിയോലഗ്രന്ഥങ്ങൾ കിടപ്പുണ്ട്. അവയിൽ പലഭാഗങ്ങളും അടയാളം വച്ചിരിക്കുന്നു. സംസ്കൃതത്തിലും മലയാളത്തിലുമുള്ള ഗ്രന്ഥങ്ങളാണവ. എഴുത്തച്ഛൻ, ചെറുശ്ശേരി തുടങ്ങിയുള്ളവർ അവയിൽകൂടി മന്ദഹാസം ചെയ്യുന്നു. ഗ്രന്ഥങ്ങൾ ഓരോന്നായി എടുത്തും മറിച്ചുനോക്കിയും ചില ഭാഗങ്ങൾ നോട്ടുചെയ്തും ചിന്തിച്ചും സമയം കഴിക്കുകയാണ് ഗൃഹനായകൻ. ഹിന്ദുക്കൾക്കാകട്ടെ പണ്ഡിതപാമരഭേദമെന്യേ വായിക്കുന്നതിനും പഠിക്കുന്നതിനും പുരാണസംബന്ധികളായ അനവധി ഗ്രന്ഥങ്ങളുണ്ട്. ക്രിസ്ത്യാനികൾക്കോ യാതൊന്നുമില്ല. ഇതാണ് അദ്ദേഹത്തിന്റെ മനസ്സിനെ ക്ലേശിപ്പിക്കുന്നത്. 'ശരി, എന്നാൽ ആകുന്നതു ഞാൻ ശ്രമിക്കാം' എന്നുള്ള ദൃഢനിശ്ചയത്തോടുകൂടി ആ ദീർഘകാ

യൻ നാരായം കൈയിലെടുക്കുന്നു. പുതിയ താളിയോലയിൽ എഴുത്തും ആരംഭിക്കുന്നു.

"ആദം ചെയ്ത പിഴയാലേ വന്നതും
ഖേദനാശവും രക്ഷയുണ്ടായതും
ശിക്ഷയാംവണ്ണം ചൊല്ലുന്നു സത്വരം
സൂക്ഷ്മമാംവണ്ണം കേൾക്കണമേവരും"

സൃഷ്ടിമുതലുള്ള വേദകഥ പാനയിൽ വർണ്ണിക്കാനാണ് ഈ മഹാൻെറ സമാരംഭം.

അതാ വരുന്നു ഒരു നമ്പൂരി. മുഖത്തു് ഫലിതരസം വഴിഞ്ഞൊഴുകുന്നു. ഗൃഹനാഥൻ നാരായം താഴത്തുവച്ചിട്ട് സപ്രശ്രയം എഴുന്നേററ് അതിഥിയെ സൽക്കരിക്കാനൊരുങ്ങി. ഈ 'വെള്ളക്കാരൻ ധര'യുടെ സാഹിത്യപാടവാസക്തി കണ്ടിട്ട് നമ്പൂരിക്ക് അസൂയാബുദ്ധിയാണുണ്ടായതു്. അദ്ദേഹം കുശലപ്രശ്നം കൂടാതെ സംബോധന ചെയ്തു:—"ഹേ, ഗണപതിവാഹനരിപുനയനാ സലാം!"

ഉത്തരക്ഷണത്തിൽ വെള്ളക്കാരൻ ധര:—"ഹേ, ദശരഥനന്ദനദൂതമുഖാ സലാം" എന്നു പറകയുണ്ടായി.

ഇളമന നമ്പൂരി ഇളിഭ്യനായി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

നാം കണ്ട ഈ മഹാനാണ് പ്രസിദ്ധനായ അർണോസ് പാദ്രി.

സംസ്കൃതസാഹിത്യം പാശ്ചാത്യക്രിസ്ത്യാനികളോടു വളരെ കടപ്പെട്ടിട്ടുണ്ട്. അവരിൽ പ്രമുഖന്മാരാണ് ഡി. നൊബിലി, ഫാദർ പ്രെൻസാ, ഹിയൻറിഷ്, ആർച്ചു ബിഷപ്പ് പീമെൻറൽ, ഫാദർ സ്റ്റീഫൻസ്, ഫാദർ

ക്ലെമൻറ്, ഫാദർ കാൽമെററ്, ഫാദർ ഗാസ്റ്റൺ സേർസ്സ, മൈക്കൾ ഫ്റഡെറിക്ക്, പോൺഷലഗൽ വില്യം ജോൺസ്, മാക്സ്മുള്ളർ, ആൻക്വെററിൽഡ്, പീറോൺ ഹിമൽട്ടൺ, ഫാദർ പൗളീനോസ്, കോംബ്രൂക്ക്, കാർഡ്വെൽ, ജാൺഫിലിപ്പ്, വെസ്ഡിൻലീത്താ തുടങ്ങിയുള്ളവർ. സംസ്കൃതം മാത്രമല്ല മലയാളവും, തമിഴും, കന്നടവും, കൊങ്കണിയും പാശ്ചാത്യക്രിസ്തീയമിഷ്യനറിമാരോട്ട ള്ളണബദ്ധങ്ങളാണ്. പക്ഷെ തൽക്കാലം കൈരളിയുടെ കടപ്പാടിനെപ്പററി മാത്രമേ ഇവിടെ പ്രതിപാദിക്കുന്നുള്ളു. ആ കടപ്പാടിലെ ഒരു പ്രമുഖകവിയാണ് അർണോസ്പാദ്രി. ഇദ്ദേഹത്തിൻെറ സാക്ഷാൽ പേര് ജോൺ എർണസ്റ്റ് ഹാൻക്സേൽഡൽ എന്നാണ്. എർണസ്റ്റ് ആണ് അർണോസ്. 'ബെസ്കി' "വീരമാമുനി"യും, 'ഡി. നോബിലി' 'തത്വബോധക'നം ആകാമെങ്കിൽ, എർണസ്റ്റ് അർണോസാകാൻ പ്രയാസമില്ലതാനം.

അച്ചനാർ എന്നൊരു പദം ആദ്യമായി ഞാൻ കേട്ടത് തൃശ്ശൂരിൽനിന്നും 12 മൈൽ വടക്കുമാറി സ്ഥിതിചെയ്യുന്ന വേലൂരിൽവച്ചാണ്. അവിടം 1949 നവമ്പർ 11-ാം തീയതി ഞാൻ സന്ദർശിച്ചു. വേലൂർ പള്ളിയും മുറിയും പണിയിച്ചതു പാദ്രിയാണ്. അദ്ദേഹം അവിടെ താമസിക്കയും ചെയ്തിട്ടുണ്ട്. വേലൂരിടവക തൃശ്ശൂർരൂപതയിലെ ഒൻപതുഫൊറോനകളിൽ ഒന്നാണ്. ദേവാലയസ്ഥാപകൻെറ ആത്മശാന്തിക്കായി പ്രതിവർഷം അവിടെ ഒരു പാട്ടുകുർബാന നടന്നുവരുന്നുണ്ട്. സങ്കീർത്തിമുറിയുടെ ഭിത്തിയിൽ കാണുന്ന ശിലാലിഖിതമിങ്ങനെ വായിക്കാം.

"1736 ധനു ഒന്നാംതീയതി ഈ പള്ളിസ്ഥാപകൻ ബഃ അർണ്ണോസ്പാദ്രിയച്ചൻ (മരിച്ചു) പള്ളിവക ദാനം ഒരു പാട്ടുകുർബാന"

ഇദ്ദേഹം ഹംഗറിസ്വദേശിയാണെന്ന് അബദ്ധമായി ആദ്യം പൗളീനോസ്പാദ്രി എഴുതി. ആ അബദ്ധം ഫാദർ കാസ്റ്റസ് എസ്. ജെ. ആവർത്തിച്ചു. അതിനെ അനുകരിച്ച് നാഗമയ്യായും, ഡാഃ പി. ജെ. തോമസ്സും, എന്നാണ് ഫാദർ ഫെറോളിയുടെ Jesuits in Malabar രണ്ടാംവാല്യത്തിൽ കാണുന്നത്.

എർണസ്റ്റ് ഹാൻക്സേൽഡൻ 1681-ൽ ഓസ്നാബ്രൂക്കിനു സമീപമുള്ള ഓസ്റ്റാൻകാപ്പേലിൽ ജനിച്ചു. ഗോവാക്കാരുടെ അഭിപ്രായം 1680-ൽ ജനിച്ചു എന്നാണ്. എർണസ്റ്റിനു പതിനെട്ടുവയസ്സായപ്പോൾ ഓസ്നാബ്രൂക്ക്സെമ്മിനാരിയിൽവച്ച് ഫാദർ വെബ്ബറുമായി കണ്ടുമുട്ടി. അവിടെവച്ച് ഇൻഡ്യയിലേക്കു വരുവാൻ സമ്മതിക്കയും ചെയ്തു 1699 ഒക്ടോബർ മൂന്നാംതീയതി, ഫാദർ വെബ്ബർ, ഫാദർ മേയർ, ഫാദർ ഷില്ലിംഗർ എന്നിവരോടുകൂടി എർണസ്റ്റ് ഓഗ്സ്ബർഗ്ഗിൽനിന്ന് ഇന്ത്യയിലേക്കു പുറപ്പെട്ടു. അവർ ഇൻസ്ബർഗ്ഗ്, ട്രെൻറ്, വെനിസ് ഫെറാറാ, ബോളോഞ്ഞാ, ഫ്ളോറിൻസ് ഈ പട്ടണങ്ങൾ കടന്ന് നവംബർ മൂന്നാംതീയതി ലിവോർണായിൽ എത്തി. അവർ അവിടെനിന്ന് ഒരു ഫ്രെഞ്ച് കച്ചവടക്കപ്പലിൽ യാത്ര തുടന്നു.

കപ്പലിലെ ക്യാപ്റ്ററൻ അവരെ സിറിയായിലെ അലക്സാൻഡ്രെററാ (Alexandretta) യിൽ ഇറക്കാമെന്നു സമ്മതിച്ചു. മിഷ്യനറിമാരുടെ ഭക്ഷണത്തിനു ഒരു ആട്ടം

48 കോഴികളുമുണ്ടായിരുന്നു. ഇവയെ തീററേണ്ട ചുമതല എർണസ്റ്റിനായിരുന്നു. അവർ, മാൾട്ടാ, സെലീനാ, സൈപ്രസ് ഇവിടം വഴി ഡിസംബർ 15-ാം തീയതി അലക്സാൻഡ്ററായിൽ വന്നുചേർന്നു ഈ യാത്രാമദ്ധ്യേ 1699 നവംബർ 13-ാം തീയതി എർണസ്റ്റിനെ ഈശോസഭാംഗമായി തിരഞ്ഞെടുത്തു. എർണസ്റ്റിൻെറ ഭക്തിയും വിനയവും ബുദ്ധികൂർമ്മയും സഹയാത്രക്കാരെ ആകർഷിച്ചിരുന്നു. എർണസ്റ്റ് സൈപ്രസിൽ വച്ചാണ് ഈശോസഭാംഗമായതെന്നു പറയുന്നവരുമുണ്ട്. അക്കാലങ്ങളിൽ മഹമ്മദീയകടൽക്കള്ളന്മാർ മെഡിററേനിയൻ കടലിൽ ധാരാളമുണ്ടായിരുന്നു. അതിനാൽ വളരെ ഭയന്നാണ് എർണസ്ററും കൂട്ടരും യാത്രചെയ്തിരുന്നത്.

അലക്സാൻഡ്ററായിൽനിന്ന് കരമാർഗ്ഗം 10 മാസംകൊണ്ട് ബണ്ടർ അബ്ബാസ് (Bunder Abbas) എന്ന സ്ഥലത്ത് എത്തിച്ചേർന്നു. ഒട്ടകയാത്ര കുന്നും മലകളുംകടന്നും വളരെ സാവധാനത്തിലുമാണല്ലോ. കടലിലെപ്പോലെതന്നെ കരയ്ക്കും കള്ളന്മാർധാരാളം ഉണ്ടായിരുന്നു. കോർസാ എന്ന സ്ഥലത്തുവച്ച് ഒരു പരിശോധനയുണ്ടായി എർണസ്ററും ഷില്ലിംഗറും അടിമകളാണെന്നും അവർ അവരുടെ യജമാനന്മാരെ ഒളിച്ചു പോന്നതാണെന്നും പറഞ്ഞു് പട്ടാളക്കാർ അവരെ അറസ്ററുചെയ്തു. അവരെ പരിശോധനാർത്ഥം ഗവർണ്ണരുടെ മുമ്പാകെ പട്ടാളക്കാർ കൊണ്ടുപോയി.

ഷില്ലിംഗർ ഈ എർണസ്ററിനെപ്പററി ഇങ്ങനെ എഴുതുന്നു: "ഞങ്ങളുടെ സുപ്പീരിയറായ ഫാ: വെബ്ബർ

പലതരത്തിലും, പല ഭാഷയിലും പറഞ്ഞുനോക്കി. ഞങ്ങൾ ഭയന്നു വിറച്ചു. ഞങ്ങളെ കൊണ്ടുപോന്ന കാരവാൻസംഘത്തിന്റെ നായകൻ ഞങ്ങൾക്കുവേണ്ടി ബലമായി വാദിച്ചു. കൂടാതെ ഭീമമായ ഒരു സംഖ്യ കൈക്കൂലിയും കൊടുത്തു. വെള്ളത്തിലോ കുതിരപ്പുറത്തോ ഒട്ടകത്തിന്റെ പുറത്തോ എവിടെയായിരുന്നാലും നോവീസ്മാസ്റ്ററായ ഫാദർ വില്യം ഞങ്ങളെ പഠിപ്പിച്ചുകൊണ്ടിരുന്നു. മാർഗ്ഗമദ്ധ്യേ എർണസ്ററ് പാറക്കെട്ടിൽ മുട്ടുകുത്തി പ്രാർത്ഥിക്കുകയും കൊന്ത എത്തിക്കയും ചെയ്യുന്നതായി ഞാൻ കണ്ടിട്ടുണ്ട്."

എർണസ്ററ് തുർക്കിമട്ടിലുള്ള വസ്ത്രധാരണമാണു ചെയ്തിരുന്നത്. അവിടെനിന്നു രക്ഷപെട്ടതിനുശേഷം ജെസ്യൂട്ടരുടെ വേഷം അണിഞ്ഞു. ബണ്ടർ അബ്ബാസിൽനിന്ന് സൂററിലെത്തുന്നതിന് അഞ്ചാഴ്ചയും അഞ്ചുദിവസവും വേണ്ടിവന്നു. പക്ഷെ പുറപ്പെട്ടുകഴിഞ്ഞ് അഞ്ചാറുദിവസങ്ങൾക്കുശേഷം ഫാദർ വെബ്ബറും ഫാദർ മേയറും ചരമഗതിയടഞ്ഞു തദനന്തരം അവരുടെ സാമാനങ്ങൾ എർണസ്ററിന്റെ ചാർജ്ജിലായി. പക്ഷെ കോഴിക്കോട്ടുസാമൂതിരിപ്പാട്ടിലേക്കു സമ്മാനം കൊടുക്കുവാൻ കൊണ്ടുവന്ന ഒരു വാച്ച് കപ്പിത്താൻ തട്ടിയെടുത്തു. ബാക്കി സാമാനങ്ങളോടുകൂടി 1700 ഡിസംബർ 13-ാംതീയതി സൂററിലും 1701 ആരംഭത്തിൽ ഗോവയിലും വന്നുചേർന്നു.

ഈ സ്ഥിതിക്ക് 1705-ലാണ് എർണസററ് ഇൻഡ്യയിൽ വന്നിട്ടുള്ളത് എന്ന ഫാ: കാസ്ററസിന്റെ അഭിപ്രായം തെററാണെന്നു വിചാരിക്കാം. ഗോവായിൽനി

ന്ന് ഉടനേതന്നെ അമ്പഴക്കാട്ടു ചെന്നുചേരുകയും അവിടെവച്ച് കത്താപട്ടം സ്വീകരിക്കുകയും ചെയ്തു. അമ്പഴക്കാട്ട് അന്നുണ്ടായിരുന്ന ഈശോസഭാശ്രമത്തിൽ താമസമാക്കി. എത്രനാളെന്നു നിശ്ചയമില്ല. തദനന്തരം എർണസ്റ്റ് മലങ്കരയിൽ സുവിശേഷവേലയിൽ ഏർപ്പെട്ടു. ഇപ്പോഠം തലപ്പള്ളിതാലൂക്കിൽ വേലൂർ ഫൊറോനാപ്പള്ളിയുടെ വകയും പടിഞ്ഞാറു സ്ഥിതിചെയ്യുന്ന പഴയങ്ങാടി എന്ന് അറിയപ്പെടുന്നതുമായ സ്ഥലത്ത് പാദ്രി എത്തീട്ടുണ്ടെന്നുള്ളതു നിസ്സംശയമാണ്. അവിടെ അന്നു മററംപള്ളി ഇടവകക്കാരായി 18 സുറിയാനികുടുംബക്കാരാണുണ്ടായിരുന്നതു്. അടുത്തെങ്ങും മററു പള്ളികളുണ്ടായിരുന്നില്ല. പാദ്രി പുത്തൻചിറയിൽനിന്നാണു പഴയങ്ങാടിയിലെത്തിയതു്. പുത്തൻചിറയിൽനിന്നു പുറപ്പെടുവാനുണ്ടായ കാരണത്തെപ്പററി ഒരു കഥയുണ്ട്.

പാദ്രിക്കു പുത്തൻചിറയിലെ ആഹാരം തീരെ പിടിച്ചില്ല. തന്മൂലം ഏതോ പൊറു ഛാവ്യാധി ഉദരത്തിൽ പ്രത്യക്ഷപ്പെട്ടു. പല ഭിഷഗ്വരന്മാരും നോക്കി മടുത്തു. "കരപ്പ്" മാത്രമേ ഉപശാന്തിക്കു് ഉപകരിക്കയുള്ളുവെന്നു വൈദ്യവിധിയുണ്ടായി. പുത്തൻചിറെ അന്നു കരപ്പു കിട്ടാനില്ല. വേലൂരു ധാരാളം. അങ്ങനെ വേലൂക്കു പുറപ്പെട്ടു. വെളുത്ത പാതിരി കരപ്പിനു വിധേയനായി.

വേലൂർ പള്ളിയിരിക്കുന്ന സ്ഥലം അന്നു കാടുപിടിച്ചുകിടന്നിരുന്നു. വസ്തുക്കഠം ക്ഷേത്രംവകയായിരുന്നതുകൊണ്ടു് ജന്മം കിട്ടുക സാദ്ധ്യമായിരുന്നില്ല. അതിനാൽ പഴയങ്ങാടിയിൽ എത്തി. അവിടെ വെള്ളപ്പരമ്പുകൊണ്ടു മറച്ചു് പന്തലിട്ടു് അതിനകത്തു കുർബാന ചൊല്ലി. ആറു

മാസത്തോളം അവിടെ കഴിച്ചു. പുത്തൻചിറയിൽനിന്നു പുറപ്പെട്ടപ്പോൾ അദ്ദേഹത്തിനു നാട്ടുഭാഷകളൊന്നും വശമായിരുന്നില്ല എന്നു വേലൂക്കാരായ രണ്ടുപേർ പറയുകയുണ്ടായി. പക്ഷെ ഇത്രയുംനാൾ പാതിരി മലയാളം പഠിക്കാതെ പുത്തൻചിറയിലും മററും താമസിച്ചുവെന്നുവരുന്നതല്ലല്ലൊ. ഓരോ സാധനവും തൊട്ടുകാണിക്കും, അപ്പോൾ പേരു പറഞ്ഞുകേൾക്കും. അങ്ങനെയാണ് അദ്ദേഹം മലയാളഭാഷ പഠിച്ചത്.

പഴയങ്ങാടിയിലെ താമസത്തിനിടയ്ക്കാണ് പാദ്രി മലയാളവും സംസ്കൃതവും ശരിയായി പഠിച്ചതെന്നാണു കാണുന്നത്. വേലൂർദേശീയനായ അത്രക്കാരെ ഇളയതാണത്രെ പാദ്രിയെ സംസ്കൃതം പഠിപ്പിച്ചത്. ശിഷ്യൻ ഗുരുവിൻെറ വിദ്യ മുഴുവൻ പഠിച്ചുകഴിഞ്ഞു സർവ്വശാസ്ത്രവിശാരദനായ പാദ്രി ഗുരുവിനേക്കാൾ പാണ്ഡിത്യമുള്ളവനായിരുന്നുവെന്നു് അനക്കതസിദ്ധമാണല്ലൊ. പിന്നീട് പാദ്രി മതവിഷയത്തിലുള്ള വാഗ്വാദത്തിലേർപ്പെട്ടു ഇതു് ഇളയതിനിഷ്ടപ്പെട്ടില്ല ഏതോ തർക്കത്തിൽ ഇളയതു് മദ്ധ്യാനായപ്പോൾ "'പാതിരി' വില്ലിനു ബഹുവിശേഷമാണ്" എന്നു പറഞ്ഞു

"ഇളയതായാൽ അത്യുത്തമം" എന്നു പാദ്രി പറഞ്ഞപ്പോൾ ഇളയതു് ഇളിഭ്യനായത്രെ.

പഴയങ്ങാടിയിലെ മണ്ണു മോശമായതിനാൽ പാദ്രി അവിടെനിന്ന് ഒരു മൈൽ തെക്കുകിഴക്കുമാറി വേലൂർപള്ളിയിരിക്കുന്ന "ത്രുമംകോടെ"ന്നു പറയുന്ന വെങ്ങലശേരിക്കുന്നു പരിശോധിച്ചുനോക്കി. പാദ്രി കുന്നിൽ കുഴിച്ച

ശേഷം കുഴിയിൽനിന്നും എടുത്ത മണ്ണ് വീണ്ടും കുഴിയിലിട്ടു നോക്കിയപ്പോൾ കുഴി നികന്നു് മണ്ണു ബാക്കിവന്നു. ആ കുന്നിന്റെ ഉടമസ്ഥൻ പെരുവഴിക്കാട്ട് നായർ കുടുംബനാഥനായിരുന്നു. ആ സ്ഥലം പാദ്രി ജന്മം വാങ്ങി അതിലൊരു ചെറിയ കെട്ടിടംവച്ചു.

പന്ത്രണ്ടു മുഴംകോൽ താഴ്ത്തി ആദ്യം ഒരു കിണറുകുഴിച്ചു. അടിയിൽ നെല്ലിപ്പലകയിട്ട്, അടിമുതൽ കല്ലുകൊണ്ടു കെട്ടിപ്പൊക്കി കിണററിലെ വെള്ളം വേനൽക്കാലത്തും വററുകയില്ല. വെള്ളത്തിനു നല്ല തണുപ്പും സ്വാദുമുണ്ട്. കുടിച്ചും കുളിച്ചും അതു ഞാനറിഞ്ഞതാണ്. പാദ്രി പിന്നീടു പണിയിച്ചതു് ഇന്നും കാണുന്നാനുള്ള ഒരു വിചിത്രഗോപുരമാണ്. പള്ളിയുടെ പടിഞ്ഞാറെ വാതുക്കൽനിന്ന് 113 അടി പടിഞ്ഞാറുമാറി ചതുരാകൃതിയിലുള്ള ഒരു രണ്ടുനിലക്കെട്ടിടമാണതു്. ഹൈന്ദവക്ഷേത്രപരിസരങ്ങളിൽ കാണാറുള്ള നടപ്പാവുപോലിരിക്കുന്ന കാഴ്ചയിൽ. ഗോപുരത്തിനു കിഴക്കോട്ടും പടിഞ്ഞാറോട്ടും ദർശനമുഖങ്ങളുണ്ട്.

വൃത്താകൃതിയിൽ കരിങ്കൽകൊണ്ട് 9 നടകളും വരാന്തയിൽ നിൽക്കുന്ന അഞ്ചു വെട്ടുകൽതൂണുകളും ഉൾഭിത്തികളും രണ്ടാംനിലയെ താങ്ങിനിർത്തുന്നു. രണ്ടാംനിലയിൽ തെക്കുപടിഞ്ഞാറെമൂലയിൽ ഒരു കട്ടിൽ ക്രാസിയിൽ പൊഴുതുണ്ടാക്കി ഉറപ്പിച്ചിട്ട് പാദ്രി അതിലാണു കിടക്കുക. കിഴക്കുവശത്തെ തട്ടിൻപലകയിൽ ഒരു ചതുരംഗക്കളവും വരച്ചുണ്ടാക്കിട്ടുണ്ട്. ഈ ഗോപുരത്തിൽ താമസിച്ചുകൊണ്ടാണ് പാദ്രി ഇന്നുകാണുന്ന പള്ളി പണിയിച്ചതു്.

അക്കാലത്തു് നമ്പൂതിരിമാരും നായന്മാരും സംസ്കൃതത്തിലും ചതുരംഗക്കളിയിലും നിഷ്ണാതന്മാരായിരുന്നു. അർണ്ണോസ്പാദ്രി രണ്ടിലും പാണ്ഡിത്യം സമ്പാദിച്ചതു് അവരുമായുള്ള സംസർഗ്ഗഫലമായിട്ടായിരിക്കാം.

അതിപുരാതനമായ ഒരു ശാസ്ത്രീയവിനോദമാണല്ലോ ചതുരംഗക്കളി. കോലത്തുനാട്ടിലെ രാജാവും പൂന്തനമ്പൂതിരിയുമായുള്ള ചതുരംഗക്കളിയും കൃഷ്ണഗാഥാകൃതിയുടെ ഉത്ഭവവും പ്രസിദ്ധമാണല്ലോ. അതിപുരാതനമായ വൈക്കം, തൃപ്പൂണിത്തുറ ക്ഷേത്രങ്ങളിലേയും തിരുവാഭരണങ്ങൾ മോഷ്ടിക്കുവാനൊരുങ്ങിയ കള്ളന്മാരെ ക്ഷേത്രപരിസരങ്ങളിൽ ചതുരംഗംകളിച്ചുകൊണ്ടിരുന്നവർ ഓടിച്ചതായും തന്മൂലം ക്ഷേത്രാധികാരികൾ ചതുരംഗക്കളിക്കാരെ പ്രോത്സാഹിപ്പിച്ചിരുന്നതായും ഐതിഹ്യമുണ്ടു്. ആന, കുതിര, തേരു്, കാലാൾ ഇവയാണു് ചതുരംഗങ്ങൾ. കാലാൾ എട്ടും, മററംഗങ്ങൾ ഈരണ്ടും, ഒരു മന്ത്രിയും ഒരു ദേവനും (രാജാവും) ഇങ്ങനെ 16 കരുക്കൾവീതമുള്ള രണ്ടുകക്ഷികൾ തമ്മിലാണു ചതുരംഗക്കളി. പാദ്രിയുടെ കളത്തിലെ 64 സമഖണ്ഡങ്ങളും ഇന്നും കാണാം. സമബലവാന്മാരായ രണ്ടു രാജാക്കന്മാർ തമ്മിൽ ധർമ്മയുദ്ധം ചെയ്യുകയെന്നാണു ഭാവന.

വേലൂരുനിന്നു് തൃശ്ശിവപേരൂർക്കു് വളരെ ദൂരമില്ലാതിരുന്നതിനാൽ തൃശ്ശിവപേരൂരെ സംസ്കൃതപണ്ഡിതന്മാരുമായി പാദ്രിക്കു സമ്പർക്കത്തിലേർപ്പെടുവാൻ ക്ഷിപ്രസാദ്ധ്യമായിരുന്നു. തുഞ്ചത്തു രാമാനുജനെഴുത്തച്ഛന്റെ ചില ശിഷ്യന്മാർ അർണ്ണോസിന്റെ സ്നേഹിതന്മാരായിരുന്നെന്നു പുരാവൃത്തമുണ്ടു്. അരീക്കരെ ഇളയതിനെ കൂടാതെ

അങ്കമാലിക്കാരായ കുഞ്ഞൻനമ്പൂതിരിപ്പാട്ടും കൃഷ്ണൻനമ്പൂതിരിപ്പാട്ടും ഗുരുക്കന്മാരായിട്ടുണ്ടായിരുന്നെന്ന് ഡോ: പി. ജെ. തോമസ് പ്രസ്താവിച്ചിട്ടുണ്ട്. സിദ്ധരൂപം, രാമായണം, ഭാരതം, യുധിഷ്ഠിരവിജയം തുടങ്ങിയുള്ള കൃതികൾ അദ്ദേഹം പഠിച്ചു.* അക്കാലത്ത് അർണ്ണോസുപാദ്രിയോളം പണ്ഡിതനായി ഒരു പാശ്ചാത്യനുണ്ടായിരുന്നില്ല.

Fr. Hanxeldon wrote much in the old Indian and the common native languages both in prose and poetry and composed besides grammar and dictionaries. (Fr Sehlegel's sammt lache werka Vienna 1846, Vol. 8—Page 277. Translation by Fr. Ernes S J.) പ്രായേണ ഈ ആശയംതന്നെ ഫാ: പൗലിനോസും രേഖപ്പെടുത്തിയിട്ടുണ്ട്.

വേലൂരും തൃശ്ശിവപേരൂരും ഉണ്ടായിരുന്ന പലപ്രസിദ്ധസംസ്കൃതപണ്ഡിതന്മാരും ചതുരംഗവിനോദപ്രിയന്മാരും പാദ്രിയെ സന്ദർശിച്ചുകൊണ്ടിരുന്നു. കാവ്യം, ജ്യോതിഷം, പുരാണം, വേദം, ഉപനിഷത്ത് ഇവ എല്ലാററിലും പാദ്രിക്ക് അഗാധമായ ജ്ഞാനമുണ്ടായിരുന്നതുകൊണ്ട് അദ്ദേഹത്തിൻെറ മിത്രസമ്പത്ത് വർദ്ധമാനമായിരുന്നതിൽ അത്ഭുതത്തിനു വകയില്ല. ഫലിതരസികന്മാരായ ചില ഇളമുറനമ്പൂതിരിമാർ പാദ്രിയുടെ ഫലനം ഒന്നു

* സിദ്ധരൂപത്തിൻെറ ഒരു കൈയെഴുത്തുപ്രതി പാദ്രിയുടെ ശ്രദ്ധയെ ആകർഷിച്ചു. അദ്ദേഹമതു ഹൃദിസ്ഥമാക്കി.

ത്തുക്കിനോക്കുവാനായി ഒരു ശ്രമം നടത്തി. എന്നാൽ അതി ലൊക്കെ പാദ്രി ജയിക്കയൊണുണ്ടായത്.

കിടങ്ങൂര്, നെല്പിപ്പുഴ, കപ്പനവള്ളി തുടങ്ങിയുള്ള ചില ഇല്ലക്കാരുമായി പാദ്രിക്കു പരിചയമുണ്ടായിരുന്ന ത്രെ. പാദ്രി കിടങ്ങൂർവച്ചാണു് ആദ്യമായി സംസ്കൃതം പഠിച്ചതെന്നും, ഹിന്ദുക്കളല്ലാത്തവരെ സംസ്കൃതം പഠി പ്പിക്കാൻ നിവൃത്തിയില്ലെന്നു ശഠിച്ചിരുന്ന കിടങ്ങൂർന മ്പൂതിരിമാർ, അർണ്ണോസ് പാദ്രി ഉത്തരേന്ത്യയിലെ ഏ തോ ഹിന്ദുബ്രാഹ്മണനായിരിക്കുമെന്ന ധാരണയോടുകൂടി അദ്ദേഹത്തെ സംസ്കൃതം പഠിപ്പിക്കുവാനാരംഭിച്ചുവെന്നും, അങ്ങനെ പാദ്രി ഇല്ലത്തു താമസിച്ചുവരവേ ഒരു ക്രിസ്ത്യാ നി ഞായറാഴ്ച പള്ളിയിൽപോകാതെ ആററിൽ മത്സ്യം പിടിച്ചുകൊണ്ടു നില്ക്കുന്നതുകണ്ടു് അവനെ ഉഗ്രമായി ശാ സിക്കയോ പ്രഹരിക്കയോ ഒക്കെ ചെയ്തുവെന്നും, ഇതറി ഞ്ഞ നമ്പൂതിരിമാർ പാദ്രിയെ ഇല്ലത്തുനിന്നും ബഹിഷ്ക്ക രിച്ചു എന്നുമാണു് ചിലർ പറഞ്ഞുകേട്ടിട്ടുള്ളതു്.

ഈ കഥയിൽ പരമാർത്ഥം എത്രമാത്രമുണ്ടെന്നു് അ റിഞ്ഞുകൂടെങ്കിലും സംസ്കൃതം പഠിക്കുവാൻ പാദ്രിക്കു വള രെ വിഷമമുണ്ടായി എന്നുള്ളതു തീർച്ചയാണു്. ഇന്നു് വെ ട്ടത്തുനാട്ടിൽ താമസമാക്കിയിരിക്കുന്ന അഴ്വാഞ്ചേരി ത മ്പ്രാക്കളുടെ പൂർവ്വജന്മദേശം വേലൂരായിരുന്നത്രെ. ആ ഇ ല്ലത്തിന്റെ ഇന്നത്തെ പേരു് "കടമന" എന്നാണു്. നാരങ്ങാപ്പുള്ളപ്പുകാരെന്നറിയപ്പെട്ടുന്ന നായന്മാരാണു്, ഇ ന്നവിടെ താമസിക്കുന്നതു്. അഴ്വാഞ്ചേരികളുടെ കുടി പുറപ്പാടിനുണ്ടായ കാരണത്തെപ്പററിയും ഒരു കഥ പറ ഞ്ഞുവരുന്നുണ്ടു്.

അന്നത്തെ തമ്പ്രാക്കൾ ചതുരംഗക്കളിയിൽ വിദഗ്ദ്ധനും, വലിയ ഭ്രമക്കാരനുമായിരുന്നു. ദിവസവും പാദ്രിയുമായി കളിക്കും. പാദ്രിയുടെ ചതുരംഗപാണ്ഡിത്യത്തിൽ തമ്പ്രാക്കളും തമ്പ്രാക്കളുടെ ചതുരംഗപാണ്ഡിത്യത്തിൽ പാദ്രിയും ബഹുമാനം പ്രദർശിപ്പിച്ചിരുന്നു. അങ്ങനെ അവരിരുവരും മിത്രങ്ങളായിത്തീൎന്നു. എങ്കിലും വെള്ളക്കാരൻെറ ബുദ്ധികൂൎമ്മ നാട്ടുകാരൻെറ അസൂയയ്ക്കു പാത്രമായി. പക്ഷെ അതു പുറമെ കാണിച്ചില്ല. തമ്പ്രാക്കൾ പലപ്പോഴും പാദ്രിയെ ഇല്ലത്തേയ്ക്കു ക്ഷണിക്കും. പക്ഷെ ക്ഷണം ഹൃദയംഗമമാണെന്നു പാദ്രിക്കു ബോദ്ധ്യംവന്നില്ല. ക്ഷണം സ്വീകരിക്കാഞ്ഞതിൽ തമ്പ്രാക്കൾ വല്ലായ്മ നടിക്കും. അതുകൊണ്ട് തമ്പ്രാക്കളെ ഒന്നു പററിക്കണമെന്നു പാദ്രി നിശ്ചയിച്ചു. സ്വതേ ഫലിതരസികനായ പാദ്രി തമ്പ്രാക്കൾ തൃശ്ശിവപേരൂർക്കുപോയ തക്കംനോക്കി ഇല്ലത്തെത്തി. പാദ്രിയുടെ കുതിരയെ പച്ചവില്ലീസണിയിച്ച് സ്വയം ഒരു പച്ചക്കുപ്പായവും ധരിച്ച് ശംഖ്, ദണ്ഡ്, പീലിക്കെട്ട് തുടങ്ങിയുള്ള സകല സാമഗ്രികളോടുംകൂടി ഒരു സ്വാമിയാരുടെ വേഷത്തിൽ പുറപ്പെട്ടു.

അങ്കണത്തിൽ എത്തിയപ്പോൾ "അകത്തുള്ളവർ" മുറപ്രകാരം കിണ്ടിയും വെള്ളവുമായി ഉമ്മറത്തുവന്ന് സ്വാമിയാരെ യഥാക്രമം സ്വീകരിച്ചു.

സ്വാമിയാർ:-നമ്പൂതിരിയെവിടെ?

അകത്തുള്ളവർ:-തൃശ്ശിവപേരൂർക്കു പോയി.

സ്വാമിയാർ:-മടങ്ങുമ്പോൾ ഞാൻ വന്ന് അന്വേഷിച്ചു എന്നു പറയുക!

ഇത്രയും കഴിഞ്ഞു് പാദ്രി പള്ളിയിലേക്കു മടങ്ങി. നമ്പൂതിരി ഇല്ലത്തു തിരിച്ചുവന്നപ്പോഠം വിവരമെല്ലാം അറിഞ്ഞു. പാദ്രി ഇല്ലം അശുദ്ധമാക്കിയെന്നു ഗ്രഹിച്ചു. അകത്തുള്ളവർ ധരിച്ചതു് സാക്ഷാൽ ഭഗവാൻതന്നെയാണു് എഴുന്നള്ളിയതെന്നാണു്. അവർ പാദ്രിയെ മുമ്പു കണ്ടിട്ടില്ലല്ലൊ. നമ്പൂതിരി ഭ്രഷ്ടുഭയന്നു് ആ രാത്രിയിൽ തന്നെ സ്ഥലം വിട്ടുവെന്നാണു് ഐതിഹ്യം.

സ്വാമിയാരുടെ വേഷഭൂഷാദികളണിഞ്ഞു്, പച്ചക്കതിരപ്പുറത്തു കയറിവന്ന വെള്ളക്കാരനെ ശ്രീകൃഷ്ണൻെറ അവതാരമായിട്ടോ ഭക്തനായിട്ടോ "അകത്തുള്ളവർ'' തെററിദ്ധരിച്ചതിൽ അത്ഭുതത്തിനു വകയില്ല. ആ കാലത്തോടടുത്താണു് സുപ്രസിദ്ധനായ മാനവേദൻസാമൂതിരിപ്പാട്ട് ശ്രീകൃഷ്ണനെ വില്വമംഗലത്തു സ്വാമിയാരുടെ സഹായം മൂലം കണ്ടു എന്നുള്ള കഥ പ്രചരിച്ചതു്. അതും ഇവിടെ വിവരിക്കാം.

സാമൂതിരിപ്പാട്ട്:-സ്വാമിയാരെ, അങ്ങെയ്ക്കു് ഉണ്ണികൃഷ്ണനെ പ്രത്യക്ഷമായി കാണാൻ കഴിയുമല്ലൊ. എന്നെക്കൂടി ഭഗവാനെ ഒന്നു കാണിച്ചുതരാമോ?

സ്വാമിയാർ:-എന്തിനാണു് ഉണ്ണികൃഷ്ണനെ കാണുന്നതു്?

സാമൂതിരിപ്പാട്ട്:-ഭക്തികൊണ്ടു്.

സ്വാമിയാർ.-പ്രയാസമാണു്.

സാമൂതിരിപ്പാട്ട്:- സാരമില്ല, സഹിച്ചുകൊള്ളാം.

സ്വാമിയാർ:-എന്നാൽ ഏകാന്തസ്ഥലത്തിരുന്നു് ധ്യാനം ചെയ്യുക—കൃഷ്ണൻപ്രത്യക്ഷനാകും.

സാമൂതിരിപ്പാട്ട് ധ്യാനം തുടങ്ങി. ഇതാ, വരുന്നു ഉണ്ണികൃഷ്ണൻ. എങ്ങനെയെന്നോ?

തിരതെളിപെറും പീലി നിറുകയിൽ
തിരുകിയും മുത്തുമാലയണിഞ്ഞുമേ,
കനകക്കിങ്ങിണി കെട്ടിയും കങ്കണ-
കനലൊളിക്കാൽച്ചിലമ്പുകൾ ചാർത്തിയും
പുതിയ പത്തരമാറെറാളിത്തങ്കത്തോ-
ടെതിരിട്ടമുടയാടയുടുത്തുമേ,
ചെറിയ ചെണ്ട തോളത്ത്, കക്ഷത്തിലാ
ക്കറിയ കോലക്കുഴലുമെടുത്തുമേ.

ഇങ്ങനെ തുള്ളിച്ചാടിവന്ന ശ്രീകൃഷ്ണനെ സാമൂതിരിപ്പാട്ട് വാരിയെടുത്തു. തൽക്ഷണംതന്നെ ഉണ്ണികൃഷ്ണൻ കൈ കുതറി ഓടിമറഞ്ഞു. രാജാവ് ഉണ്ണിയെക്കടന്നുപിടിച്ചപ്പോൾ തിരുമുടിയിലിരുന്ന രണ്ടുകണ്ണുള്ള ഒററമയിൽപീലി അദ്ദേഹത്തിൻെറ കൈയിൽ കിട്ടിയെന്നാണ് ഐതിഹ്യം. ഈ കഥ മലബാറിൽ പ്രചരിച്ചിരുന്നു എന്നുള്ളതു തീർച്ചയാണ്. അതു നമ്പൂതിരിയില്ലങ്ങളിൽ ധാരാളംപേരും വിശ്വസിച്ചിരുന്നതാനും. അതുകൊണ്ടാണു പാദ്രിയുടെ വേഷം അകത്തുള്ളവരെ വിഭ്രമിപ്പിച്ചതെന്നു വരാം.

ഇക്കഥകൾ രണ്ടും നടന്നതാണോ? ആക്കറിയാം! വേലൂരുള്ള വൃദ്ധന്മാർ പാദ്രിയുടെ കഥ വിശ്വസിച്ചാണ് എന്നോടു പറഞ്ഞത്. പാദ്രിയെപ്പററി ഇതിലും നേരംപോക്കുള്ള മറെറാരു കഥയുണ്ട്. അതും ഇവിടെ പറഞ്ഞേക്കാം.

"കരുമാൻ" എന്നൊരു സ്ഥലം അവിടെയുണ്ടു്. ദീർഘനാളായി അവിടെ മഴ പെയ്യാതായിട്ടു്. ചൂടു വർദ്ധിച്ചു് ധാന്യങ്ങളെല്ലാം ഉണങ്ങിവരണ്ടു. വരുണപ്രീതിക്കുവേണ്ടി നമ്പൂതിരിമാർ യാഗത്തിനു വട്ടംക്രൂട്ടുകയായി. കരുത്തോല, പന്തം, പത്മപ്പൊടി, പൂവു്, പൂക്കുല, മലരു്, ദർഭപ്പുല്ലു് മുതലായ സാധനങ്ങൾ പരികർമ്മികൾ കൊണ്ടുവന്നു. 101 ബ്രാഹ്മണർക്കു നിർബ്ബാധമായി ഇരുന്നു് മന്ത്രോച്ചാരണം നടത്തുന്നതിലേക്കു് ഒരു നെടുംപുര കെട്ടി മന്ത്രവും തുടങ്ങി.

അവസാനദിവസമായപ്പോൾ വാരീശന്റെ പുറപ്പാടായി. നമ്പൂതിരിമാർ മന്ത്രത്തിന്റെ ശക്തികണ്ടു് വിസ്മയാനന്ദഭരിതരായിത്തീർന്നു. പച്ചക്കുതിരപ്പുറത്തു് ശ്യാമവർണ്ണകഞ്ചുകവുമണിഞ്ഞു് ഇതാ, വരുന്നു ഒരു സുന്ദരാകാരൻ. യാഗപ്പുരവാതിൽ കടന്നു് പുരമുകളിൽ മുട്ടാതെ സാവധാനം ഗമിക്കുകയാണു്. യാഗപാത്രം ഇരുന്നിടത്തു വന്നപ്പോൾ കുതിരയെ മുട്ടുമടക്കിച്ചു് ആ അശ്വാരൂഢൻ യാഗപാത്രം കരസ്ഥമാക്കി. അതും നമ്പൂതിരിമാർ കാണാതിരുന്നില്ല.

അപാംപതി പ്രസാദിച്ചു് യാഗപാത്രം സ്വീകരിച്ചു കൊണ്ടുപോയി. അത്യത്ഭുതമെന്നല്ലേ പറയേണ്ടു. മാരി ഉടൻതന്നെ പൊടിപൊടിക്കുകയും ചെയ്തു. അങ്ങനെ നമ്പൂതിരിമാർ സന്തുഷ്ടരായി സ്വഗൃഹങ്ങളിലേക്കു മടങ്ങി.

പിറേറന്നു രാവിലെ ഒരു നമ്പൂതിരി, ചതുരംഗം കളിക്കാൻ പാദ്രിയുടെ അടുക്കൽ വന്നു. കളി കുറെ ആയപ്പോൾ പാദ്രി ചോദിച്ചു: "എന്താ ഇന്നലെ മഴ നല്ലതുപോലെ പെയ്തോ?"

"ഒന്നും പറയാനില്ല പാതിരി, ഭഗവാൻെറ കൃപ കൊണ്ടു് ഞങ്ങളുടെ യാഗം ഭംഗിയായി കലാശിച്ചു. മഴയും പെയ്തു."

"അതുവ്വോ? അതെങ്ങനെ സംഭവിച്ചു?"

"വൃഷ്ടിയാഗം എന്നൊരു കർമ്മം ഞങ്ങൾക്കുണ്ടു്. അതു നടത്താൻ വളരെ പ്രയാസമാണു്. ചിട്ടയായി നടത്തിയാൽ വരുണദേവൻ പ്രസാദിക്കും. മഴയും നിശ്ചയം."

"ദേവൻ പ്രസാദിച്ചുവെന്നു് എങ്ങനെയറിഞ്ഞു? ഈ മഴ പെയ്തതുകൊണ്ടോ?"

"അതുപറയാം. ദേവൻതന്നെ ഞങ്ങളുടെ മദ്ധ്യേ പ്രത്യക്ഷനായി ഞങ്ങളുടെ യാഗപാത്രംതന്നെ സ്വീകരിച്ചുകൊണ്ടു പശ്ചിമദിക്കിലേക്കു മടങ്ങിയെഴുന്നള്ളി."

"നേരോ?"

"കൊള്ളാം; പാതിരി കേട്ടിട്ടില്ലേ പണ്ടു് ശ്രീരാമൻ വരുണനെ വരുത്തി സമുദ്രജലം പിൻവാങ്ങിപ്പിച്ചതും വാനരന്മാരെ വരുത്തി സേതുബന്ധനം ചെയ്യിച്ചതും മററും."

"ശരി; ആ ദേവനേയും അയാൾ കൊണ്ടുപോയ യാഗപാത്രത്തേയും നിങ്ങളെ വീണ്ടും ഞാൻ കാണിച്ചു തന്നാലോ?"

പാദ്രിക്കു തലതിരിഞ്ഞുപോയോ എന്നായി നമ്പൂതിരിയുടെ ആത്മഗതം. പാദ്രിയാകട്ടെ മുറിയിൽ കയറി, തലേദിവസത്തെ വേഷമണിഞ്ഞു്, യാഗപാത്രവും കൈയിൽ പിടിച്ചുകൊണ്ടു് നമ്പൂതിരിയുടെ പക്കൽവന്നു. ഇതെന്തൊരു വിസ്മയമെന്നായി നമ്പൂതിരി. യാഗപാത്രം കണ്ടപ്പോൾ വാസ്തവസ്ഥിതി ഏതാണ്ടു പ്രകാശിച്ചുതുട

ങ്ങി. വിഷണ്ണനായ നമ്പൂതിരി യാതൊന്നും ഉരിയാടാതെ ഉടനേതന്നെ സ്ഥലംവിട്ടു.

പാദ്രിയെ ഇനി ഇവിടെ വച്ചേച്ചുകൂടാ. ഒരു വമ്പിച്ച ജന്മികൂടിയായിരുന്ന അദ്ദേഹം, ക്രിസ്ത്യാനികളായ കുടിയാന്മാരെയെല്ലാം ആളയച്ചുവരുത്തി. അവരുടെ പാദ്രി തന്നെയും മററു ബ്രാഹ്മണരേയും കഠിനമായി അധിക്ഷേപിച്ചു; മാനഭംഗം വരുത്തി. അതുകൊണ്ടു പാദ്രിയെ എങ്ങനെയെങ്കിലും അപായപ്പെടുത്തണമെന്നു കുടിയാന്മാരോടാജ്ഞാപിച്ചു. കിടപ്പാടം നഷ്ടപ്പെട്ടുമല്ലോ എന്നു ഭയന്ന് ആ കുടിയാന്മാരിൽ ചിലർ ജന്മിയുടെ ഇംഗിതത്തിനു വശംവദരാവുകതന്നെ ചെയ്തു. അവരിൽ ചിലർകൂടി പാദ്രിയെ ഒരു രാത്രിയിൽ വധിക്കുവാൻ തീർച്ചപ്പെടുത്തി.

തയ്യാറെടുക്കുവാനായി ഈഴക്കുടിയിൽചെന്ന് കള്ളു കുടി തുടങ്ങി. കള്ളു കുടിച്ചിട്ടും പാദ്രിയെ കൊല്ലാൻ മനസ്സുവന്നില്ല. തന്നിമിത്തം കുറെ ചാരായവും അകത്താക്കി. അപ്പോഴേക്കും നല്ല ധൈര്യമായി. പേടിയെല്ലാം പമ്പ കടന്നു. അവർ അവരുടെ പ്ലാൻ പുറത്തു പറഞ്ഞുതുടങ്ങി. പാദ്രിയുടെ കഥ ആ രാത്രി പാതിരാവു കഴിഞ്ഞാലുടനെ കഴിക്കണമെന്നും അതേതുവിധത്തിലാണു പ്രായോഗികമാക്കേണ്ടതെന്നും, കുടിയന്മാർ ആലോചിച്ചുറച്ചു.

ഇവരുടെ ആലോചന മുഴുവൻ ഈഴസ്ത്രീ സശ്രദ്ധം കേട്ടുകൊണ്ടിരുന്നു. ഈ സംഗതി അവരുടെ ശ്രദ്ധയിൽപ്പെട്ടതുമില്ല. പാദ്രിയോടു ഭക്തിബഹുമാനാദരങ്ങളുണ്ടായിരുന്ന ഈഴസ്ത്രീ സ്വഭർത്താവിനെ സകലവിവരവും ധരിപ്പിക്കുകയും, പാദ്രിയുടെ ആപത്ത് അദ്ദേഹത്തെ അറിയിക്കുവാൻ നിർബന്ധിക്കുകയും ചെയ്തു.

തദനുസരണം ഈഴവൻ പാദ്രിയെ വിവരമെല്ലാം ധരിപ്പിച്ചു. ബുദ്ധിമാനായ പാദ്രി കിടക്കുന്ന കട്ടിലിൽ ഒരു വാഴത്തട കൊണ്ടുവന്ന് ഉടുപ്പിടുവിച്ച് പുതപ്പിട്ടു മൂടിയശേഷം കതക് അകത്തുനിന്നുതന്നെ ബന്ധിച്ച് ഇരുട്ടത്തു മറഞ്ഞിരുന്നു. ഘാതകൻ വന്നയുടനെ കതകു വെട്ടിപ്പൊളിച്ച് അകത്തു കടന്നു മത്തന്മാർ കട്ടിലിൽ പുതപ്പും പുതച്ച് സുഖമായി കിടന്നുറങ്ങുന്ന പാദ്രിയെ തുണ്ടംതുണ്ടമായി വെട്ടിമുറിച്ചിട്ടുശേഷം സ്ഥലംവിടുകയും ചെയ്തു!

വിജയശ്രീലാളിതരായ ആ ക്രിസ്ത്യാനികൾ ഉടനേതന്നെ ഇല്ലത്തുചെന്ന്, പാദ്രി ഇനി നമ്പൂതിരിയെ അധിക്ഷേപിക്കുകയില്ലെന്ന് ഉറപ്പിച്ചുപറഞ്ഞു. വാഴത്തടയാണ് അവരുടെ വദ്ധ്യവസ്തുവെന്ന് അവരറിഞ്ഞതുമില്ല. നമ്പൂതിരി ശനിയൊഴിഞ്ഞല്ലോ എന്നുവച്ച് ആശ്വസിക്കയും ചെയ്തു. പാദ്രിയാകട്ടെ ഈശ്വരന് നന്ദിപറഞ്ഞുകൊണ്ട് ജനാലയിൽകൂടി പുറത്തുചാടി രണ്ട് അനുചരന്മാരുടെ സഹായത്തോടുകൂടി കുതിരപ്പുറത്തു കയറി തെക്കോട്ടു പുറപ്പെട്ടു.

കുതിരപ്പുറത്തും അനുചരന്മാരുടെ കൈവശവും എടുക്കാവുന്നിടത്തോളം പാണ്ടങ്ങളും പണവുമായിട്ടാണ യാത്ര തിരിച്ചത്. ആ സംഘം തൃശ്ശൂരിൽനിന്നും മൂന്നുമൈലകലെ വടക്കുപടിഞ്ഞാറായി ഒരു സ്ഥലത്ത് എത്തിയപ്പോഴേക്കും ക്ഷീണിച്ചുവശായി. ദാഹവും കൊണ്ടുപിടിച്ചു. അവിടെ രാമാനുജനെഴുത്തച്ഛന്റെ ഒരു ശിഷ്യൻ താമസിക്കുന്നുണ്ടായിരുന്നു. ആ ഗൃഹം കണ്ട് അവിടെ കയറി വിശ്രമിക്കാമെന്നു തീരുമാനിച്ചു.

പാദ്രി കുതിരപ്പുറത്തുനിന്നിറങ്ങി വെള്ളം ചോദിച്ചു. ദരിദ്രാവസ്ഥയിൽ കഴിഞ്ഞിരുന്ന ആ എഴുത്തച്ഛന് സ്വന്തമായി ഒരു കിണറുപോലുമുണ്ടായിരുന്നില്ല. തന്നിമിത്തം പാദ്രിയെ സൽക്കരിക്കാൻ നിവൃത്തിയില്ലെന്നു പറഞ്ഞ് ഒഴിഞ്ഞുമാറാൻ തുടങ്ങി പാദ്രിക്കു ക്ഷീണം കലശലായുണ്ടായിരുന്നെങ്കിലും ആ ദരിദ്രകുടുംബത്തോടനുകമ്പ തോന്നി വെള്ളമുള്ള സ്ഥലം കാണിച്ചുകൊടുത്തു. കിണറു കുഴിക്കാൻ പറഞ്ഞു. ചിലവിലേക്കു നാഴി സ്വർണ്ണപ്പണവും കൊടുത്തശേഷം ഉമ്മറത്തു കിടന്ന് പാദ്രി ഉറങ്ങി.

പിറേറന്നു രാവിലെ വീട്ടുകാരെ വിളിച്ചുണർത്തി അവർക്കു സർവ്വൈശ്വര്യങ്ങളും പ്രാർത്ഥിച്ചുശേഷം പാദ്രിയും സേവകന്മാരുംകൂടി പോകുകയും ചെയ്തു.

ആ എഴുത്തച്ഛൻെറ കുടുംബക്കാർക്കു നല്ല നിലയുമായി. പാദ്രി നൽകിയ സ്വർണ്ണനാഴി മണ്ണിൽ കുഴിച്ചിട്ടിരുന്നതു് അടുത്ത കാലത്തത്രെ വീണ്ടും കിട്ടിയതു്.

തലപ്പള്ളി താലൂക്ക് തഹശീൽദാർ ആ എഴുത്തച്ഛൻെറ താവഴിയാണെന്നും പാദ്രിയുടെ സന്ദർശനകാലത്തു് ആ കുടുംബം ഉപ്പുകച്ചവടംകൊണ്ടാണ് കഴിഞ്ഞിരുന്നതെന്നുമാണു കേൾവി. വേലൂരിടവകയിലെ പഴമ നിശ്ചയമുള്ള ചില മാന്യന്മാരിൽനിന്നാണ് ഈ വിവരങ്ങൾ ഞാൻ കേട്ടതു്. ഐതിഹ്യങ്ങൾ എത്രമാത്രം വിശ്വസനീയങ്ങളാണെന്ന് വായനക്കാർക്ക് യഥേഷ്ടം തീരുമാനിക്കാവുന്നതാണ്.

ഇനി അദ്ദേഹത്തെപ്പററിയുള്ള കൂടുതൽ വിവരങ്ങൾ

അറിയാൻ സാധിക്കുന്നത്. അദ്ദേഹം ജർമ്മനിയിലുള്ള ഒരു ജസ്യൂട്ട് സ്നേഹിതന്റെ പേർക്കയച്ച ഒരെഴുത്തിൽനിന്നാണ്. ആ കത്ത് ജർമ്മനിയിലെ കൊളോൺ പട്ടണത്തിൽ ഉള്ള ഗ്രന്ഥശേഖരത്തിൽ ഇന്നും സൂക്ഷിച്ചിട്ടുണ്ട്. വേറെ രണ്ടെഴുത്തുകൾ ഉള്ളത് പാരീസിലെ Ecole Ste Genevieve എന്ന ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചുവരുന്നു. ഇതിൽ ആദ്യം പറഞ്ഞതിന്റെ പരിഭാഷ താഴെച്ചേർക്കുന്നു:

'മിശിഹായിൽ പ്രിയ ബ. അച്ചാ!

അങ്ങയുടെ സ്നേഹത്തിന് ഞാൻ വളരെ കടപ്പെട്ടിരിക്കുന്നു. അവിടുന്ന് എനിക്കയച്ച എഴുത്തുകളിൽ അങ്ങേയ്ക്ക് എന്നോടുള്ള സ്നേഹം സുതരാം പ്രകാശിക്കുന്നു. അവിടുന്ന് എനിക്കയച്ച ലഘു പാരിതോഷികങ്ങൾക്കും അവിടുത്തെ സ്മരണകൾക്കും ഞാൻ അതീവ കൃതജ്ഞനാണ്.......................

ദൈവാനുഗ്രഹത്താൽ എനിക്ക് ഏറെക്കുറെ സൗഖ്യമാണ്. പ്രയത്നങ്ങളുടെ ആധിക്യംകൊണ്ടും മനസ്സിന്റെ ക്ലേശംകൊണ്ടും എന്റെ ആരോഗ്യം നശിച്ചിരിക്കുന്നു. ഞാൻ സുമാർ നാലുവർഷത്തോളം കൊടുങ്ങല്ലൂർ മെത്രാന്റെ അന്തേവാസിയായിരുന്നു. അദ്ദേഹത്തിന്റെ ശത്രുക്കൾ അദ്ദേഹത്തെ ഞെരുക്കിയപ്പോൾ പോലും ഞാൻ അദ്ദേഹത്തെ പരിത്യജിച്ചില്ല. അദ്ദേഹം ഒരു ചെററക്കുടിലിലാണു താമസിച്ചിരുന്നത്. രണ്ടുപേർക്കു താമസിക്കുവാൻ അവിടെ സ്ഥലമേ ഉണ്ടായിരുന്നില്ല.

ബർണാർഡ് കെററൽ എന്ന മഹാന്റെ സഹായത്താൽ ആർച്ച് ബിഷപ്പിനോടുള്ള ജനശത്രുതയ്ക്ക് അല്പം

കുറവുണ്ടായി. തൽഫലമായി അദ്ദേഹം തെക്കോട്ടുമാറി. പാവപ്പെട്ട ക്രിസ്ത്യാനികളെ ശീശ്മയിലേക്കാകർഷിക്കാൻ തയ്യാറായി. കുഞ്ഞാടിൻെറ വേഷത്തിൽ വന്ന ഒരു സുറിയാനി മെത്രാനമായി എററുമുട്ടുവാൻവേണ്ടിയാണ് അദ്ദേഹം തെക്കോട്ടു മാറിയതു്.

ആർച്ചുബിഷപ്പിൽനിന്നും പിരിയുന്നതിനു് എനിക്ക് അനുമതി ലഭിച്ചപ്പോാം ഞാൻ ഉദയംപേരൂരേയ്ക്കു താമസംമാററി. അവിടെ ക്രിസ്ത്യാനികളെ സത്യമാർഗ്ഗത്തിൽ നിർത്തുവാൻ ഞാൻ ആവുംവണ്ണം പരിശ്രമിച്ചു. അനന്തരം അയൽപള്ളികളിലെ ക്രിസ്ത്യാനികാം ശീശ്മയിലുാംപ്പെടാതെ ഞാൻ പരിരക്ഷിച്ചു. എൻെറ ജോലി അവിടെ സഫലമായെന്നു് കണ്ടപ്പോാം ഞാൻ കടുത്തുരുത്തിയിലേയ്ക്കു പുറപ്പെട്ടു.

ഉദയംപേരൂരും പരിസരങ്ങളിലും ഉള്ള വിശ്വാസികാം കണ്ണുനീരോടുകൂടി എന്നോടു കടുത്തുരുത്തിയിലേക്കു പോകരുതെന്നു പറഞ്ഞു. എങ്കിലും ഞാൻ ഉദയംപേരൂർ വിടുകതന്നെ ചെയ്തു. കടുത്തുരുത്തിയിൽവച്ചു ചിലർ എന്നെ സ്വാഗതംചെയ്തു. എന്നാൽ മററു ചിലക്കു് എൻെറ സാന്നിധ്യം ഇഷ്ടമായില്ല. എങ്കിലും ക്രമേണ അവർക്കെല്ലാം ഞാൻ സന്തോഷപാത്രമായി.

കടുത്തുരുത്തിയിൽനിന്നും ഒരു തിരുന്നാളിൽ കുറവിലങ്ങാട്ടു കർബാന ചൊല്ലുന്നതിനു തീരുമാനിച്ചു. എന്നാൽ എനിക്കു് അതിനു് അനുമതി ലഭിച്ചില്ല. അതിനാൽ ഒരു കപ്പേളയിലാണു ചൊല്ലിയതു്. നമ്മോടു് അവിടെയുള്ളവരുടെ വിരോധം വളരെ വലുതാണെന്നുകണ്ടു് ഉട

നെ അവിടെനിന്നും സ്ഥലം വിട്ടു. ഇവിടെ പ്രൊപ്പഗാന്തായിൽ നിന്നയച്ച കമ്മലീത്താക്കാർ ശീശ്മമെത്രാനെ സ്വീകരിക്കണമെന്ന ആഗ്രഹത്തോടുകൂടിയ ജനവിഭാഗത്തെ ആദരിക്കുന്നു. ഞാനിങ്ങനെ അങ്ങയോടു തുറന്നുപറയുന്നതിൽ ഒരുപക്ഷെ അങ്ങ് വിസ്മയിക്കുമായിരിക്കാം.

പക്ഷെ ഇവിടെയുള്ള ക്രിസ്ത്യാനികൾ യഹൂദന്മാരും ശീശ്മക്കാരും പരദേശികൾപോലും ഈ ശ്രുപതയിൽ കുഴപ്പമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇവിടെയുള്ള ജനങ്ങളോട് വസ്തുത തുറന്നു പറയുവാൻ ഞാൻ മടിച്ചില്ല. അതുചെയ്യാത്തപക്ഷം ആ കുററം ജസ്യൂട്ട് ആർച്ചുബിഷപ്പിൽ ആരോപിക്കാതിരിക്കട്ടെ. ഇവിടുത്തെ ജനങ്ങൾ പെട്ടെന്ന് ക്ഷോഭിക്കയും അതുപോലെതന്നെ ശാന്തരാകുകയും ചെയ്യുന്ന സമ്പ്രദായക്കാരാകയാൽ ഞാനുടനെ സ്ഥലംവിട്ടു. കുറേക്കൂടി അനുകൂലമായ സമയം വരുമ്പോൾ അവരെ നേർവഴി കാണിച്ചുകൊടുക്കാൻ മടങ്ങിവരാമെന്ന് പ്രതീക്ഷിക്കുകയും ചെയ്തു.

അങ്ങിനെ ആറുമാസത്തിനുശേഷം മടങ്ങിവന്നു. അപ്പോൾ അവരുടെ ക്ഷോഭം അവസാനിച്ചു. സത്യമാർഗ്ഗത്തെ അനുധാവനംചെയ്യുന്നതിൽ ക്രിസ്ത്യാനികൾ സന്നദ്ധരായി ഭൂരിപക്ഷവും ആർച്ചുബിഷപ്പിനെ അനുസരിക്കുവാൻ തയ്യാറായി, എങ്കിലും കർമ്മലീത്താ സന്യാസികളുടെ ദുരുപദേശഫലമായി ഗവർണ്ണരുടെ സഹായത്താൽ എന്നെ അറസ്ററുചെയ്ത് കാരാഗൃഹത്തിലടയ്ക്കാൻ ശ്രമിച്ചു. എന്നെ പിടിക്കാൻ പോലീസുകാർ വന്നു; എങ്കിലും എന്നെ പിടിക്കയാകട്ടെ ജയിലിലിടുകയാട്ടെ ചെ

സ്ഥില്ല. ദൈവത്തിനു സ്തുതിയായിരിക്കട്ടെ. എന്റെ ശത്രുക്കളും ഗവർണ്ണർതന്നെയും പിന്നീട് അവരുടെ പ്രവൃത്തിയെപ്പററി ലജ്ജിതരായിത്തീർന്നു.

ഈ സമയത്തു് കള്ളറിപ്പോർട്ട'നെ അടിസ്ഥാനമാക്കി, കർമ്മലീത്താധികാരി അപ്പസ്തോലിക്കായ്ക്കു് ഒരു പുതിയ ബ്രിഫ് അയച്ചുതന്നു. അതനുസരിച്ചു് ശീശ്മക്കാരെ എല്ലാവരേയും കത്തോലിക്കാ സഭയിലേക്ക് ചേർക്കാനുള്ള സർവ്വാധികാരങ്ങളും ലഭിച്ചിരുന്നു. കർമ്മലീത്താസന്യാസികളെ അനുഗമിച്ചിരുന്നവരെല്ലാവരും അദ്ദേഹത്തെ അനുസരിച്ചു. ശീശ്മമെത്രാൻ കത്തോലിക്കനാണെന്നു്, കർമ്മലീത്താ സന്യാസികൾ പറഞ്ഞു പിടിപ്പിച്ചുതനുസരിച്ചു് അദ്ദേഹത്തെ അനുഗമിച്ചവർ തിരിച്ചു വന്നതുമില്ല. ഈ സാഹചര്യത്തിൽ എന്റെ സാന്നിദ്ധ്യംകൊണ്ടു് ഇവിടെ യാതൊരു പ്രയോജനവുമില്ലാതിരുന്നതിനാൽ ഞാൻ ചേററുവായ്ക്കുപോയി.

അവിടെ ഡച്ചുകാർ പിടിച്ച കോട്ടയിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികൾക്ക് പട്ടക്കാരാരുമില്ലാതിരുന്നതിനാൽ അവർ കുമ്പസാരവും കർബ്ബാനയും ഒന്നുമില്ലാതെ വളരെ വിഷമിച്ചിരിക്കയായിരുന്നു. അവിടെ ഇരുപതു വർഷം കുമ്പസാരിക്കാൻ സാധിക്കാഞ്ഞ ഒരാളിനേയും ഞാൻ കാണുകയുണ്ടായി. ചേററുവായിൽ കുറേനാൾ താമസിച്ച ശേഷം ഞാൻ മുട്ടത്തു (Muttote) മാർത്തോമ്മാശ്ലീഹായുടെ പള്ളിയിലേക്കുപോയി.

(മുട്ടത്തുനിന്നും പാദ്രി കോഴിക്കോട്ടുപോയതിനെപ്പററിയും അവിടെനിന്നു് തിരിച്ചു് മുട്ടത്തുവന്നതിനേപ്പററി

യും ആണ് ഇനി എഴുത്തിൽ പറയുന്നതു്. വേലൂരെ പള്ളി സ്ഥാപനത്തെപ്പററി പാദ്രിതന്നെ പറയുന്നകാൎയ്യം രസകരമാകയാൽ അതിവിടെ ചേർക്കാം.)

".. പിന്നെ ഞങ്ങാം വേലൂർക്കുപോയി. ഇവിടത്തെകാൎയ്യം വിചാരിച്ചതുപോലെ എളുപ്പമായിരുന്നില്ല. ഇവിടെ സ്ഥലം തരാമെന്നുപറഞ്ഞിരുന്ന രാജാവു ഞങ്ങളെ ഭഗ്നാശരാക്കി. എങ്കിലും ഞങ്ങാം ആശ കൈവെടിഞ്ഞില്ല. ഞങ്ങാം ദൈവത്തിൽ ശരണപ്പെട്ടു. മൂന്നരാജാക്കന്മാരിൽ നിന്നു ഞങ്ങാം അനുവാദം വാങ്ങീട്ടുണ്ടായിരുന്നു. അതിൽ ഒന്നാമത്തെ രാജാവ് പലതരംവിഷമങ്ങാം ഞങ്ങാംക്കുണ്ടാക്കിത്തീൎത്തു. ഞങ്ങളുടെ സങ്കടം വി. ശൗൎയ്യാരു പുണ്യവാനെ അറിയിച്ചു. അദ്ദേഹത്തിന്റെ നാമത്തിൽ കപ്പേള പണിയാമെന്നും ഞങ്ങാം തീരുമാനിച്ചു. ആ സമയത്തും കൊച്ചി ഗവർണ്ണരായ ബർണാഡ്കെററിൽ ഞങ്ങളുടെ സഹായത്തിനു വന്നു.

ഗവർണ്ണർ കോഴിക്കോട്ടു സാമൂതിരിക്കെതിരായി ഒരു യുദ്ധം കഴിഞ്ഞതേയുള്ളു. കൊച്ചീരാജാവും ഞങ്ങളെ എതിൎക്കയാണു ചെയ്തതു്. എങ്കിലും അടുത്തകൊല്ലംതന്നെ ഞങ്ങാം കപ്പേളയുടെ പണിതീൎത്തു വെഞ്ചെരിച്ചു് ശൗൎയ്യാരുപുണ്യവാന്റെ നാമത്തിൽ കുർബാന ചൊല്ലി. ഞങ്ങളുടെ ശത്രുക്കാംക്കു പലതരം ഉപദ്രവങ്ങാം നേരിടുകയും ചെയ്തു. ഇവിടെ 140 ക്രിസ്തീയകുടുംബങ്ങളുണ്ടു്. അവൎക്കു ക്രിസ്ത്യാനികാം എന്ന പേരല്ലാതെ, അവൎക്കു യാതൊന്നും അറിഞ്ഞുകൂടാ. അവർ ഞായറാഴ്ച പള്ളിയിൽ വരുകയില്ലെന്നല്ല, ചിലർ ആണ്ടിലൊരിക്കലേ വരു. 20 വർഷ

മായി പള്ളിയിൽ വരാത്തവരും ഉണ്ട്. 6 മാസം കഴിഞ്ഞേ അവക്ക മാമ്മോദീസാ ഉള്ളു. ചിലർ മൂന്നുവർഷം കഴിഞ്ഞേ അതു നടത്തു."

പിന്നെയുള്ള 20 വർഷത്തെ ജീവിതത്തെപ്പററി അധികമൊന്നും അറിഞ്ഞുകൂടാ. കുറെനാൾ കഴിഞ്ഞു് അദ്ദേഹം പാഴൂർ എത്തി. അവിടെവച്ചു്, അധികം താമസിയാതെ കാലധർമ്മം പ്രാപിച്ചു എന്നാണു് അറിയപ്പെടുന്നതു്. ചില സവർണ്ണഹിന്ദുക്കളുടെ ആഭിചാരവൃത്തിയുടെ ഫലമായി മൃതിയടഞ്ഞുവെന്നും ചിലർ പറയുന്നു.

1732 മീനം 2-ാംതീയതി പാഴൂർപള്ളിയിൽവച്ചു പാദ്രി കാലധർമ്മം പ്രാപിച്ചു എന്നുള്ളതാണു ശരിയായിട്ടുള്ളതു്, തന്നിമിത്തം വെല്ലൂർപള്ളിയിലെ ശിലാലിഖിതത്തിലെ തീയതി തെററായിത്തന്നെ തീരുമാനിക്കണം.

(See the Jesuits in Malabar· Vol. 2· by Fr· Ferroli S· J· Pages 322 to 328)

# സാഹിത്യപരിശ്രമം

സുപ്രസിദ്ധ സംസ്കൃതപണ്ഡിതനായ മാക്സ്മുള്ളർ "തന്റെ സമകാലീനന്മാരെ അപേക്ഷിച്ച് വ്യുല്പത്തി സമ്പാദിച്ച ഒരു സംസ്കൃതപണ്ഡിതൻ" എന്നാണ് അർണ്ണോസുപാദ്രിയെപ്പററി പ്രസ്താവിച്ചിട്ടുള്ളത്. മലയാളഭാഷ പലവിധത്തിൽ ഈ പാദ്രിയോടു കടപ്പെട്ടിരിക്കെ ചില ഭാഷാചരിത്രകാരന്മാർ അതു സമ്മതിക്കാൻ വൈമനസ്യം പ്രകടിപ്പിക്കുന്നതു് അത്ഭുതമായിരിക്കുന്നു.

ആർ. നാരായണപ്പണിക്കരെഴുതിയ കേരളഭാഷാസാഹിത്യചരിത്രത്തിൽ പാദ്രിയെപ്പററി പറഞ്ഞിരിക്കുന്നതെന്താണെന്നു നോക്കാം. മൂന്നാംപതിപ്പ് രണ്ടാംഭാഗം 174-ാംപേജിൽ പന്ത്രണ്ടുവരികളാം അദ്ദേഹം പാദ്രിക്കു നൽകീട്ടുണ്ടു്.

"അർണ്ണോസ്പാതിരി ഉദ്ദേശം എഴുത്തച്ഛന്റെ കാലശേഷം ജീവിച്ചിരുന്ന ഒരു യൂറോപ്യൻപാദ്രിയാണ്. വീരമാമുനിവർ തമിഴനാട്ടിലെന്നപോലെ ഇദ്ദേഹം മലയാളത്തുവന്ന് ഭാഷ പഠിച്ച് കവിത എഴുതിയ ആളാണ്. വിധിപവ്വം, മരണപവ്വം, നരകപവ്വം മുതലായ ചില കൃതികളാം ആലപ്പുഴ കേരളസന്താനംപ്രസ്സിൽനിന്നും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. കവിതയ്ക്കു പറയത്തക്ക ഒഴുക്കും അത്ഥചമൽക്കാരവും ഒന്നുമില്ലെങ്കിലും ഒരു യൂറോപ്യൻപാതിരിയുടെ കൃതിയാണെന്ന് ഓക്കുമ്പോാം നമുക്ക് അതിനോടു ബഹുമാനം തോന്നാതിരിക്കയില്ല. സംസ്കൃതപദങ്ങളാം ധാരാളം പ്രയോഗിച്ചുകാണുന്നു. കുസ

ന്ധിവിസന്ധ്യാദിദോഷങ്ങളും വൃത്തഭംഗങ്ങളും കാണുന്ന ന്നതു ലിപികരപ്രമാദമായിരിക്കുമോ എന്തോ?"

തീൻ, പാദ്രിയെപ്പററി പണിക്കൎക്കു പറയാനുള്ള ത്. അർണ്ണോസുപാദ്രിയുടെ കൃതികളിൽ ഒഴുക്കും അൎത്ഥച മൽക്കാരവും ഒട്ടുംതന്നെ കാണാത്ത, പണിക്കർ കുസന്ധി വിസന്ധ്യാദിദോഷങ്ങളും വൃത്തഭംഗങ്ങളും കാണുന്നു. പ്ര സ്തുത ന്യൂനതകൾ പാദ്രിയുടേതുതന്നെയെന്ന് ഊഹിക്കുക യും ചെയ്യുന്നു.

ഭാഷാചരിത്രം രണ്ടാംഭാഗത്തിൽതന്നെ രാമാനുജ നെഴുത്തച്ഛന്റെ കൃതികളെപ്പററി പണിക്കർ പറയുന്ന ഭാഗം നമുക്കൊന്നു പരിശോധിക്കാം. ഭാഗവതം കിളിപ്പാ ട്ടിൽ സംസ്കൃതത്തിൽ സാമാന്യപരിചയമുള്ളവനുപോലും വരാത്ത ഭീമമായ അബദ്ധങ്ങൾ വന്നുപോയിട്ടുള്ളതിനാ ലും അനന്വിതങ്ങളായ വാക്യങ്ങളും ശുഷ്കങ്ങളായ വർ ണ്ണനകളും ധാരാളമുള്ളതിനാലും മററും ഭാഗവതം എഴുത്ത ച്ഛന്റെ കൃതിയല്ലെന്നു സാഹിത്യപഞ്ചാനനൻ അഭിപ്രാ യപ്പെട്ടിട്ടുണ്ടല്ലോ. അതു ഖണ്ഡിച്ചുകൊണ്ടു പണിക്കർ പറയുകയാണ്:

"ഭാഗവതത്തിൽ പ്രമാദങ്ങൾ നോക്കിയാൽ വേണ്ടു വോളം കണ്ടേയ്ക്കാം. തെററു പററാത്ത മനുഷ്യനെ കവി കൾക്കുപോലും സൃഷ്ടിക്കുവാൻ കഴിയുമോ എന്നു സംശ യമാണ്. കാളിദാസകൃതികളിലും തെററുണ്ടെന്നാണു പ ണ്ഡിതന്മാർ പറഞ്ഞിട്ടുള്ളതു്. സരസ്വതീദേവിതന്നെ മനുഷ്യരൂപം കൈക്കൊണ്ട ദിവ്യവാണിയെന്നു പണ്ഡി തലോകം അഭിമാനിക്കുന്ന ഗീർവാണിയിൽ കാവ്യം രചി

ല്ലാം കുററം കണ്ടുപിടിക്കാൻ കൗതുകമുള്ളവർക്ക് ചില പഴുതുകളൊക്കെ കണ്ടുകിട്ടാതിരിക്കയില്ല. തെററു പററാത്ത പണ്ഡിതന്മാരെ എനിക്കിതുവരെ കാണ്മാൻ കഴിഞ്ഞിട്ടില്ല. അവർ അന്യന്മാരുടെ സ്വല്പാകാരമായ പ്രമാദങ്ങളെ പർവ്വതാകാരമാക്കിക്കാണിച്ച് കൃതകൃത്യന്മാരായി തൽക്കാലം ജീവിച്ചുപോരും. പ്രകൃതിശക്തിക്ക് അവരും വിധേയർതന്നെയാണ്. പരമാർത്ഥത്തിൽ മഹാന്മാരുടെ തെററുകൾക്കും ഒരു മഹത്വമുണ്ട്........പക്ഷെ ലേഖകപ്രമാദത്താലോ മറേറാ മലിനീഭൂതമായ ഒരു പാഠത്തെവച്ചുകൊണ്ട് അർത്ഥമുണ്ടാക്കാൻ ശ്രമിച്ചാൽ അബദ്ധം പററിപ്പോയെന്നു വിചാരിക്കാനേ തരമുള്ളു.

"ഭാഗവതത്തിൽ മനുഷ്യസാധാരണങ്ങളായ പിശകുകൾ വന്നുപോയിട്ടുണ്ടെങ്കിൽ അവ ക്ഷന്തവ്യങ്ങളാണ്." എഴുത്തച്ഛൻെറ ഭാഗവതത്തിൽ കാണുന്ന അപഭ്രംശങ്ങളെ ലാക്കാക്കി പതിനഞ്ചോളം നീണ്ടനീണ്ട പേജുകൾ എഴുതിച്ചേർത്ത നാരായണപ്പണിക്കർക്ക് മാക്സ്മുള്ളർപോലും മൂക്കിൽ കൈവയ്ക്കത്തക്ക പണ്ഡിതവരേണ്യനായ അർണ്ണോസ്പാദ്രിയുടെ കൃതികളെപ്പററി പന്ത്രണ്ടോപന്ത്രണ്ടു വരികളാണു പറയാനുള്ളതു്. പാദ്രിയുടെ കൃതികൾ കാണുന്നതിനും അവ അനായാസമായി വായിക്കുന്നതിനും അദ്ദേഹത്തിനു സാധിക്കാത്തതായിരിക്കാം കാരണം.

ഇനി കേരളസാഹിത്യചരിത്രത്തിൽ ഉള്ളൂർ എന്തു പറയുന്നു എന്നു നോക്കാം:-

"വിദേശീയരായക്രിസ്ത്യാനികളിൽ കവിത്വംകൊണ്ടു പ്രഥമഗണനീയനായി പരിശോഭിക്കുന്നതു് അർണ്ണോസ്

പാതിരിയാകുന്നു ......യൂറോപ്പിൽ ഹംഗറിരാജ്യത്തു ജനിച്ച അർണ്ണോസ് 1699-ൽ കേരളത്തിൽ വന്നുചേരുകയും ആദ്യം അമ്പഴക്കാട്ടെ ഈശോസഭക്കാരുടെ ആശ്രമത്തിൽ കുറെക്കാലം താമസിക്കയും പിന്നീട് തൃശ്ശൂരിൽ ചെന്ന് കുഞ്ഞനെന്നും കൃഷ്ണനെന്നും പേരുള്ള രണ്ടു നമ്പൂരിമാരുടെ സഹായത്തോടുകൂടി സംസ്കൃതഭാഷ അഭ്യസിക്കുകയും ചെയ്തു. സംസ്കൃതത്തിൽ അദ്ദേഹം ആദ്യമായി പഠിച്ച കാവ്യം യുധിഷ്ഠിരവിജയമാകുന്നു. വേലൂർ എന്ന സ്ഥലത്തു് പള്ളി പണിയിച്ചതു് അദ്ദേഹമാണു്. 1732-ാമാണ്ടു് (കൊല്ലം 907 മീനം 20-ാംനു-) പഴയൂർപള്ളിയിൽ വച്ചു കാലധർമ്മം പ്രാപിച്ചു.

കൃതികൾ: പാതിരി, താൻ സംസ്കൃതത്തിലും മലയാളത്തിലും ക്ലേശിച്ചു സമ്പാദിച്ച പാണ്ഡിത്യം വ്യർത്ഥമാക്കിയില്ല. കേരളത്തിലെ ഹിന്ദുക്കൾക്കു് രാമായണാദികാവ്യങ്ങൾപോലെ ക്രിസ്ത്യാനികൾക്കും ഭക്തിസംവർദ്ധകങ്ങളായ ഗ്രന്ഥങ്ങൾ രചിക്കേണ്ടതു് ആവശ്യകമെന്നു തോന്നുകയാൽ അദ്ദേഹം അതിനുവേണ്ടി പ്രധാനമായി ഉദ്യമിച്ചു. പാതിരിയുടെ മുഖ്യകൃതികൾ: 1. ചതുരന്ത്യം 2. പുത്തൻപാന (മിശിഹാചരിത്രം) 3. ഉമ്മാപർവ്വം 4. വ്യാകുലപ്രബന്ധം 5. ആത്മാനുതാപം 6. വ്യാകുലപ്രയോഗം 7. മലയാളനിഘണ്ടു 8. മലയാളം പോർത്തുഗീസ് നിഘണ്ടു 9. മലയാളവ്യാകരണം എന്നിവയാണു്. ഇവകൂടാതെ ഇദ്ദേഹം 1. വാസിഷ്ഠസാരം 2. ചില ഉപനിഷത്തുകൾ 3. വേദാന്തസാരം 4. അഷ്ടാവക്രഗീത 5. യുധിഷ്ഠിരവിജയം എന്നീ സംസ്കൃതകൃതികളെ അധികരിച്ചു് ലത്തീൻഭാഷയിൽ പ്രബന്ധങ്ങൾ രചിച്ചിട്ടുള്ളതായും അറിയുന്നു.

അതിൽ മരണപവ്വം, വിധിപവ്വ്, നരകപവ്വം, മോക്ഷപവ്വം എന്നിങ്ങനെ നാലുവിഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. മരണപവ്വം മഞ്ജരിയിലും, വിധിപവ്വം കളകാഞ്ചിയിലും, ഒടുവിലത്തെ രണ്ടു പവ്വങ്ങളും കേകയിലുമാണു നിബന്ധിച്ചിട്ടുള്ളത്. ആകെ 1851 ഈരടികൾ ഈ ഗ്രന്ഥത്തിൽ അന്തർഭവിച്ചിരിക്കുന്നു. പവ്വം എന്ന വിഭാഗസംജ്ഞ മഹാഭാരതത്തെ അനുകരിച്ച് കവി നൽകീട്ടുള്ളതാണ്. ആസന്നമരണനായ മനുഷ്യൻെറ അന്തർഗ്ഗതങ്ങളെ മരണപവ്വത്തിൽ പ്രതിപാദിക്കുന്നു. കവിക്ക് ആശയസമ്പത്തുണ്ടെങ്കിലും രചന ദോഷഭൂയിഷ്ഠമാണെന്നു പറയാതെ നിവൃത്തിയില്ല. ചതുരന്ത്യംപോലെതന്നെ ആ വിഷയത്തിൽ മോശമല്ല പുത്തൻപാനയും ഉമ്മാപവ്വവും. പുത്തൻപാനയിലെ ഇതിവൃത്തം, ബൈബിളിലെ ലോകസൃഷ്ടി മുതൽ ക്രിസ്തുവിൻെറ പരഗതിവരെയുള്ള കഥയാണ്. പുത്തൻപാന എന്നു കവി കൃതിക്കു പേരിട്ടിരിക്കുന്നതു് ക്രിസ്ത്യാനികളുടെ ഇടയിൽ ചില പഴയ പാനകൾ പ്രചരിച്ചിരുന്നതിനാലായിരിക്കാമെന്ന് ഡാ: പി. ജെ. തോമസ് പറയുന്നു. പ്രസ്തുതകൃതിയിൽനിന്നു ചില വരികൾ ചുവടേ ചേക്കുന്നു:-

അമ്മ കന്നിമണി തൻെറ നിമ്മലദുഃഖങ്ങളിപ്പോൾ
നന്മയാലേ മനസ്സുററു കേട്ടുകൊണ്ടാലും
സവ്വമാനുഷക്കുവന്ന സവ്വദോഷോത്തരത്തിന്നായ്
സവ്വനാഥൻ മിശിഹയും മരിച്ചശേഷം

.....................................

നതോന്നതയിൽ രചിച്ചിട്ടുള്ള ഈ ഈരടികൾ ആസ്വാദ്യങ്ങളാണ്. വ്യാകുലപ്രബന്ധം ഈ കഥയെത്തന്നെ

വിഷയീകരിച്ച് പാദ്രി ഉപജാതിവൃത്തത്തിൽ നിർമ്മിച്ചിട്ടുള്ള ഒരു ലഘുകാവ്യമാകുന്നു. ആത്മാനുതാപം ഒരു പാപിയുടെ പശ്ചാത്താപത്തിന്റെ പ്രപഞ്ചനമാണ്. ഉമ്മാപർവത്തിന് ദൈവമാതൃചരിതം എന്നും പേരുണ്ട്. അതിലെ വിഷയം കന്യാമറിയത്തിന്റെ ജീവിതകഥയാകുന്നു. മലയാളനിഘണ്ടു 'ത' എന്ന അക്ഷരംവരെയേ പൂരോഗമിച്ചിട്ടുള്ളു. അതിൽ അടങ്ങീട്ടുള്ളതു് പ്രായേണ സംസ്കൃതപദങ്ങളാണ്. മലയാളവ്യാകരണവും സംസ്കൃതത്തിലെ സിദ്ധരൂപത്തെ അടിസ്ഥാനമാക്കിയാണ് എഴുതീട്ടുള്ളതു്. വൃക്ഷസിദ്ധരൂപം കേരളത്തിൽ പഴയകാലത്തു തന്നെ അദ്ധ്യേതാക്കൾ ബാല്യത്തിൽ പഠിച്ചിരുന്നതായി കാണുന്നു. അർണ്ണോസ്പാദ്രിയുടെ വിവിധകൃതികളെ വിവരിക്കുന്ന ഒരു ചെറിയ ഗ്രന്ഥം 1790-ാമാണ്ടിടയ്ക്കു് പൗലീനോസ്പാദ്രി രചിച്ചിട്ടുണ്ട്. മദ്ധ്യവയസ്സിൽമാത്രം കേരളത്തിൽവന്ന് സംസ്കൃതവും മലയാളവും പഠിച്ച് ആ ഭാഷകളിൽ പ്രാവീണ്യംനേടി ഒട്ടനേകം ഗ്രന്ഥങ്ങൾ നിർമ്മിച്ച് കേരളത്തിന്റെ മഹിമ വിദേശങ്ങളിൽ വ്യാപരിപ്പിച്ച ഈ യൂറോപ്യൻപാദ്രി നമ്മുടെ ഹൃദയപൂർവ്വമായ അഭിനന്ദനത്തിന് സർവ്വഥാ പാത്രീഭവിക്കുന്നു. ആദ്യമായി സംസ്കൃതഭാഷയിൽ അനപലപനീയമായ പാണ്ഡിത്യം സമ്പാദിച്ച യൂറോപ്യൻ അദ്ദേഹമാണെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ നിഘണ്ടു മുഴുവനാക്കിയതു് കൊല്ലം പത്താംശതകത്തിൽ ജീവിച്ചിരുന്ന ബിഷപ്പ് പി. മെന്റൽ ആണെന്ന് മേൽ പ്രസ്താവിക്കും."

അർണ്ണോസ്പാദ്രിയുടെ കൃതികളെപ്പററി ശ്രീ: ടി. എം. ചുമ്മാർ ഇപ്രകാരം അഭിപ്രായപ്പെടുന്നു:-

"അർണ്ണോസുപാതിരിയുടെ പ്രധാനകൃതികൾ പുത്തൻപാന, പഞ്ചപർവ്വങ്ങൾ എന്ന ചുരുക്കപ്പേരിനാൽ പ്രസിദ്ധമായ മരണപർവ്വം, വിധിപർവ്വം, നരകപർവ്വം, മോക്ഷപർവ്വം, ഉമ്മാപർവ്വം അഥവാ ദേവമാതൃചരിതം എന്നിവയാകുന്നു. ഇതിൽ പുത്തൻപാനയിൽ യേശുക്രിസ്തുവിൻെറ ജീവചരിത്രവും, കുരിശിൽ തറച്ചു കിടക്കുമ്പോൾ സ്വപുത്രനെ കാണുന്ന കന്യകാമറിയത്തിൻെറ 'നിർമ്മലദുഃഖ'വുമാണു പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്. പർവ്വങ്ങളിൽ ആദ്യത്തെ നാലുകൃതികളിൽ ക്രിസ്തുമതപ്രകാരം മനുഷ്യൻെറ അവസാനമായിട്ടുള്ള നാലവസ്ഥകളെ അതായതു്—മരണം, വിധി, നരകം, മോക്ഷം എന്ന നാലുപാധികളെ ആസ്പദമാക്കിയുള്ള വർണ്ണനകളാണു്. കന്യകമറിയത്തിൻെറ ചരിത്രസംക്ഷേപമാണു് ഉമ്മാപർവ്വത്തിലെ പ്രതിപാദ്യവിഷയം.

അർണ്ണോസുപാതിരിയുടെ വകയായി ഇപ്പോൾ പ്രസിദ്ധപ്പെടുത്തിക്കാണുന്ന കൃതികളിൽ പ്രയോഗസ്ഖാലിത്യം, ഛന്ദോഭംഗം, വിസന്ധി മുതലായ ഒട്ടുവളരെ ന്യൂനതകൾ കാണുന്നുണ്ടു്. എന്നാൽ അവ പലതും സാഹിത്യഗന്ധമില്ലാത്ത പകർപ്പെഴുത്തുകാരുടേയോ അച്ചുക്കൂടക്കാരുടേയോ അശ്രദ്ധയുടേയും, അജ്ഞതയുടേയും ഫലമായി ഉത്ഭവിച്ചവയായിരിക്കണം. അർണ്ണോസുപാതിരിയെപ്പോലെയുള്ള ഒരു തികഞ്ഞ പണ്ഡിതനിൽനിന്നും അത്തരം വൈകല്യങ്ങൾ സംഭവിച്ചു എന്നു വിശ്വസിക്കാവുന്നതല്ല.

ഭക്തിയും വിഭക്തിയുമുള്ള പണ്ഡിതന്മാരിൽ ആ

രെങ്കിലും മേല്പറഞ്ഞ കൃതികളെ ശരിയായവിധത്തിൽ ശുദ്ധിപ്പെടുത്തി പ്രകാശിപ്പിക്കുന്നതു് ഭാഷാസാഹിത്യത്തിന ഗണ്യമായ സഹായമായിത്തീരുന്നതാണു്.

അർണ്ണോസു പാതിരിയുടെ പ്രാരംഭകൃതി പുത്തൻപാന എന്നു പറഞ്ഞുവരുന്ന ക്രിസ്തുചരിതമാണെന്നു തോന്നുന്നു പർവ്വങ്ങളിൽ കാണുന്നതുപോലുള്ള സംസ്കൃതപ്രയോഗം ഇതിൽ കുറവായിരിക്കുന്നു. പർവ്വങ്ങൾ എഴുതിയകാലത്തു സിദ്ധിച്ചിരുന്ന സംസ്കൃതവ്യുല്പത്തി ഇക്കാലത്തുണ്ടായിരുന്നില്ലെന്നാണു് ഇതിൽനിന്നു വ്യക്തമാകുന്നതു്. പാന എന്നുള്ള പേർകൊണ്ടു് സർപ്പിണി എന്ന വൃത്തമാണു് ഇതിൽ ഉപയോഗിച്ചിരിക്കുന്നതെന്നു സ്പഷ്ടമാണല്ലൊ. പൂന്താനത്തിൻെറ ജ്ഞാനപ്പാന മുതലായ കൃതികളെ അനുകരിച്ചായിരിക്കാം ഇതെഴുതിയിട്ടുള്ളതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

പർവങ്ങൾ എല്ലാം കവി എഴുത്തച്ഛൻെറ കിളിപ്പാട്ടുകളെ അനുകരിച്ചെഴുതിയിട്ടുള്ളതാണെന്നു തോന്നുന്നു. കേക, കളകാഞ്ചി മുതലായ കിളിപ്പാട്ടുവൃത്തങ്ങളാണു് പ്രസ്തുതകൃതികളിൽ മുഖ്യമായി പ്രയോഗിച്ചുകാണുന്നതു്. മരണപർവത്തിൽ പ്രസിദ്ധമായ ഗാഥ അഥവാ മഞ്ജരി വൃത്തവും പ്രയോഗിച്ചുകാണുന്നു.

പർവങ്ങളിലെ കവിത വളരെ പ്രശംസാർഹമായിട്ടുണ്ടു്. മോക്ഷപർവത്തിലെ സ്വർഗ്ഗപുരിവർണ്ണന, കുചേലവൃത്തം വഞ്ചിപ്പാട്ടിലെ ദ്വാരകാപുരിവർണ്ണനത്തെ അനുസ്മരിപ്പിക്കുവാൻ മിക്കവാറും പര്യാപ്തമായിരിക്കുന്നു. നരകപർവത്തിലെ പല ഘട്ടങ്ങളും കവിയുടെ വർണ്ണനാ

വൈഭവത്തേയും കല്പനാശക്തിയേയും സ്പഷ്ടമായി വിളിച്ചുപറയുന്നവയാണു്. അതിലെ പിതൃപുത്രസംവാദം രസാവഹമെന്നേ ഇവിടെ പറയുവാൻ തരമുള്ളു.

എഴുത്തച്ഛൻകൃതികൾപോലുള്ള ചില കിളിപ്പാട്ടുകൾ ക്രിസ്ത്യാനികൾക്കും നിത്യപാരായണത്തിനു വേണമെന്നു കരുതിയായിരിക്കണം ഈ വിദേശമിഷ്യനറി പർവങ്ങൾ മുതലായവ എഴുതിയിട്ടുള്ളതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എഴുത്തച്ഛൻകൃതികളിൽ അർണ്ണോസിനു ദൃഢമായ പരിചയമുണ്ടായിരുന്നു എന്നുള്ളതിനു കിളിപ്പാട്ടുകളിലെ ചില ആശയങ്ങൾ അറിയാതെതന്നെ ഇവയിൽ കടന്നുകൂടിട്ടുള്ളതു് നല്ലൊരു തെളിവായി വിചാരിക്കാം......"

ഇനി പാദ്രിയുടെ കൃതികളുടെ സൂക്ഷ്മസ്വഭാവത്തെപ്പററി നമുക്കൊന്നു ചിന്തിക്കാം. ശ്രീ. പണിക്കരും, ശ്രീ: ഉള്ളൂരും, ശ്രീ. ചുമ്മാറും, ശ്രീ: പി. ജെ. തോമ്മസ് തന്നെയുമോ പാദ്രിയുടെ കൃതികൾ ശ്രദ്ധിച്ചുവായിച്ചിട്ടില്ലെന്നാണു് എൻെറ അനുമാനം. അതിനാൽ അവരുടെ നിഗമനങ്ങളിൽ ചില തകരാറുകൾ കടന്നുകൂടിട്ടുണ്ടു്. പൗലിനോസ്പാദ്രിയുടെ ഗ്രന്ഥം 54-ാംപേജിൽ അർണ്ണോസ് പാദ്രിയുടെ കൃതികളെപ്പററി പ്രസ്താവിച്ചിരിക്കുന്നു.

പാശ്ചാത്യർക്ക് സംസ്കൃതഭാഷയിൽ പ്രാവീണ്യം സിദ്ധിക്കുന്നതിനു് ആദികാരണം പാദ്രിയുടെ നിഘണ്ടുവും സംസ്കൃതവ്യാകരണവുമാണെന്നു് പൗലിനോസ്പാദ്രി പ്രത്യേകം പ്രസ്താവിക്കുന്നു. അദ്ദേഹത്തിൻെറ കൃതിയായ 'India Orientalis Christiana' എന്ന ബൃഹദ്ഗ്രന്ഥത്തി

ലാണ് അർണ്ണോസിനെപ്പററിയുള്ള വിവരങ്ങൾ പ്രസ്താവിച്ചിട്ടുള്ളത്. അർണ്ണോസ്പാദ്രിക്ക് കേരളത്തിലും മലയാളഭാഷയിലും ഉള്ള സ്ഥാനം യഥാർഹം അംഗീകൃതമായി വരുന്നതേ ഉള്ളു. മലയാളഭാഷ നിലനിൽക്കുന്നിടത്തോളംകാലം അദ്ദേഹത്തിൻെറ നാമം അക്ഷയഭാസ്സോടുകൂടി പ്രകാശിക്കുമെന്നുള്ളതിനു സംശയമില്ല: പാദ്രിയുടെ പർവ്വങ്ങൾ എഴുത്തച്ഛൻെറ ഭാരതം കഴിഞ്ഞാൽ ഒന്നാംകിടയിൽത്തന്നെ സ്ഥിതിചെയ്യുന്നു എന്നുള്ള കേരളവർമ്മ വലിയകോയിത്തമ്പുരാൻെറ അഭിപ്രായവും ഇവിടെ സ്മർത്തവ്യമാണ്.

മാക്സ്മുള്ളർ പൗലിനോസ്പാദ്രിയെപ്പററി പറയുമ്പോൾ അർണ്ണോസ്പാദ്രിയേയും സ്പർശിക്കുന്നുണ്ട്. പൗലിനോസ് 1804-ൽ രചിച്ച സംസ്കൃതവ്യാകരണത്തെപ്പററി ചർച്ച ചെയ്തിരിക്കുന്നു. ഇതിനെപ്പററി മാക്സ്മുള്ളർ ഇപ്രകാരം എഴുതുന്നു:-

He (Fr. Paulinos) wrote several essays on the antiquities mythology and religion of India. He made such use of the papers left by the Jesuit Hanxliden (അർണോസ്) who to judge from the quotations given by Fr Paulinos must have had a very profound knowledge of Sanscrit. Fr. Paulino himself speaks of അമരസിംഹ (or Sanscrit Dictionary) "Of the Dictionary I have at hand 3 copies. The first is old and is written by a certain Brahman in very minute Sanscrit—Malayalam script, on palm leaves called ഓല. The second has been copied by myself from an old codex belonging to a Francis Texeira, a native well versed in the language. The third—more precious than its weight in gold was originally written in verses and copied out by the Fr. John Hanxleden S.J. who was throughly conversant with Sanscrit."

[See Jesuits in Malabar II Vol, P. 119, by Ferroli S. J.]

Frederic Von Sehlegel speaks highly of Fr. Hanxleden's (അർണോസ് പാദ്രി) knowledge of Sanscrit

Benfey says of Fr. Hanxleden as follows: "Had his Sanscrit works been published immediately after their composition, they would doutlless have proved an important factor in the 18th Century, for the passion for linguistic researches was then at its highest."

ഈ പ്രസ്താവനയിൽനിന്നും അർണോസ് പാദ്രിയെ ആനന്തരകാലത്തുമുള്ള പണ്ഡിതലോകം എത്രത്തോളം ബഹുമാനിച്ചിരുന്നുവെന്നു തെളിയുന്നു.

അർണോസ് പാദ്രിയുടെ കൃതികളെന്നു സർവ്വസമ്മതി ലഭിച്ചിട്ടുള്ളവയുടെ പട്ടിക താഴെച്ചേർക്കുന്നു. ഉള്ളൂർ തുടങ്ങിയുള്ളവർക്കു ഗ്രന്ഥനാമനിർണ്ണയത്തെ സംബന്ധിച്ചിടത്തോളം തെററുപററീട്ടുണ്ടെന്ന് അതിൽനിന്നും വെളിവാകുന്നതാണ്.

ഫാദർ പൗലിനോസ്, ഫാദർ ഏർണസ്റ്റിൻെറ (അർണോസ് പാദ്രിയുടെ) കൃതികളുടെ പട്ടിക രേഖപ്പെടുത്തീട്ടുള്ളതു് ഇപ്രകാരമാണ്:-

1. Grammatica Granthamica prima quae aruit in Europa.
2. Vocobarium Malabarico Samscrit adimco Lusithanum.
3. Grammatica Malabarico-Lusitani..
4. Quator Insignes Cantus Sen Tractatus Metro Malabarico Scripti de Quator Novissimis Nalu parva dicti.
5. Catus des Genoveva Germania Comite.
6. De Tristitia B M V Umade Sukham Dictum.
7. Vita Christi Servatoris sen 4. Evengelia metro-facili etelegenti composita, Quae Mishihade pana dicunur.

8. Hymno Ave Mar's stella &c., &c. See Jesuits in Malabar Vol. II Page 321.

ഈ പട്ടികയിൽനിന്നും അർണ്ണോസുപാദ്രിയുടെ കൃതികൾ താഴെക്കാണുന്നവയാണെന്നു വ്യക്തമാകുന്നു.

1. മിശിഹാടെ പാന

യേശുക്രിസ്തുവിന്റെ ജീവചരിത്രസ്പർശിയായി പാന വൃത്തത്തിലുള്ള 13 പാദങ്ങൾ. ഇതു് പുത്തൻപാന എന്ന പേരിലാണു് അറിയപ്പെടുന്നതു്. കെ. സി. കേശവപിള്ള പിഴതീർത്തെഴുതിയ ഈ ഗ്രന്ഥം മാന്നാനംപ്രെസ്സിൽ അച്ചടിച്ചതായി ടി പ്രെസ്സിലെ ഹെഡ്കംപോസിറ്റർ എസ്തപ്പാൻ പറയുന്നു.

2 ചതുരന്ത്യം

മരണം, വിധി, നരകം, മോക്ഷം എന്നിങ്ങനെ മനുഷ്യൻെറ നാലു് അന്ത്യങ്ങളെ കിളിപ്പാട്ടുരീതിയിൽ പ്രതിപാദിക്കുന്നതു്. ഇതു് ഉമ്മാപർവ്വം കൂടിച്ചേർത്തു് 'പഞ്ചപർവ്വം' എന്ന പേരിൽ അറിയപ്പെടുന്നു. ഉമ്മാപർവം ഒരു പ്രത്യേകഗ്രന്ഥമാണു്. ഇതിൻെറ അംശമല്ല. പഞ്ചപർവം എന്ന പേർ പാദ്രി കൊടുത്തിട്ടില്ല.

3. ഉമ്മാപർവം

ദേവമാതാവിൻെറ ചരിത്രത്തെ പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥം.

4. ഉമ്മാടെ ദുഃഖം

സ്വപുത്രനായ യേശുക്രിസ്തുവിൻെറ മൃതശരീരം ദർശിച്ചുകൊണ്ടു് ദേവമാതാവിൻെറ വിലാപമാണു്

ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നത്. ഇതിലെ വൃത്തം നതോന്നതയാണ്.

5. ഉമ്മാടെ വ്യാകുലപ്രബന്ധം

ദൈവപുത്രനായ യേശുക്രിസ്തുവിന്റെ മൃതശരീരം ദർശിച്ചുകൊണ്ടു ദേവമാതാവിന്റെ വിലാപം. സംസ്കൃതവൃത്തത്തിൽ എഴുതപ്പെട്ടതാണ് ഈ ഗ്രന്ഥം. ഇരു സംസ്കൃതവൃത്തത്തിൽ കവനംചെയ്യുന്നതിന് കവിയുടെ കഴിവു വെളിവാക്കുന്നു.

ആത്മാനുതാപം എന്നൊരു കൃതി പാതിരി എഴുതീട്ടില്ല. പട്ടികയിൽ അതു കാണുന്നുമില്ലല്ലൊ. എന്നാൽ ഈ പേരിൽ ചാവറ കുര്യാക്കോസ് കത്തനാർ ഒരു കൃതി രചിച്ചിട്ടുണ്ട്. ഈ വസ്തുത എന്റെ 'കരയുന്ന മതിൽ' എന്ന കൃതിയിൽ പ്രസ്താവിച്ചിട്ടുണ്ടെന്നു മാത്രമല്ല, അതിൽനിന്നു ചില ഭാഗങ്ങൾ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്.

6 ജനോവാപർവ്വം

ജനോവാ എന്ന പുണ്യവതിയുടെ ജീവചരിത്രമാണ് ഇതിലെ ഉള്ളടക്കം. മരുത്തോർവട്ടം ഇതിനെ അധികരിച്ച് എഴുതീട്ടുള്ള 'ജനോവാചരിതം' എന്നൊരു ഗ്രന്ഥം കെ. സി. കേശവപിള്ള പരിശോധിച്ചതായി കാണുന്നു. പാതിരി ഇങ്ങനെയൊരു കൃതി നിർമ്മിച്ചതായി ഇതേവരെ മേൽപ്പറഞ്ഞ പണ്ഡിതന്മാരാരുംതന്നെ പ്രസ്താവിച്ചിട്ടില്ല. എന്നാൽ ഇതു പാതിരിയുടെ കൃതിയാണെന്നു പൌലിനോസ് പാതിരിയുടെ പട്ടികയിൽ 5-ാംനമ്പരായി ചേർത്തിരിക്കുന്ന 'Catus des Genoveva Germania Comite' എന്ന

പേർ വ്യക്തമാക്കുന്നു. അതിനാൽ ഇക്കാര്യത്തിൽ യാതൊരു സംശയത്തിനും വകയില്ല.

7. സംസ്കൃതവ്യാകരണം

യൂറോപ്പിൽ ആദ്യമായി പ്രസിദ്ധംചെയ്ത സംസ്കൃതവ്യാകരണമാണിതു്.

8. നിഘണ്ടു

a) മലയാള സംസ്കൃത നിഘണ്ടു

b) മലയാളം പോർട്ടുഗീസ് നിഘണ്ടു

9. മലയാളം പോർട്ടുഗീസ് വ്യാകരണം

10. ആവേ മാരീസ് സ്റ്റെല്ലാ

(അർണ്ണവതാരമേ ജയിച്ചാലും)

ഇതു ദേവമാതാവിനെപ്പററിയുള്ള ഒരു സ്തുതിഗീതമാണു്. കൃതി കിട്ടുന്നില്ല.

അർണ്ണോസ് പാദ്രിയുടെ സാഹിതീസേവനത്തെപ്പററി വേണ്ടവണ്ണം ഗ്രഹിക്കുന്നതിനു് അദ്ദേഹത്തിൻെറ കൃതികൾ ഒന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

## 1. പുത്തൻപാന

പുത്തൻപാന എന്നറിയപ്പെടുന്ന ഗ്രന്ഥത്തിൻെറ യഥാർത്ഥനാമധേയം 'മിശിഹാടെ പാന' എന്നാണെന്നു കാണുന്നു. ഇതിൻെറ നാലുപതിപ്പുകൾ ഞാൻ പരിശോധിച്ചതിൽ നാലും നാലുവിധത്തിലാണു കാണുന്നതു്. ഭാഷാവൃത്തങ്ങളുടെ സ്വഭാവത്തെപ്പററി ജ്ഞാനമില്ലാത്തവർ വരുത്തീട്ടുള്ള വ്യത്യാസവും ലേഖകപ്രമാദവും നിമിത്തം ഈ കൃതിക്കു വലുതായ വ്യത്യാസങ്ങൾ വന്നുപോയിട്ടുണ്ടു്. അന്ധകാരത്തിനു് ആകാന്ധകാരമെന്നും, മനസ്സാ

ധ്യത്തിന് മനോസാധ്യമെന്നും മററും പ്രയോഗിച്ചുകാണുന്നു. ലീലാതിലകകാലത്തെ മണിപ്രവാളത്തിനുശേഷം എഴുത്തച്ഛൻ വെട്ടിത്തുറന്ന വാഴിത്താരയിലൂടെയാണ് പാദ്രി സഞ്ചരിച്ചിട്ടുള്ളത്. അക്കാലത്തു പ്രചാരത്തിലിരുന്ന 'പാനവൃത്തം' പാദ്രിയെ ആകർഷിച്ചതും അത്ഭുതമല്ല. ഇങ്ങനെ പതിമ്മൂന്നുപാദങ്ങളുള്ള ഒരു വിശിഷ്ടകൃതിയാണ് മിശിഹാടെ പാന. ഇതിന് പുത്തൻപാന എന്നു പേരിട്ടതു് അതിന്റെ പുതുമയാൽ ആകർഷിക്കപ്പെട്ട അനുവാചകന്മാരായിരിക്കാം. മിശിഹാടെ പാനയിൽ ഓരോ പാദത്തിൽനിന്നും 30 ഈരടികൾ കാവ്യസ്വഭാവവും പാദ്രിയുടെ പ്രതിപാദനരീതിയും ഗ്രഹിക്കാനായി ഉദ്ധരിച്ചുകൊള്ളട്ടെ.—

## ഒന്നാംപാദം

ആദം ചെയ്ത പിഴയാലേ വന്നതും
ഖേദനാശവും രക്ഷയുണ്ടായതും
ശിക്ഷയാംവണ്ണം ചൊല്ലുന്നു സത്വരം
സൂക്ഷ്മമാം കഥ കേൾക്കണമേവരും
എല്ലാമംഗളകാരണ ദൈവമേ
നല്ലചിന്തയെനിക്കുളവാക്കണേ
ജന്മദോഷമൊഴിച്ചു രക്ഷിച്ചോരു
നിമ്മലനീശോ കാരുണ്യമേകണം
ഉമ്മ കന്യകേ ശുദ്ധശോഭാനിധേ
എന്മനസ്സുമസ്സോക്കെ നീക്കേണമേ
വാനവർ നിവിയന്മാർ ശ്ലീഹന്മാരും
വാനത്തിൽ വിളങ്ങും പുണ്യവാളരും

വന്നൊനിക്കു സഹായമായുള്ളിലെ
മന്ദം നീക്കി വെളിവുദിപ്പിക്കേണം
സത്യമങ്ങറിയിച്ച ഗുരുവരൻ
മാർതോമായും സഹായമാകേണമേ
ഇത്ഥം കേരളസത്യവേദികളെ
നിത്യം ചിന്തയാൽ പാലനം ചെയ്യുന്ന
മെപ്രാന്മാരുടെ സഞ്ചയശോഭനൻ
മേല്പട്ടത്തിന്നലങ്കാരവർദ്ധനൻ
മെത്രാന്മാരിലഗ്രേസരനുത്തമൻ
ശാസ്ത്രജ്ഞന്മാരിലാദ്യൻ തപോനിധി
കറയററ ഗുണാന്വിതശീലകൻ
മാറന്തോനീസെന്നോട്ടു കല്പിച്ചനാൾ
അങ്ങേയാശീർവ്വാദത്താലനുഗ്രഹം
മംഗലം വരുത്തീടുമറിഞ്ഞു ഞാൻ
സാരവാർത്തകൾ ചൊന്നുതുടങ്ങുന്നു
സാരസ്യമിതു കേട്ടുകൊള്ളേണമേ.
ആദിക്കു മുൻപിൽ സർവ്വഗുണങ്ങളാൽ
സാദമെന്നിയേ സമ്പൂർണ്ണമംഗലൻ
1 ആദിയുമനാദിയുമാം തമ്പുരാൻ
ഖേദവർജ്ജിതൻ സ്വാധീനനാരതൻ.
ഇടമൊക്കെയും വ്യാപിച്ച സ്വാമിയും
ഇടത്തിലടങ്ങാത്ത മഹത്വവും
സർവകർമ്മങ്ങൾക്കാദിയുമന്തവും
സർവവസ്തുക്കൾക്കുപായനാഥനും.

---

1 ആദിതാനുമനാദിയാം തമ്പുരാൻ പാഠാന്തരം.

എല്ലാ രൂപത്തിന്നാരൂപരൂപവും
എല്ലാ തൃപ്തി നിരന്തരപ്രാപ്തിയും
എല്ലാം ബുദ്ധിയാൽ കണ്ടറിയുന്നവൻ
എല്ലാം സാധിപ്പാനും വശമുള്ളവൻ
ഒന്നിനാലൊരു മുട്ടുവരാത്തവൻ
ഒന്നുംതിട്ടതിയില്ലാത്ത ഭാഗ്യവാൻ
തന്റെ 1മുഷ്കൂരം കാട്ടുവാൻ കാരണം
മററുസൃഷ്ടികൾ നിർമ്മിച്ചാരംഭിച്ചു
ആകാശമുടൻ ഭൂമിയുമാദിയായ്
വാക്കിൻശക്തിയാൽ ഭൂതമായ് വന്നിതു
എത്ര ഭാരമായുള്ള ലോകങ്ങളെ
ചിത്രമർദ്ധക്ഷണംകൊണ്ടു സൃഷ്ടിച്ചു
എത്രയത്ഭുതമായതിൽ നിർമ്മിച്ച
ചിത്രകൗശലമെത്ര മനോഹരം!
മാലാഖമാരാം പ്രതാപമേറിയ
സ്വർല്ലോകപ്രഭുസമൂഹവും തഥാ
സൂക്ഷ്മമക്ഷയം ദീപ്തിലഘുതാവും
രക്ഷകൻ നൽകി ഭൃത്യവൃന്ദത്തിന്
2ധീസ്മരണ മനസ്സിതു ത്രിവശം
വിസ്മയനാഥൻ നൽകി സ്വസാദൃശ്യം
തൽപ്രതാപപ്പെരുമയറിവാനും
തൽപരനെ സ്തുതിച്ചാരാധിപ്പാനും

---

1 പ്രാഭവം എന്നു പാഠാന്തരം.

2 ധീസ്മരണ മാനസമാം ത്രിവശം.

ഇപ്രകാരമൃഷിസമൂഹത്തെ
ഞാൻ പ്രിയത്തോടു സൃഷ്ടിച്ചനവധി
മാനുഷരെപ്പിഴപ്പിച്ചുകൊള്ളുവാൻ
മാംസദാഹമോടു പിശാചവൻ
തൻ കരുത്തു മറച്ചിട്ടുപായമായ്
ശങ്കകൂടാതെ ഹാവായോടോതിനാൻ
മങ്കമാർമണിമാണിക്യരത്നമേ!
പെൺകുലമൗലേ കേൾ മമ വാക്കു നീ
നല്ല കാര്യനിയും വെടിഞ്ഞിങ്ങനെ
അല്ലലായിരിപ്പാനെന്തവകാശം?
എന്നസുരൻ മധുരം പറഞ്ഞപ്പോൾ
ചൊന്നവനോടു നേരായവാർത്തകൾ
"കണ്ടതെല്ലാമടക്കി വാണീടുവാൻ
ദണ്ഡമെന്നിയേ കല്പിച്ചു തമ്പുരാൻ
വേണ്ടുന്നതെല്ലാം 1സാധിച്ചുകൊള്ളുവാൻ
വേണ്ടുന്ന വരവും തന്നു ഞങ്ങൾക്കു്
പിന്നെയീ മരത്തിന്റെ കനിയിതു്
തിന്നരുതെന്നൊരു വിധികല്പിച്ചു
ദേവകല്പന കാത്തുകൊണ്ടിങ്ങനെ
ദേവസേവികളായിരിക്കുന്നിതാ.
ഹാവായിങ്ങനെ ചൊന്നതിനുത്തരം
അവൾ സമ്മതിപ്പാനസുരേശനും
വഞ്ചനയായവൻ ചതിവാക്കുകൾ
നെഞ്ചകം തെളിമാറുരചെയ്തവൻ

1. സിദ്ധിച്ചു

“കണ്ടകാൎയ്യമിനിയുണ്ടുകൊണ്ടിങ്ങനെ
കുന്ദരായ് നിങ്ങൾ വാഴ്വതഴകത്തോ?
സാരമായ കനി ഭുജിച്ചീടാതെ
സാരഹീനഫലങ്ങളും ഭക്ഷിച്ചു
നേരറിയാതെ സാരരഹിതരായ്
1 പാരിൽ മേവുന്നതെന്തു മൃഗസമം
എത്ര വിസ്മയമായ കനിയിതു
സത്യമാണെന്റെ വാക്കെന്നറിഞ്ഞാലും
നന്മയേററം വളൎത്തുമിതിൻ കനി
തിന്മാനും രുചിയുണ്ടിതിനെത്രയും
ഭാഗ്യമായ കനിയിതു തിന്നുവാൻ
യോഗ്യരോ നിങ്ങളെന്നറിഞ്ഞില്ല ഞാൻ
അററമില്ലിതു തിന്നാലതിൻ ഗുണം
കററവൎക്കറിയാമെന്നതേ വേണ്ടു.
ദിവ്യമായ കനിയിതു തിന്നുകിൽ
ദേവനു സമമായ് വരും നിങ്ങളും
ആയതുകൊണ്ടു ദേവൻ വിരോധിച്ചു
ആയുപായത്തട്ടിപ്പു ഗ്രഹിച്ചു ഞാൻ
സ്നേഹം നിങ്ങളെയുണ്ടെന്നതുകൊണ്ടു
മഹാസാരരഹസ്യം പറഞ്ഞു ഞാൻ
ചൊന്ന സാരം ഗ്രഹിച്ചിതു തിന്നുകിൽ
വന്നീടും മഹാഭാഗ്യമറിഞ്ഞാലും.
ദുഷ്ടനിഷ്ടം പറഞ്ഞതുകേട്ടപ്പോൾ
കഷ്ടമാകനി തിന്നു പിഴച്ചഹോ!

1 പാരിൽ മൃഗസമാനമെന്നിങ്ങനെ

നഷ്ടമായയെന്നറിയാതെ പിന്നെയും
ഇഷ്ടഭക്ഷ്യമായ് നൽകി ഭർത്താവിനും
ഹാവാ തങ്കൽ മനോരുചിയാകയാൽ
അവൾക്കിമ്പം വരുവതിനാദവും
ദേവകല്പന ശങ്കിച്ചിടാതന്നു
അവനും ചൊന്നതു സമ്മതിച്ചുകനി
തിന്നവൻ പിഴപെട്ടോരനന്തരം
പിന്നെയും ദേവഭീതി ധരിച്ചില്ല.
ഉന്നതനായ ദേവനതുകണ്ടു
തന്നുടെ വിധി ലംഘനം ചെയ്കയാൽ
താതൻ തൻെറ തനയരോടെന്നപോൽ
നീതിമാനഖിലേശപരൻ കോപിച്ചു
ആദം നീയെവിടെയെന്നരുൾ ചെയ്ത
നാദം കേട്ടു കലുങ്ങി പറുദീസാ.

## മൂന്നാംപാദം

പുഷ്പം മുന്നമേ പിന്നെയുണ്ടാം ഫലം
വൃഷ്ടിക്കു മുൻപിൽ മേഘമുണ്ടായ്വരും
സൂര്യാഗ്രേസര പ്രത്യൂഷനക്ഷത്രം
വരുന്നേരമഹസ്സുട്ടക്കും ധ്രുതം.
കാലത്തിന്നുടെ മദ്ധ്യമടുത്തപ്പോൾ
ഭൂലോകത്തിന്നു രക്ഷയുദിപ്പാനായ്
വെളിച്ചമേറും നക്ഷത്രമെന്നപോൽ
തെളിവോടങ്ങുദിച്ചു കന്യാമണി.
വെന്തഭൂമിക്കു ശീതവർഷത്തിനായ്
അത്യന്തഗുണവാഹമേഘമിതു

ഉത്തമഫലം പൂവിന്നുണ്ടാകുവാൻ
ചിത്തമോഹനരൂപപുഷ്പമിത്.
ദേവസൂര്യന്നുദിപ്പാനവനിയിൽ
ദേവാനുഗ്രഹതാരമുദിച്ചിതു
1 രാജരാജൻ ധരയെഴുന്നള്ളുവാൻ
രാജസിംഹാസനം ചമയിച്ചിതു.
2 രാജമുഖ്യരത്നത്തിന്നടുത്തൊരു
രാജധാനി പണിചെയ്തു ശോഭയിൽ
സർവ്വദോഷാൽ വലയുന്ന മർത്ത്യരെ
സർവ്വദോഷമകററി രക്ഷിച്ചീടാൻ
സർവ്വേശൻ നരനാവാൻ ജനനിയായ്
സർവ്വനിർമ്മലകന്നി പിറന്നിതു
മാനുഷകുലശ്രേഷ്ഠരത്നമിതു
തിന്മയററ ഗുണഗണശാലിനി.
ഭൂർലോകത്തിന്നാപജയകാരണം
സ്വർലോകത്തിന്നു മാന്യയാം സ്ത്രീമണി
കറയററ നൈർമ്മല്യം ധരിച്ചവൾ
നിറമുള്ള ധർമ്മങ്ങടെ ഭാജനം.
ജനിച്ചന്നേ സമ്പൂർണ്ണചന്ദ്രൻപോലെ
മനോജ്ഞപ്രഭ വീശിത്തുടങ്ങിനാൾ.
പാപത്തിൻ നിഴൽപോലുമേ തൊട്ടില്ല
തമ്പുരാനിഷ്ടപുണ്യമെല്ലാമുണ്ട്

---

1 രാജരാജനിപ്പാരിലെഴുന്നള്ളാൻ
രാജസിംഹാസനത്തെ നിർമ്മിച്ചിതു.
2 രാജവൈഭവത്തിന്നാങ്ങടുത്തൊരു.

ജന്മദോഷനിഴൽപോലും തീണ്ടാതെ
നന്മയിൽ മുളച്ചുണ്ടായ നിർമ്മലാ
റൂഹാദക്കുദിശായവളെയുടൻ
മഹാസ്നേഹത്താലലങ്കരിച്ചിതു.

ആത്മാവിന്നുടെ സാമർത്ഥ്യമായവ
സമ്മതിച്ചുകൊടുത്തു പ്രിയത്തോടെ
മാലാഖമാർക്കും മാനുഷർക്കുമുള്ള
ആത്മപുഷ്ടിയിതിനോടൊത്തുവരാ.

പുത്രൻ തമ്പുരാനു ജനനിയാവാൻ
മർത്ത്യജന്മത്തെ വരിച്ചു കൈക്കൊണ്ടു
ബാവപുത്രിയവളെന്നതുപോലെ
സർവ്വത്തെക്കാളുമേറെ സ്നേഹിച്ചിതു.

മാലാഖമാരിൽ മുഖ്യന്മാരായവർ
വേലയ്ക്കു നില്പാനേറെയാഗ്രഹിച്ചു
ഗൗറിയേലിനെത്തമ്പുരാൻ കല്പിച്ചു
സാന്നിധിയാം മറിയത്തെക്കാപ്പാനായ്.

സർവ്ഭ്രതരുമാദരിപ്പാനായി
മറിയമെന്ന നാമധേയമിതു
ത്രിലോകത്തിലും പൂജ്യമാം നാമത്തെ
കല്പിച്ചു പേരുമിട്ടു സർവ്വേശ്വരൻ
ജനിച്ചന്നോ തികഞ്ഞ ബുദ്ധിപ്രഭാ
മാനസത്തെ നടത്തും യഥോചിതം
ബുദ്ധിധ്യാനവും ചിത്തരസങ്ങളും
പ്രധാനഗുണമിച്ഛിക്കും സന്തതം

ഭൂലോകം പ്രതിയിളപ്പയൊരിക്കലും
ഉള്ളിൽ പൂകാതെവാണു തപസ്വിനി
മൂന്നുവയസ്സിൻകാലം കഴിഞ്ഞപ്പോ-
ളന്നൊറോശലം പള്ളിയിൽ പാത്തവൾ.

## നാലാംപാദം

ഉമ്മ കന്യക നസ്രസിൽ പോയപ്പോൾ
നന്മയുള്ള ഗുണവൃത്തി തപസ്സിന്നും
തുമ്പമേതും വരുത്താതെ നിഷ്ഠയായ്
മുൻപിൽ പള്ളിയിൽ പാത്തിരിക്കുംവണ്ണം
സ്വാമിതന്നുടെയിഷ്ടമതുപോലെ
ശ്രമിച്ചു പുണ്യഭർത്താവും താനുമായ്
ഏകമാനസാൽ പുണ്യകാര്യത്തിനു
സങ്കല്പിച്ചു പുറപ്പെട്ടിരുപേരും.
ഒട്ടൊഴിയാതെ ധർമ്മഗുണത്തിനും
കൂടെ ക്ലേശിച്ചു വിഘ്നം വന്നീടാതെ
അവർകളുടെ മംഗലവൃത്തിയെ
നാവിനാൽ പറഞ്ഞൊപ്പിച്ചുകൂടുമോ?
ഔസേപ്പു ശുഭപൂർണ്ണനദിയെങ്കിൽ
ആ സ്ത്രീരത്നം സമുദ്രമെന്നോതിടാം
ആയവൾ മുഖ്യതകൊണ്ടദ്രിയെങ്കിലോ
1 ആയുമ്മാ മലമുകളെന്നു നൂനം
മാണിക്യംകൊണ്ടവൾ പൊന്നൊന്നാകിലോ
മണിനായകക്കല്ലായുമ്മതന്നെ.

---

1 അംബികാ മലതൻ മുകളായ് വരും

ഭൂതലത്തിലും സ്വർഭുവനത്തിലും
ആ സ്ത്രീരത്നത്തോടൊപ്പമില്ലാരുമേ
സൃഷ്ടിചെയ്ത കർത്താവിന്റെ മുഖ്യതാ
സൃഷ്ടിമുഖ്യമിതേറെ സ്തുതിക്കുന്നു.
സ്വന്നിധികളാൽ വ്യാപ്തമലംകൃതം
തമ്പുരാന്റെയിരുപ്പിന്നു പാത്രമായ്
എന്നു തോന്നിയ നേരത്തു തമ്പുരാൻ
തന്നുടെ[1] മനിഷ്ടത്തെയയച്ചിതു
കന്യകയുടെ സമ്മതം കേട്ടിട്ട്
കന്യയ്ക്കു സൂനുവാകുവാൻ തമ്പുരാൻ
ദൂത്യത്തിന്നേറെ യോഗ്യതയുള്ളൊരു
ദൂതരിൽ ബഹുമാന്യനൊല്ലിച്ചു
രാത്രി പാതിചെന്നെത്തിയ നേരമായ്
ഉത്തമധ്യാനയുക്തയുമ്മായുമായ്
രഹസ്യനമസ്കാരം ചെയ്യുന്നപ്പോൾ
മഹാഭക്തനാം ഗൗറിയേൽ മാലാഖാ
സ്വനാഥയിതെന്നൊത്രയും ഭക്തിയാൽ
ചെന്നു വന്ദിച്ചു കുമ്പിട്ടുണർത്തിനാൻ:
"സ്വസ്തി നിന്നിൽ സർവേശതിരുവുള്ളം
ദത്തമാം ഗുണംകൊണ്ടു നിറഞ്ഞോളെ
നിന്നോടുകൂടെ നാഥനാം തമ്പുരാൻ
നീ വധുക്കളിലാശീർവാദപ്പെട്ടു."
ഇത്യാദി വാക്കു കേട്ടുടൻ കന്യകാ
[2]അത്യന്തം പരിഭ്രമിച്ചു ശങ്കിച്ചു

---

1 ദൂതൻതന്നെയയച്ചിതു.
2 സംഭ്രമിച്ചു ശങ്കാകുല

സ്തുതിരൂപമാം വാക്കിതെന്തിങ്ങനെ
ചിന്തിച്ചു മഹാസംശയം പൂണ്ടുടൻ
മാനസത്തിലെല്ലാം കാണും വിധൌ
വന്ന ദൂതനെണർത്തിച്ചു തന്നേരം.
"ചിന്ത നീക്കിൻ മറിയം പേടിക്കേണ്ട
തമ്പുരാൻെറ പ്രസാദം നിനക്കുണ്ട്
നിനക്കുദരേ ഗർഭമുണ്ടായ്‌വരും
സൂനവെ പ്രസവിക്കുമനന്തരം.
അവനെ 'ഈശോ' പേർ നീ വിളിക്കേണം
ഭുവനങ്ങളിൽ വലിയവനാകും.
ഏകനത്യുന്നതൻെറ പുത്രനിവൻ
സകലേശനനന്തദയാപരൻ.
ജനകനാകും ദാവീദുരാജൻെറ
തനയനീയാൾ വാഴും സിംഹാസനേ
യാക്കോ തന്നുടെ ജന്മത്തിൽ വാണിടും
നീക്കമില്ലിതിനന്തവും വന്നിടാ"
അന്നേരമരുളിച്ചെയ്തു കന്യകാ
"എങ്ങനെ ഭവിച്ചീടുമിതൊക്കവേ
പുരുഷസംഗം ഞാനറിയുന്നില്ല
നരസംമോഹ പ്രത്യാശയില്ല മേ."

## അഞ്ചാംപാദം

വൻപനാഗസ്റ്റോസ് കേസർമഹാരാജൻ
കല്പിച്ചു തൻെറ ലോകരെയെണ്ണുവാൻ
നൂതനം തലക്കാണവും വാങ്ങിച്ചു
സാധനത്തിലെഴുതണം ലോകരെ

ജന്മമായ നഗരിയിൽ കൂട്ടവാ-
നമ്മഹീപതി കല്പിച്ചറിയിച്ചു
ദാവീദുരാജൻ പുത്രൻ യൗസേപ്പും
ദൈവമാതാവും ദാവീദുഗോത്രികൾ1
താതൻ രാജാവു ദാവീദു വാണതു
ബെസ്ലഹം തന്നിലെന്നതുകാരണം
പോകണമവർ ബസ്ലഹം ചന്തയിൽ
സകലേശവിധിയുമതുപോലെ
ഉമ്മായും യവുസേപ്പുമെഴുന്നള്ളി
ജന്മഭൂമിയവർക്കതറിഞ്ഞാലും
ബെത്സ്ലഹേംപുക്ക രാജവിധിപോലെ
ബെത്സ്ലഹേം ചന്തയാകെ നടന്നവർ
ഇരിപ്പാനൊരു വീടുതിരഞ്ഞാറെ
യാരും കൈക്കൊണ്ടില്ലീ നരമുഖ്യരെ
മുഷ്കരന്മാർക്കു നൽകി ഭവനങ്ങൾ
സൽക്കരിച്ചുകൊടുക്കുന്നവരെല്ലാവരും
ഇവരെത്രയും നിർദ്ധനരാകയാ-
ലാവാസത്തിന്നു സ്ഥലമില്ലാഞ്ഞാറെ
ശ്രേഷ്ഠനാഥയ്ക്കു പ്രസൂതികാലമായ്
ഗോഷ്ഠാനത്തിലിറങ്ങിപ്പാർത്താരവർ
വില്ലഞ്ചു വിംശതി ഞായർവാസരേ
സ്വപ്നം ഭൂമിയിൽ വ്യാപിച്ച കാലത്തിൽ
തിന്മയാലുള്ള താപങ്ങൾ നീക്കുവാൻ
ഭൂമിക്കാനന്ദത്തിന്നുള്ള കാരണാൽ,

1 ഗോത്രജർ.

ഉത്തമധ്യാനം പൂണ്ടൊരു കന്യകാ
പുത്രദർശനമേറെയിച്ഛിച്ചപ്പോൾ
രാത്രി പാതി തികഞ്ഞൊരനന്തരം
ചിത്രമെത്രയും നീങ്ങിയിരുട്ടുകൾ.
മനോജ്ഞനൊരു സൂര്യോപമാനനായ്
കന്നിപുത്രൻ ഭൂപാലൻ പിറന്നിതു്
കന്യതാക്ഷയം വരാതെ നിർമ്മലാ
ഊനംകൂടാതെ പെറ്റു സ്വവിസ്മയം.
കുപ്പിക്കു ഭേദംവരാതെയാദിത്യൻ
കുപ്പി തന്നിൽ കടക്കുന്നതുപോലെ
ഉദരത്തിന്നു ഭേദം വരുത്താതെ
മേദിനിയിലിറങ്ങി സർവ്വപ്രഭു
സൂതിദുഃഖങ്ങളുമ്മായറിയാതെ
പുത്രനെപ്പുരോഭാഗത്തിൽ കണ്ടുടൻ
ഉള്ളകത്തു കൊള്ളാത്തുള്ള സന്തോഷാൽ
പിള്ളതന്നെയെടുത്തമ്മാ ഭക്തിയാൽ.
ആദരിച്ചു തൃക്കാൽ മുത്തി ബാലനെ
സ്നേഹസാധനം മാനസേ പൂജിച്ചു
ദേവമർത്ത്യനായ് വന്നുപിറന്നോരു
ദേവബാലനെ മാതു കൊണ്ടാടിനാൾ.
1 ആട്ടുകൾക്കിടയരുടെ സഞ്ചയം
ആട്ടുകൾ മേച്ചിരുന്ന സമയത്തിൽ
ആ ജനം മഹാശോഭകണ്ടു ക്ഷണം
രജനിയിലീ വെള്ളിവെന്തിങ്ങനെ!

---

1 'ആട്ടുകൾക്കിടയർ' ഇത്യാദി പ്രാചീനപ്രയോഗങ്ങൾ ഈ കൃതിയിൽ സുലഭങ്ങളാണു്.

പകുച്ചു മഹാഭപേടിയും പൂണ്ടവർ
ആകാശത്തിൽ വികാരമുണ്ടാകയാൽ
മാലാഖാ വന്നവരോടു ചൊല്ലിനാൻ:
"കാലം വൈകാതെ സംഭ്രമം നീക്കുവിൻ
ഭീതിക്കിപ്പോളവകാശമില്ലല്ലൊ
സന്തോഷത്തിൻെറ കാലമിതായതു്.

## ആറാംപാദം

ത്രിംശതി തിരുവയസ്സു ചെന്നപ്പോൾ
മിശിഹാ സ്വകർതൃത്വമുദിപ്പാനും
സ്വാമി തൻെറ വരവറിയിപ്പാനും
സ്വാമിഭക്തൻ മഹാമുനിശ്രേഷ്ഠനാം
യോഹന്നാൻ പുരോഗാമിയെക്കല്പിച്ചു
മഹാഭക്തനയാൾ വന്ന ദൂതനായ്.
1"ദൈവരാജ്യം സാമീപ്യമാകുന്നതിൽ
ഭവ്യന്മാരെന്നൊരഹങ്കാരം നീക്കി
അനുതാപപ്രായശ്ചിത്തത്തോടുടൻ
മനസ്സാലെ ജ്ഞാനസ്നാനം കൈക്കൊൾവിൻ."
നലമായ് പ്രസംഗിച്ചയാളിങ്ങനെ
പലരും കേട്ടനുതാപപ്പെട്ടുടൻ
2ആസ്ഥപ്പാടാം പ്രാശ്ചിത്തം മാമ്മോദീസാ
ആസ്ഥയായ് മുക്കി പലരെയുമയാൾ

1 'ദൈവരാജ്യം' എന്നു മുതൽ 'അനുതാപപ്പെട്ടുടൻ' എന്നുവരെയുള്ള വരികൾ ചില പതിപ്പുകളിലില്ല.
2'പാപമേററു പറഞ്ഞീ മഹാൻ കൈയാൽ പാപക്ഷാളനം മാമ്മോദീസായേററു' പാഠാന്തരം.

ഭക്തപ്രിയനീശോയും മാമ്മോദീസാ
ഭക്തനാമിയ്യോടെ കയ്യാൽ മുങ്ങിനാൻ
ഇച്ഛയ്ക്കൊത്ത മൽപുത്രനിയ്യാളെന്നു
ഉച്ചത്തിലൊരു നാദം പ്രത്യക്ഷമായ്
സ്നേഹാലയനീയാളെന്നറിയിപ്പാൻ
സ്നേഹം രൂഹായിറങ്ങിയയാടെമേൽ
അവിടന്നു വനത്തിലെഴുന്നള്ളി
അവിടെപ്പാർത്തു നാല്പതു നാളുതാൻ
ശിക്ഷയാംവണ്ണം ദേവധ്യാനംചെയ്തു
ഭക്ഷ്യമൊന്നും രുചിക്കാതെ നിഷ്ഠയാൽ.
തൽകാലാന്തരേ പിശാചിൻ വ്യാജങ്ങൾ
ദൃക്കിൽ ഗോചരമായ പരീക്ഷകൾ
ക്ഷുത്താപത്തോടിരിക്കാതെ നീയിപ്പോൾ
ക്ഷുത്തിനിച്ഛയാം ഭക്ഷണസാധനം
കല്പിക്ക ദേവനെങ്കിൽ നീയിക്കല്ലു്
അപ്പമാക്കീട്ടു തിന്നു ജീവിക്കെടോ.
ഇപ്രകാരം പിശാചു പറഞ്ഞപ്പോൾ
തല്പരനന്തരമരുളിച്ചെയ്തു:
"അപ്പത്താൽ മാത്രം മർത്ത്യൻ ജീവിക്കിലാ
തല്പരന്റെ തിരുവുള്ളം കൊണ്ടത്രേ"
പിന്നെത്തന്നെ വഹിച്ചു ദേവാലയ
ഉന്നതചുവരിന്മേൽ സ്ഥാപിച്ചവൻ
ദേവൻ നീയെങ്കിൽ ചാടുക തൽക്ഷണം
സേവകരാം മാലാഖമാർ താങ്ങിടും
പരീക്ഷവാക്ക ചൊന്ന പിശാചോടു
പരമദേവൻ താനരുളീടിനാൻ:

"കോവണ്ണിയിരിക്കുന്നേരം ചാട്ടുവാൻ
അവകാശവുമില്ലൊരു തിട്ടതി
നിന്റെ നാഥനെ നീ പരീക്ഷിക്കേണ്ട
നിന്റെ വാക്കിന്നെഴുത്തുപെട്ടുത്തരം."
മൂന്നാംവട്ടം പിശാചവൻ നാഥനെ
ഉന്നതാദ്രിമുകളിൽ നിറുത്തീട്ട്
അവധിഹീനസമ്പൽസുഖങ്ങളെ
അവൻ മായാവ്യാജത്താൽ കാട്ടിക്കൊണ്ട്
നാണംകെട്ട പിശാചവൻ ചൊല്ലിനാൻ
"കാണുന്ന വസ്തുവൊക്കെയെനിക്കുള്ളു
വീണു നീയെന്നെക്കുമ്പിട്ടന്നാകിലോ
വേണമെങ്കിലിതെല്ലാം തരുവൻ ഞാൻ."
സർവ്വനിന്ദ പറഞ്ഞ പിശാചിനെ
സർവ്വമുഷ്കരനായകനാട്ടിനാൻ.
പോക നീചൻ നീയെന്മുന്നിൽ നിന്നൊന്നു
സകലേശപരകല്പന കേട്ടീപ്പാൾ
ഭീതിപൂണ്ട പിശാചു വിറച്ചുടൻ
ഭീതിദലോകേ പോയി മറഞ്ഞവൻ.
ചിത്തനീതിയും വർജ്ജ്യങ്ങളെന്നതും
വൃത്തിയാൽ കാട്ടി നമുക്കറിവാനായ്
മർത്ത്യരക്ഷകനായ മിശിഹാ താൻ
മർത്ത്യർക്കു ബോധമാക്കാൻ ശ്രമിച്ചിതു.
കർത്താവീശോയെക്കണ്ടൊരുനാൾ പിന്നെ-
ക്കീർത്തിമാനാം യോഹന്നാനരുൾ ചെയ്തു:
"മർത്ത്യദോഷങ്ങൾ നീക്കുവാൻ തമ്പുരാൻ
യാത്രയാക്കിയൊരാട്ടിൻകുട്ടിയിതാ.

## ഏഴാംപാദം

തൻവാക്കിലൂനമില്ലാത്ത തമ്പുരാൻ
സർവ്വത്തെയറിയുന്ന സർവ്വേശ്വരൻ
പൂർവ്വം ദ്വാദശശ്ലീഹാജനങ്ങളെ
വരിച്ചു വേദസാരമരുൾചെയ്തു
"അർത്ഥദാഹമില്ലാത്തോർക്ക ഭാഗ്യമേ
സ്വർല്ലോകാർത്ഥമവർക്കാമനന്തരം
സാധുക്കൾക്ക ഭാഗ്യമവർകളുടെ
ബുദ്ധി സന്തോഷം പൂണ്ടിരിക്കും സദാ
ദോഷംചെയ്തതുകൊണ്ടു ദുഃഖിച്ചോർക്ക
പുഷ്ടി വന്നീടും ഭാഗ്യമവർക്കഹോ.
പുണ്യതത്വത്തിന ദാഹമുള്ളോർകൾക്ക
പൂർണ്ണതവരും നിത്യസമ്മാനവും
കാരുണ്യം കിട്ടും കരുണയുള്ളോർക്ക്
അനഘമുള്ളോർ ദൈവത്തെക്കണ്ടിടും
നിരപ്പുശീലമുള്ളോർക്ക ഭാഗ്യമേ
സർവ്വേശൻപുത്രനെന്നു വിളിച്ചീടും
ന്യായത്തെപ്രതി നന്നായ് ക്ഷമിപ്പോർക്ക
ആയതിൻഫലം മോക്ഷരാജ്യഫലം
1സാമർത്ഥ്യമുള്ളോർക്കയ്യോ നിർഭാഗ്യമേ
ഭൂമിതന്നിലെയനുക്കൂലമുള്ളൂ.
ഇവിടെപ്പരിപൂർണ്ണമുള്ളോർക്കയ്യോ
അവർ മേലിൽ വിശക്കുമനന്തരം

1 ദുസ്സാമർത്ഥ്യം എന്നു ഭാവം.

ഭൂമിതന്നിൽ സന്തോഷമുള്ളോർകൾക്ക്
പിന്നെ ഖേദവും കണ്ണുനീരും വരും
ധാത്രിയിൽ സ്തുതിയുള്ളവരൊക്കെയും
ഉത്തരലോകേ നിന്ദിതരാസ്സതും.
സർവ്വനാഥനെസ്സർവ്വകാലത്തിലും
സർവ്വാത്മാവാലും സേവിച്ചുകൊള്ളണം
ബാവായെന്നും തൻ പുത്രൻ ഞാനെന്നതും
സർവ്വനാഥൻ റൂഹായെന്നിതിങ്ങനെ
ദൈവൈകത്വത്തിലീമൂവരെന്നതും
നിർവ്വികല്പവിശ്വാസമായിടണം
തൻനാമത്തിൽ മാമ്മോദീസാ മുങ്ങണം
എന്നേ മർത്ത്യന മോക്ഷം കിട്ടിക്കൂട്ടു.
കുർബാനയും കൂദാശ ശേഷവും
കുറവെന്നിയേ കൈക്കൊള്ളണമഹോ.
ദൈവികത്വമില്ലാത്ത മറെറാന്നിനെ
ദൈവഭക്തിയാൽ സേവിച്ചീടുകിലോ
ചോദിപ്പൻ ഞാനവനോടു നിശ്ചയം
1 ആ ദോഷത്തിന്ന നരകമുത്തരം
എനിക്കുള്ള സ്തുതി മറെറാരുത്തന്ന
ദാനം ചെയ്യിലെനിക്കതു വൈരമാം
രണ്ടീശന്മാൎക്ക വേല സാധ്യമല്ല
പ്രണയത്തിന്നുതന്തരമാസ്സതും.
ഞാൻ വിളിച്ചാൽ മടിയുള്ള ദുർജ്ജനം
എൻെറ വേലയ്ക്കു യോഗ്യരവരല്ല

---

1 ആ ദോഷത്തിൽ നരകംതന്നെ ഫലം.

എന്നെ സ്നേഹിക്കുംപോൽ മറെറാരുത്തനെ
നിന്നെയെങ്കിലും സ്നേഹിക്കിൻ ദോഷമാം.
എല്ലാമെന്നെ പ്രതിയുപേക്ഷിക്കിലോ
നല്ലശിഷ്യനവനിൽ തെളിയും ഞാൻ
ഏകനാഥനേയുള്ളെന്നു ബുദ്ധിയാ-
ലാകവേയവൻ കല്പന കേൾക്കണം
ആ നാഥനുടെ ശിക്ഷ പേടിക്കേണം
അന്യരാൽ ബന്ധം നിസ്സാരമോർക്കണം
മാനുഷർ തമ്മിൽ കൂടെപ്പിറന്നോരെ
എന്നപോൽ പ്രിയം ചിത്തേ ധരിക്കണം.
നിനക്കു വേണമെന്നിച്ഛിക്കുന്നതു
മാനുഷർ 1ശേഷത്തോടു നീ ചെയ്യണം
ന്യായമല്ലാത്ത വൃത്തി നിനയ്ക്കേണ്ട
രാജകല്പന സമ്മതിച്ചീടണം.
പിതാക്കന്മാരെ സ്നേഹമുണ്ടാകണം
ചേതസ്താപമവർക്കു വരുത്തല്ലേ
കൊല്ലരുതതുകൊണ്ടുതന്നെ പോരാ
ചൊൽകൊണ്ടുമൊരുപദ്രവം ദോഷമാം
ചിത്തത്തിങ്കലും വൈരമൊഴിക്കണം
ശത്രുഭാവമതൊക്കെയും നീക്കണം
ഇഷ്ടന്മാരെ പ്രിയമുണ്ടായാൽ പോരാ
ദോഷമുള്ളോരെ സ്നേഹമുണ്ടാകണം

1 മററുള്ളോരോടു ചെയ്യണം.

പൊറുക്ക പരാപകൃതം നിന്നുടെ
കർമ്മപാപം പൊറുത്തിടുമവ്വണ്ണം
പൊറുക്കായ്കിലോ സത്യമറിഞ്ഞിനി
പൊറുതി നിനക്കെന്നുമുണ്ടാകാ സ്വരാ.

## എട്ടാംപാദം

അങ്ങനെ ദയയോടു സർവ്വേശ്വരൻ
ഞങ്ങളെപ്രതി ക്ലേശിച്ചിട്ടും വിധൗ
പ്രീശന്മാരിലൊരുത്തൻ വന്നകാലം
മിശിഹായെ വിളിച്ചു വിരുന്നിന്ന്
ഭക്ഷണം കഴിഞ്ഞീടുന്ന ശാലയിൽ
തൽക്ഷണമൊരു സ്ത്രീ വന്നു കുമ്പിട്ടു
വീണു തൃക്കാലും മുത്തി ഭക്തിയോടെ
കണ്ണുനീർകൊണ്ടു കഴുകി കാലിണ
കണ്ടവരുടൻ തൽകൃതം നിന്ദിച്ചു
തൊട്ടുപോയതു മറച്ചു മനസേ
"സർവ്വജ്ഞനിവനെന്നു വരികിലോ
ഇവളാരെന്നറിഞ്ഞീടും നിർണ്ണയം
ദുഷ്ടസ്ത്രീയിവൾ സർവ്വലോകത്തിലും
ദോഷകാരണമെന്നതു പാർക്കുമ്പോൾ
ഇവളെയധികമറയ്ക്കാൻ വിധി
ഈവണ്ണമടുപ്പിക്കുന്നതെന്തിവൻ?
ഇപ്പടിയുള്ളിൽ ചിന്തിച്ചതൊക്കെയും
തമ്പുരാൻ കണ്ടവരോടരുൾചെയ്തു:—

"ഒരു വൻമുതലാളിയുടെ പണം
ഇരുവർക്കു കടമായകപ്പെട്ടു
ഒരുത്തൻ പണമഞ്ഞൂറുകൊണ്ടവൻ
മററവൻ പണമൻപതുകൊണ്ടവൻ
വീട്ടുവാനിരുവർക്കും വകയില്ല
കേട്ടിളച്ചുടയോനിരുവരോടും
ആർക്കതിലേറെ സ്നേഹമുടയോനെ-
ന്നോർക്ക ചിന്തിച്ചു ചൊൽക നീയുത്തരം
"ആരോടു മുതലേറെയിളച്ചവൻ
നേരോടേറെ സ്നേഹിപ്പാനവകാശം"
എന്നതുകേട്ടു നാഥനരുൾചെയ്തു
"നന്നു നീ ചൊന്നപോലെയിവളെന്നെ
ഏറെ സ്നേഹിച്ചപേക്ഷിച്ച കാരണം
ഏറെദ്ദോഷം പൊറുത്തിവളോടു ഞാൻ"
പിന്നെ നാഥനവളോടരുൾചെയ്തു:-
"നിന്നുടെ ദോഷമെല്ലാം പൊറുത്തു ഞാൻ"
തൃക്കാൽ തൊട്ടവൾ നൽവഴി ബോധിച്ചു
സുകൃതത്തോടു നടന്നു സന്തതം
മറിയം മഗ്ദലൈത്തായിവളാൽ തൻ
തിരുവുള്ളം കുറയാതെ വർദ്ധിച്ചു
ലോകാർത്ഥം ലോകനായകനാം ഗുരു
ലോകരെപ്പഠിപ്പിച്ചോരു കാലത്തിൽ
അരണ്യംതന്നിൽ കൂടിയെല്ലാവരും
നാരീബാലരും കൂടാതയ്യായിരം
വൈകി നേരവും ഭക്ഷിച്ചില്ലാരുമേ
ഏകനാഥൻ മിശിഹാ ദയവോടേ

അരുളിച്ചെയ്തു ലോകരെല്ലാരെയും
ഇരുത്തി മേശയ്ക്കാവണദേശത്തിൽ.
അപ്പമഞ്ചും വറുത്ത മീൻ രണ്ടിനാൽ
അപ്പോളാ ലോകർക്കൊക്കെ നിറച്ചു താൻ
പരിപൂർണ്ണം വരുത്തിയെല്ലാവർക്കും
പരൻ നാഥൻ മിശിഹാടെ വിസ്മയം!
ശേഷിച്ചീരാറുകൂട്ട നുറുക്കുകൾ
ശേഷം ചിന്തിച്ചു കൂടിയ ലോകരും
ഈശോനാഥനെ രാജാവാക്കീട്ടുവാൻ
ആശ ലോകർക്കറിഞ്ഞു മിശിഹാ താൻ
രക്ഷകനെന്ന ഭക്തികൊണ്ടല്ലതു്
ഭക്ഷണരുചിലാഭമോർത്തിട്ടത്രേ.
വിശ്വാസഹീനന്മാരെയകററുവാൻ
വിശ്വനായകൻ കല്പിച്ചുപായമായ്
കടൽക്കക്കരെ അയച്ചു ശിഷ്യരെ
അടവിതന്നിൽ താനമൊഴിഞ്ഞുപോയ്.

## ഒൻപതാംപാദം

പാപം തീൻ മശലൈത്തായും സദാ
തൻപ്രിയമൊക്കെയീശോമേലാക്കിയാൾ
അവൾക്കുള്ളോരു ഭ്രാതാവിന്നാമയം
സുവൈഷമ്യമായേററവും വർദ്ധിച്ചു.
അവസ്ഥയത്തു ചൊല്ലിവിട്ടാളുടൻ
ജീവരക്ഷാനാഥനോടുണർത്തിപ്പാൻ
തൻപ്രിയനായ ലാസറിന്നാമയം
തമ്പുരാനോടു ദൂതരറിയിച്ചു

കർത്താവിമ്മൊഴി കേട്ടിട്ടു രണ്ടുനാൾ
പാർത്തു പിന്നെയും പോയില്ല രക്ഷകൻ
ഇഷ്ടനാഥൻ ശിഷ്യരോടു കല്പിച്ചു
ഇഷ്ടനാമെന്റെ ലാസർ മരിച്ചെന്നു
ഒടുക്കമെഴുന്നള്ളി സർവ്വപ്രഭ
ഓടിവന്നപ്പോൾ മാർത്തായുണർത്തിച്ചു
ഉടയോൻ നീയിവിടെയുണ്ടെങ്കിലോ
ഉടപ്പിറന്നവൻ മരണംവരാ.
ഇപ്പോഴും നീ പിതാവോടപേക്ഷിച്ചാൽ
തൽപിതാവതുകേൾക്കുമറിഞ്ഞു ഞാൻ
വിശ്വനാഥൻ മിശിഹായരുൾചെയ്തു:
"വിശ്വസിക്ക നീ ഭ്രാതാവു ജീവിക്കും"
മറിയം മഗ്ദലെത്തായതുനേരം
അറിഞ്ഞപ്പോളവളോടിവന്നുടൻ
ചേതസി പ്രിയമുള്ളവർകളുടെ
ചേതസ്താപത്തെക്കണ്ടു ദയാപരൻ
അല്പംകൊണ്ടു പുറപ്പെട്ടു കണ്ണുനീർ
തല്പരൻ തൻ പ്രിയത്തെക്കാട്ടീടിനാൻ
മുഖ്യന്മാരവരാകുന്ന കാരണം
ദുഃഖം പോക്കുവാൻ കൂടി മഹാജനം
ഭൂമിരന്ധ്റത്തിൽവച്ചു മുൻപേ ശവം
ഭൂമിനാഥനവിടേയ്ക്കെഴുന്നള്ളി
കല്ലടപ്പതു തീർപ്പാൻ കല്പിച്ചു
നാലുവാസരം ചെന്നവൻ ചത്തിട്ട്
കർത്താവേ പാരം നാറീടുമിപ്പുവം
മാർത്തായിങ്ങനെ വാർത്തയുണർത്തിച്ചു

വിശ്വനായകൻ പിന്നെയും കല്പിച്ചു
വിശ്വസിച്ചാൽ മരിച്ചവൻ ജീവിക്കും
ത്രാതാവു തൻ പിതാവോടപേക്ഷിച്ചു:—
പിതാവേയെൻെറയപേക്ഷ കേട്ട നീ

അതുകാരണം നിന്നെ സ്തുതിക്കുന്നു
ഇതിനെയിപ്പോഴും ഞാനപേക്ഷിക്കുന്നു
ഞാനപേക്ഷിക്കും കാര്യങ്ങളൊക്കെയും
അനുകൂലമറിഞ്ഞിരിക്കുന്നു ഞാൻ.

ഈ മഹാജനം കണ്ടു വിശ്വസിപ്പാൻ
അമേയനിതു പറഞ്ഞു കേൾപ്പിച്ചു
അതിൻശേഷമനന്തദയാപരൻ
പുത്രൻ തമ്പുരാനുന്നതനാദത്താൽ

ലാസർ നീപുറപ്പെട്ടുവായിങ്ങനെ
ലാസറുമപ്പോൾ ജീവിച്ചു വിസ്മയം
ഇടിപോലൊരു നാദം കേൾക്കായപ്പോൾ
ഉടൻ ചത്തവൻ ജീവിച്ചെഴുന്നേററു

പലരുമീയാൾ രക്ഷിതാവെന്നതും
കലുഷം നീക്കി വിശ്വസിച്ചീടിനാർ.
ചിലർ ഫരിക്കേരെ പട്ടക്കാരരോടും
വലിയജനത്തോടുമറിയിച്ചു

പൈശൂന്യമവർ വ്യാപിച്ചു മാനസേ
മിശിഹാടെ സ്തുതിയറച്ചേററവും
യോഗംകൂടി വിചാരിച്ചു യൂദരും
വേഗമീശോയെക്കൊല്ലണമെന്നതും.

## പത്താംപാദം

പുളിയാത്തപ്പം തിന്നോണ്ടും മുൻപിലേ
നാളിൽ ശിഷ്യരടുത്തു ചോദിച്ചിതു്:-
"ഇപ്പെസാഹെടെ ഭക്ഷണമെങ്ങു നാം
കോപ്പുകൂട്ടേണമെന്നരുളീടുക"
പരമപരൻ മിശിഹാതമ്പുരാൻ
അരുളിച്ചെയ്തു ശിഷ്യജനത്തോട്:-
"പുരത്തിൽ നിങ്ങൾ ചെല്ലുമ്പോൾ നീർക്കുടം
ഒരുത്തൻ കൊണ്ടുപോകുമവന്റെ
സ്ഥലത്തിൽ നിങ്ങൾ കൂടവേ ചെല്ലുവിൻ
ശാലകാട്ടുമാ വീട്ടിലെ നായകൻ
അതിൽ പെസഹാവിരുന്നുകൂട്ടുവിൻ"
ഇതു കല്പനപോലെ ചെയ്താരവർ.
അക്രൂരമായൊരാടുപോൽ തമ്പുരാൻ
അക്കാലം മരിക്കുമെന്ന കാരണം
നിർമ്മലസർവ്വജ്ഞാനിയാം ദേവന്
നിർമ്മലമുള്ളോരാടു പൂജിക്കേണം.
ആടതു ചുട്ടു പത്തിരായും ദ്രുതം
വീടുതോറും ഭക്ഷിക്കേണമെല്ലാരും
എന്നു പണ്ടൊരു പ്രമാണം കല്പിച്ചു
തന്റെ ലോകർക്കിതെത്രയുമാദരം.
ഇക്കല്പന വിഷയവും സാമ്യവും
തികപ്പാനീശോ പെസഹാ തിന്നിതു്
അത്താഴം കഴിയുന്ന നേരമുടൻ
വസ്ത്രമൊക്കെയ്യുമീശപരമുള്ളവൻ

ചിത്രമെത്ര താൻ ചെയ്യോരു വിസ്മയം
ചിത്തഭക്തിയെളിമ വിനയത്താൽ
ശീലചുററി താൻ ശിഷ്യജനങ്ങടെ
കാൽ കഴുകി വിശുദ്ധി വരുത്തിനാൻ
അതിൻശേഷമരുൾചെയ്തു തമ്പുരാൻ:
"കർത്താവെന്നതും ഗുരു ഞാനെന്നതും
എല്ലാരും നിങ്ങളെന്നെ വിളിക്കുന്നു
ഉള്ളപോലിതു ചൊല്ലുന്നിതെന്നുടെ
എളിമയുള്ള വൃത്തിയിൽ കണ്ടപോൽ
തെളിവോടിതു ചെയ്യണം നിങ്ങളും."
ഇവ ചൊല്ലീട്ടന്തർവികാരത്തോടെ
ഭാവിദർശനംകൊണ്ടരുളിച്ചെയ്തു:
"സത്യംനിങ്ങളിലൊരുത്തനൊ1ററനായ്
ശത്രുക്കൾക്കെന്നെ കയ്യാളിച്ചീട്ടുമേ."
ആരെന്നെല്ലാരും ചോദിച്ചീടുംവിധൗ
തിരിച്ചു സ്കറിയോത്തായെക്കാട്ടിനാൻ
അതിൻെറ ശേഷം വാക്കിന്നഗോചരം
അതുല്യപ്രിയത്തിന്നുടെ ലക്ഷണം
അർച്ചയ്ക്കുമാത്മാവിന്നുടെ രക്ഷയ്ക്കും
അർച്ച്യശിഷ്ട കുർബാന നൽകിനാൻ
തൻ വിശുദ്ധശരീരവും ചോരയും
രണ്ടും മാനുഷമംഗലദത്തമായ്.
ഉള്ളിൽ ചേർന്നിരിപ്പാൻ പ്രിയത്താലതു്
കൊള്ളുകയെന്നു മിശിഹാ കല്പിച്ചു

---

1 ചാരനായി.

ഢ്യപ്പോഴുമുള്ള ഭക്ഷണസാധനം
അപ്പംകൊണ്ടു ശരീരബലം വരും.
മുന്തിരിങ്ങാഫലരസപാനത്താൽ
സന്തോഷമുണ്ടാം ദാഹവും തീൎന്നിടും
ഈ രണ്ടിൽ ഗുണംകൊള്ളുമാത്മാവിനും
വരുമെന്നതിനൎത്ഥമറിയിപ്പാൻ
തദ്രൂപങ്ങളിൽ രഹസ്യമായതു്
തദ്രൂപങ്ങളിൽതന്നെ മറച്ചു താൻ
എന്നുമേയകന്നീടാതിരിപ്പാനായ്
ഈ സ്നേഹോപായം കല്പിച്ചുതന്നിതു്.

## പതിനൊന്നാംപാദം

ആകാശത്തിൽനിന്നൊഴിഞ്ഞു താമസി
[1]ദുഷ്കൃതജനമാനസേ പ്രാപിച്ചു
പ്രകാശം നീളെ വ്യാപിച്ചിരിക്കിലും
അകക്കാമ്പിൽ പുലൎച്ചയടുത്തില്ല.
അതുകാരണം കോപാന്ധമഗ്നരായ്
മതിഹീനജനങ്ങളാം യൂദന്മാർ
പുലർകാലേ മഹായോഗവും കൂടി
കൊലയ്ക്കു വട്ടംകൂട്ടി പുറപ്പെട്ടു
വീൎയ്യവാനായ സൎവ്വേശപുത്രനെ
കാൎയ്യക്കാരന്റെ പക്കൽ കയ്യാളിച്ചു.
സ്കറിയോത്താ മിശിഹായെക്കൊല്ലുവാൻ
ഉറച്ചെന്നതറിഞ്ഞവനന്നേരം

1 അഘാന്ധകാരം മുഴുത്ത മാനസേ.

ഖേദിച്ചു, പട്ടക്കാരനെക്കണ്ടവൻ
തദ്രവ്യം വീണ്ടുകൊടുത്തു പീഡിതൻ.
ദോഷമില്ലാത്തൊരീശോവെ വിററതു്
ദോഷമത്രേ കഷ്ടമെനിക്കെന്നവൻ
വാങ്ങിയാ കാശെറിഞ്ഞവിടെയവൻ
തൂങ്ങിത്തന്നെത്താൻ ദുർജ്ജനം ചത്തിതു.
ആ ദിക്കിൽ ശവമടക്കവാൻ നിലം
ആ ദ്രവ്യം കൊടുത്തുകൊണ്ടു യൂദരും
നീവൃന്മാരിതു മുൻപെഴുതിവച്ചു
അവ്വണ്ണമതിൻെറ തികവായതു.
പീലാത്തോസിൻെറ ന്യായത്തിൽ നാഥനെ
ഏല്പിച്ച നേരം കുററം ചോദിച്ചവൻ:
“ദുഷ്ടനല്ലെങ്കിലിവനെയിവിടെ
കൊണ്ടുവന്നീടാൻ സംഗതിയാകുമോ?
ഇങ്ങനെ യൂദർ പീലാത്തോസുത്തരം
നിങ്ങടെ ന്യായത്തോടെത്തിട്ടം യഥാ
ശിക്ഷിപ്പാനെന്നാൽ നിങ്ങൾക്കു തോന്നുംപോൽ
ശിക്ഷിപ്പാൻ കുററം കണ്ടില്ലിവന്നു ഞാൻ”.
പീലാത്തോസിതു ചൊന്നതിനുത്തരം
മാലോകരവനോടറിയിച്ചിതു.
സാക്ഷാൽ ഞങ്ങൾക്കു ചിന്തിച്ചാൽ മുഷ്കരം
ശിക്ഷിപ്പാനില്ലെന്നിങ്ങനെ യൂദരും
രാജദൂതനീശോയോടു ചോദിച്ചു
രാജാവാകുന്നോ നീ നേരു ചൊല്ലുക.
അന്നേരം നാഥൻ രാജാവു ഞാൻ തന്നെ
എന്നുടെ രാജ്യം ഭൂമിക്കടുത്തില്ല.

ഞാൻ രാജാവായ് പിറന്നു പട്ടാങ്ങയ്ക്ക്
ഞാൻ സാക്ഷിപ്പാനായ് ഭൂമിയിൽ വന്നിത്.
ഭൂലോകരോടധികാരി ചൊന്നപ്പോൾ
കൊലയ്ക്കു യോഗ്യം കണ്ടില്ലയാൾക്കു ഞാൻ
ഗ്ഗലീലാക്കാരനീശോയെന്നറിഞ്ഞപ്പോൾ
പീലാത്തോസയച്ചേറോദേസിൻ പക്കൽ
ഹേറോദേസു പലപല ചോദ്യങ്ങൾ
നാണമില്ലാതെ നീചകൻ ചോദിച്ചു.
മിശിഹായും മിണ്ടാതെനിന്നു തദാ
ഈശോയെയവൻ നിന്ദിച്ചു കശ്മലൻ
വെള്ളത്തൊരു കുപ്പായമിട്ടുവിച്ചു
ഇളപ്പത്തോടയച്ചവൻ നാഥനെ
വീണ്ടും പീലാത്തോസിൻ പക്കൽ നാഥനെ
കൊണ്ടുവന്നു നരാധമസഞ്ചയം
പൈശൂന്യത്താലെ ഈശോയെക്കൊല്ലുവാൻ
ആശ യൂദക്കറിഞ്ഞധികാരിയും
അയാളെ രക്ഷിപ്പാനമയപ്പാനും
ആയതിനു പിലാത്തോസു വേലയായ്
ഭാര്യയന്നു ചൊല്ലിവിട്ടു തൽക്ഷണം:-
നീയതിക്രമിപ്പാൻ തുടങ്ങുന്നവൻ
ന്യായസമ്മതമുള്ളോരു പുണ്യവാൻ
നീയവനോട്ടു നിഷ്ഠുര ചെയ്യല്ലേ
അവന്മൂലമീരാത്രി വലഞ്ഞു ഞാൻ
അവനോടുപദ്രവിപ്പാൻ പോകല്ലേ.

പുസ്തകത്തിൽ 12-ാംപാദമായി കാണുന്ന "ദൈവ-മാതാവിന്റെ വ്യാകുലപ്രബന്ധം" ഒരു പ്രത്യേകഗ്രന്ഥമാകയാൽ ഇവിടെ ചേർത്തിട്ടില്ല 52-ാംപേജിൽ 3-ാമത്തെ വരിയായി 'രണ്ടാംപാദം' എന്ന തലവാചകംചേർക്കേണ്ടതു വിട്ടുപോയിട്ടുള്ളതിനാൽ അതുചേർത്തുവായിക്കേണ്ടതാണ്.

## പതിമ്മൂന്നാംപാദം

ശനിയാഴ്ച കഴിഞ്ഞോരനന്തരം
തട്ടിനത്തിന്നുഷസ്സി പ്രഭാകരൻ
സൂര്യനങ്ങുദിച്ചീടുന്നതിൻ മുൻപേ
ഉയിർത്തു സ്വദേഹത്തെ ജീവിപ്പിച്ചു
പ്രഭയെല്ലാക്കെയും കാരണമുള്ളവൻ
പ്രഭാവത്തോടുകൂടെ രക്ഷാകരൻ
സ്വപുത്രദുഃഖമോർത്തു കന്യാവര
മുൻപിൽ ചെന്നാശു വേദന പോക്കിനാൻ.
സുരൂപം മഹാസുന്ദരദൃഷ്ടിയാൽ
പൂർവ്വഖേദം മറന്നിതു കന്യക
മാതാവേയെന്നരുൾചെയ്തു രക്ഷകൻ
പ്രതാപത്തിന്നു താപം മുൻപായതു്
ദോഷത്തിന്നുടെ വിഷമിറക്കുവാൻ
ഔഷധം കയ്ച്ചുവെങ്കിലും സേവിച്ചേൻ.
എടുത്ത ഭാരംകൊണ്ടു വലഞ്ഞു ഞാൻ
കടുത്തഭാരമിറക്കിവന്നിപ്പോൾ
ദുഃഖം പോക്കുക നിർമ്മല മാതാവേ
സുഖം മേലിലെനിക്കുണ്ടു സന്തതം
എനിക്കുള്ള സുഖംകൊണ്ടമ്മയുടെ
മനസ്സൗഖ്യമറിഞ്ഞിരിക്കുന്നു ഞാൻ

എനിക്കുള്ള ദുഃഖത്താൽ വലഞ്ഞപോൽ
എന്നുടെ സുഖംകൊണ്ടു തെളിഞ്ഞാലും.
കഴിഞ്ഞു വർഷം വേനലിതായതു്
മഴയും പോയി കാലം തെളിഞ്ഞിതാ
താൻ കല്പിച്ചപോലൊക്കെത്തികച്ചു ഞാൻ
തൻ കരുണയ്ക്കൊരീഷൽ വരുത്താതെ
അതുപോലെന്നു സമ്മതിക്കുമുടൻ
മാതാവന്നേരം സാദരം ചൊല്ലിനാൾ:-
"പുത്രാ നിനക്കു സ്തുതിയുണ്ടാകേണം
നിന്തിരുവടി സമ്മോദം വാഴേണം
അതിനാൽ മമ ചിത്തസമ്പൂർണ്ണത
അതല്ലാതൊരു ശ്രദ്ധയെനിക്കില്ല
ഞാൻ നശിക്കിലും നീ സ്വസ്ഥനെങ്കിലോ
ആ നാശത്തിലും അനാശയാകും ഞാൻ."
ഇതമ്മയുന്നത്തിച്ചു സന്തോഷിച്ചു
പുത്രനെപ്പിന്നെക്കണ്ടു പലവട്ടം
പുലർകാലത്തിൽ കുലുങ്ങി ഭൂതലം
മാലാഖാമാരിറങ്ങിയതുനേരം.
നന്മുഖപ്രഭ മിന്നുമതുപോലെ
നിർമ്മലവെളുപ്പുള്ള കുപ്പായവും
കൽക്കുഴിയുടെയടപ്പു നീക്കീട്ടു്
മേൽക്കല്ലിന്മീതേയിരുന്നു കാത്തൊരു
കാവൽക്കാരരതിനാൽ ഭയപ്പെട്ടു
ജീവൻ പൊയ്പ്പോകുമിപ്പോളെന്നപോലെ.
അവിടുന്നവരോടി ഭ്രമത്താലേ
അവസ്ഥ പട്ടക്കാരോടറിയിച്ചു

അവർകൂടി വിചാരിച്ചുവച്ചുടൻ
കാവൽക്കാക്കവർ ദ്രവ്യം കൊടുത്തിട്ട്
അവസ്ഥയിതു മിണ്ടരുതെന്നവർ
അപേക്ഷിച്ചതിന്നുപായം ചൊന്നിതു.
അന്നു നിങ്ങളുറങ്ങും സമയത്തിൽ
വന്നു ശിഷ്യർ ശവം കട്ടുകൊണ്ടുപോയ്
എന്നു ലോകരോടൊക്കെപ്പറയണം
എന്നപോലവർ നടത്തി വെള്ളസം
കല്ലറയ്ക്കുള്ളിരുന്ന ശരീരത്തെ
കല്ലിന്മീതവർ കാത്തിരിക്കും വിധൌ
കള്ളന്മാരതു കട്ടെന്നു ചൊല്ലിയാൽ
ഉള്ളതെന്നു കേൾക്കുന്നോക്കു തോന്നുമോ?

## പതിന്നാലാംപാദം

ഇന്നിവാസമെനിക്കില്ല ഭൂമിയി-
ലെന്നമ്മയോടും ശിഷ്യജനത്തോടും
എൻപിതാവെന്നെപ്പാർത്തു വിളിക്കുന്നു
ഞാൻ പോവാൻ വട്ടംകൂട്ടുന്നു കന്യകേ!
ഞാൻ പോയാലുമമ്മേ നിൻെറ ബുദ്ധിയിൽ
മാനസത്തിലും പാക്കുന്നല്ലോ സദാ
സൂര്യൻ കണ്ണാടിതന്നിലെന്നപോലെ
ആര്യൻ നിൻെറയാത്മാവിൽ വിളങ്ങുന്നു
എന്നെക്കാണ്മതിന്നാശ വർദ്ധിക്കിലോ
ഞാൻ സമീപത്തുണ്ടെന്നു ധരിച്ചാലും
സവ്വമംഗലപ്രാപ്തിക്കു കാലമായ്
സവ്വസുലോകരാരാധിക്കുന്നിതു്

സ്വലോകംപ്രതി പുറപ്പെടുന്നു ഞാൻ
ആ ലോകമെന്നോയാഗ്രഹിക്കുന്നതു്.
നിന്നെക്കൂടവെ കൊണ്ടുപോയീടുവാ-
നിന്നു ബാവാടെ കല്പനയില്ലല്ലൊ.
സാന്നിധി നിനക്കിന്നിയും കൂട്ടുവാൻ
നിൻവൃത്തിഫലമിതല്ലൊ കന്യകേ!
ഭൂമിയിൽ ജീവിച്ചിരിക്കും നാളതിൽ
സംഗതിയതിനെന്നറിഞ്ഞതല്ലോ നീ.
ഭാഗ്യലോകസുഖമേകമേയുള്ളു
ഭാഗ്യ[1]സിദ്ധാധനങ്ങളെ നേടുക
ഈ ലോകത്തിലെയതിനുള്ളു യത്നം
ആ ലോകത്തിലാനന്ദിച്ചുവാഴുവാൻ
ചന്ദ്രാദിത്യന്മാരൊന്നിച്ചു വാങ്ങുമ്പോൾ
മന്ദം ഭൂമിയിൽ കൂരിരുട്ടായ് വരും
മാതാപിതാവങ്ങൊന്നിച്ചു വാങ്ങിയാൽ
പുത്രന്മാൎക്കപ്പോളെന്തു തണുപ്പുള്ളു?
ഞാൻ പല വൃക്ഷം നട്ടുപിടിപ്പിച്ചു
നിൻ ദയയാലതു വളൎന്നീടണം
എന്തുവേണ്ടുവതൊക്കെയും ചൊൽക നീ
ഒത്തപോലെ ഞാൻ കല്പിപ്പൻ സൎവ്വം
പോയാൽ ഞാൻ പിന്നെ രൂഫയെയയപ്പൻ
അയാൾ നിന്നെയുമേറെ സ്നേഹിക്കുന്നു
നിന്നിൽ വാസമയാൾക്കു വേണമത്തും
തൻതിരുമനസ്സാവിധമായതു്.

---

1 കാണ

അപരിമേയമായ ഗുണങ്ങളാൽ
സംപൂർണ്ണത്വം നിനക്കയൊാം ചേർത്തിട്ടും
നിന്നെക്കൂടി കൊണ്ടുപോവതിന്നു ഞാൻ
പിന്നെയും വരുമെന്നതറിഞ്ഞാലും.
എന്റെ ശ്ലീഹാകളെന്റെ ശിഷ്യന്മാരും
എനിക്കുള്ളവരെന്നോതറിവല്ലോ.
അവൎക്കു ഗുണം ചൊല്ലികൊടുക്കേണം
ഞാൻ വൃഥാ നിന്നോടെന്തു പറയുന്നു!
ഞാൻ ചൊല്ലാഞ്ഞാലും നീയതു ചെയ്തീടും
ഞാൻ കല്പിച്ചിട്ടു ചെയ്യുന്നതിഷ്ടമാം
എന്നാൽ ചെയ്താൽ പിതാവിതിങ്ങനെ
നിന്നോടു കല്പിച്ചതെന്നറിഞ്ഞാലും
നിന്റെയപേക്ഷകൊണ്ടു മമ സഭ
1ജനകിയേ! വർദ്ധിച്ചീടണം ഭൂമിയിൽ
എനിക്കമ്മേപോലെയെന്നോന്നുമമ്മ നീ
സന്തോഷം വാഴ്ക മൽ പ്രിയകന്യകേ.
'പുത്ര! പോക നീ'യെന്നു നാരീമണി
ധാത്രി നിനക്കു യോഗ്യസ്ഥലമല്ല.
ആകാശത്തിലെസ്സർവ്വപരൂപികൾ
ഉൽകൃഷ്ടജയവന്ദന ചൊല്ലുന്നു
സ്രാപ്പെയാദി മാലാഖമാർ ഘോഷമായ്
നാഥപ്രഭുവിനെയാഗ്രഹിച്ചീടുന്നു.
പോക ത്രിലോകരാജ്യം വാണീടുക
സങ്കടലോകേ ഇരുന്നതു മതി

1 ജനനി

എന്റെ കാര്യം നിനക്കൊത്തിടും പോലെ
എന്മനസ്സു നീ കല്പിക്കും പോൽ സദാ
നിന്റെ ദാസി ഞാനെന്നോരനുഗ്രഹം
നിനക്കുള്ളതെനിക്കു മതി മതി.

ഇങ്ങനെയാണു് പുത്തൻപാനയുടെ സ്വഭാവം.

അച്ചടിച്ച പുസ്തകത്തിൽ നതോന്നതവൃത്തത്തിലുള്ള ഒരു പാദംകൂടി ഈ പാനയിൽ പന്ത്രണ്ടാംപാദമായി ചേർത്തിരിക്കുന്നതു് പ്രമാദമായിരിക്കണം. 'പുത്തൻപാന' യ്ക്കു് ഉദാഹരണമായി ഉള്ളൂർ ഈ 'നതോന്നത'യിൽ നിന്നും * ഉദ്ധരിച്ചിരിക്കുന്നതും വിചിത്രമായിരിക്കുന്നു! ഇതു് ഉമ്മാടെ ദുഃഖം എന്നു് ഒരു പ്രത്യേകഗ്രന്ഥംതന്നെയാണു്.

## ചതുരന്ത്യം

അടുത്ത കൃതിയാണു് ചതുരന്ത്യം. മനുഷ്യന്റെ നാലുതരത്തിലുള്ള അന്ത്യങ്ങളെയാണു് ഇതിൽ പ്രതിപാദിക്കുന്നതെന്നു് ഗ്രന്ഥനാമംകൊണ്ടുതന്നെ സ്പഷ്ടമാകുന്നു. പാദ്രിക്കു് മാർഗ്ഗദർശി എഴുത്തച്ഛൻതന്നെ. കിളിപ്പാട്ടുരീതിയാണു് അദ്ദേഹം സ്വീകരിച്ചിട്ടുള്ളതു്. ഇതിൽ ഒരു പ്രത്യേകഗ്രന്ഥമായ ഉമ്മാപർവ്വംകൂടിച്ചേർത്തു് 'പഞ്ചപർവ്വം' എന്നു് പേരിടാൻ പാദ്രി ആർക്കും സ്വാതന്ത്ര്യം നല്കീട്ടില്ലെന്നാണു തോന്നുന്നതു്! മരണപർവ്വം, വിധിപർവ്വം, മോക്ഷപർവ്വം, നരകപർവ്വം എന്നിങ്ങനെ നാലുപർവ്വങ്ങളാണു് ഇതിൽ അടങ്ങീട്ടുള്ളതു്. ഈ കൃതിക്കു് 'പാന'പോലെ പ്രചാരം സിദ്ധിച്ചിട്ടില്ല. കാരണം കവിത കുറെക്കൂടി

---

* ഉള്ളൂർ സാഹിത്യചരിത്രം III Part Page 229

പ്രൗഢമാണെന്നുള്ളതുതന്നെ. പാമരന്മാർക്കു സുഗ്രാഹമല്ല അതിലെ പല ഭാഗങ്ങളും. മാതൃക കാണിക്കാനായി ഓരോപദ്യത്തിൽനിന്നും ഏതാനും വരികൾ ഉദ്ധരിച്ചുകൊള്ളട്ടെ:—

## മരണപർവ്വം

നഷ്ടചന്ദ്രൻ പ്രഭാഹീനനായീടിലും-
പുഷ്ടമാകുമുടൻ പൂർണ്ണേന്ദുവായ്
ദുഃഖപ്രളയവിധികഴിഞ്ഞിട്ടിനി-
സുഖമുണ്ടാകുമോ? മേ ദൈവമേ!
രസകാലം മമ ഭൂതലത്തിൽവരാ-
വാസമററത്തിലായ്ക്കഴിഞ്ഞിതാ.
ക്ഷണമട്ടുത്തു ജീവനമകന്നുപോം-
പ്രാണനെപ്പാപ്പിപ്പാൻകഴിവുണ്ടോ?
ഔഷധമൊക്കെയും നിഷ്ഫലംസേവിച്ചു-
ഭിഷഗ്വിദ്യയ്ക്കൊരുപായമില്ല.
ആമയശക്തിയാൽ ബലക്ഷയംകൊണ്ട്-
കോൾമയിർക്കൊള്ളുന്നു വായുമുട്ടി.
വാതപിത്തകഫനിലകൾ നീങ്ങിപ്പോയി-
തട്ശ്ലേഷ്മത്താലും ശ്വാസംമാറും.
ഗാത്രംതണുക്കുന്നു നാഡി സ്തംഭിക്കുന്നു-
ശീതസ്വേദമൊലിക്കുന്നിതയ്യോ!
നേത്രമിരുണ്ടു ജിഹ്വയും തടിച്ചുപോയ്
ഇന്ദ്രിയമൊക്കെ വശംകെട്ടഹോ!
ദീർഘശ്വാസം വലിച്ചത്യന്തവേദന-
സ്പർശവശം വലിക്കുന്നിപ്പോൾ

പ്രാണനകലുവാൻ ലക്ഷണമായുള്ള-
ദണ്ഡ'മെല്ലാമുണ്ടു നാശമുടൻ
ഭാസ്കരാഹസ്കരസൂര്യപ്രഭാകര-
ഭാസപനാഹസ്സതെ ഭൂദീപമെ!
ഇത്രകാലമെനിക്കുദിച്ചു ശോഭിതൻ-
രാത്രിനാശംചെയ്തു ഗ്രഹപതെ.
നിത്യകാലത്തിന്നായസ്തമിച്ചീടുമോ
മാർത്താണ്ഡഭ്രമണെ ചിത്രഭാനൊ!

## വിധിപർവ്വം

ശുഭകൃതജനസകലവുമധികഗുണസേവികൾ-
തപോധനന്മാരും ധർമ്മപാലന്മാരും
ദുരിതകൃതികളുമനിശനരകഗമദുഷ്ടരും-
എല്ലാരുമേകംപ്പിൻ ഞാൻ ചൊല്ലുന്നവാർത്തകൾ
സുകൃതകലുഷഫലവുമനവരതസമ്മാനവും-
സംക്ഷേപമായ് ചൊൽവൻ സത്യവിശേഷങ്ങൾ
നിഖില ധരണി ഗഹന നഗര ഗൃഹസ്ഥലങ്ങളും-
ഒടുങ്ങീടുമെല്ലാം വിശപമഴിഞ്ഞുപോം
മൃഗ ഖഗ പൃഥുരമനുജ ജനനമവസാനവും
നിന്നീടും സർവ്വലോകേശ കല്പനയാൽ
സമയവുമിതമരജനെ ഭുവനഗമനുഷ്യരിൽ
ഒരുത്തർക്കുമറിവാൻ വശമില്ലഹോ
അതുവരികിലുമിതുദിനമഖിലക്ഷിതിവാസികൾ-
ക്കത്യുത്ഥഘോരമായ്വന്നീടുന്നിർണ്ണയം

സകലകരണഭരണനഹരണകരനധീശ്വരൻ-
സർവ്വജ്ഞൻ സത്യവാഗ്ദീവണ്ണം കല്പിച്ചു.
പ്രളയസമയ വിധി വരുവതിനഥ പുരസ്സര-
ഘോരമഹാഭയ ലക്ഷ്മമുണ്ടായ് വരും

## മോക്ഷപർവ്വം

അഖിലലോകേശ്വരം ഭാഗ്യകാരണം ദേവം
നിഖിലശുഭാലയം മോക്ഷദം നിരന്തരം
അദ്വയം നിരുപമം ഏകമവ്യയം വര-
പ്രദമലയം സ്തുത്യം സകലഗുണധരം
പ്രണമ്യ സാഷ്ടാംഗേന സർവേശദാനമുഖ്യം
ഗുണപ്രധാന നിത്യം മംഗലം ബ്രവീമ്യഹം
പാരതിൽ നരഗണമോരോ കാലാന്തരെ
പാരമുള്ളഴൽപൂണ്ടു ജനിച്ചു മരിപ്പതും
പാരാതെ മാററിക്കൊൾവാനെന്തൊരു കഴിവയ്യോ!
ഭാരദുഃഖങ്ങളൊഴിച്ചീടുവാനെന്തു വഴി
മാനുഷശീലം കണ്ടാൽ നിശ്ചലസുഖാഗ്രഹം
മാനസേ ധരിച്ചതു ലഭിപ്പാൻ ശ്രമിക്കുന്നു
ഭൂലോകവാർത്തകളെ ചിന്തിച്ചാലനർത്ഥങ്ങ-
ളല്ലാതെ കാണ്മാനില്ല; സുഖപ്രാപ്തിയും വരാ.

## നരകപർവ്വം

വിഷ്ടപത്രയനാഥ സകലഗുണപൂർണ്ണ-
സ്രഷ്ടപാലനാശന സർവ്വേശ്വരായ നമഃ

ഭക്തവത്സല ദേവ നിർമ്മലജനപ്രിയ-
ദുഷ്കൃതശാസ്താവൃത്തി ദോഷസേവകദ്വേഷി
നിശ്ശേഷഗുണാംബുധി സ്വഭവേ നമഃ
അശരീരിമംഗല സർവ്വചാതുരൂപക
സർവ്വജ്ഞ സർവ്വവ്യാപി സർവ്വകാരണദേവ-
നിരാദ്യാനന്ദാദ്വയ മഹതേ നമോ നമഃ
മൃതന്ത ദുഃഖാലയമാവതാന്നികേതനം-
രുദിത നിർവ്യഥനമായുള്ള നരകത്തിൽ
അവസ്ഥ ചൊൽവാനുള്ളിൽ മാനസം തോന്നിയപ്പോൾ
ശ്രവണംകൊണ്ടും സുഖം വരായ്കിലതുകൊണ്ട്
സൽഗുണം സേവിപ്പതിന്നുണ്ണ്കാരണമാകും
ആഗസ്സുശങ്കിപ്പാനും നിമിത്തം ഭവിച്ചീടും
അദൃഷ്ട കഥ ചൊൽവാൻ വിഷമമുണ്ടുതാനും
ഹൃദിവിശ്വാസം വരുത്തീടുവാനതിൽ പണി
നിരത്ഥകഥയിതെന്നുള്ളിലുറയ്ക്കും പലർ-
ആരതു കണ്ടിട്ടൊള്ളു; എന്നന്വേഷിക്കും ചിലർ
അതു സാക്ഷികളന്നതാരെന്നു ചോദിക്കും ചിലർ
വാസ്തവമെന്നും പലർ ബുദ്ധിയിൽ സംശയിക്കും-
എങ്കിലോ മഹാപാപി നരകവാസീ യൂദാ!
ദുഷ്കൃതസ്ഥലദുഃഖം സംക്ഷേപിച്ചറിയിക്കാം
ഗുരുമുഖ്യനെ ശിഷ്യനൊററി നീ വധിപ്പിച്ചു
മരണകർത്താവായി ദുഷ്ടർക്കുമഗ്രേസരൻ
ദുഷ്ക്രമകഷ്ടം കണ്ടമൂലം സ്വഹന്താ സ്വയം
തൽക്കർമ്മത്തിൻെറ ഫലം നരകദുഃഖങ്ങളെ
രക്ഷക്കൂടാതെ നിത്യം നീ അനുഭവിക്കുന്നു.

നീ ക്ഷമിക്കുന്നതെല്ലാം ചുരുക്കികേൾപ്പിപ്പാനായ്
ദുർഭാഗ്യമേറും ദീന ഭൂലോകെ വരികെടൊ

## ഉമ്മാപർവം

ഉമ്മാപർവ്വം കന്യാമറിയത്തിൻെറ ജീവചരിത്രത്തെ അധികരിച്ച് പാദ്രി എഴുതീട്ടുള്ള ഒരു പ്രത്യേക ഗ്രന്ഥമാണെന്ന് മുൻപു പ്രസ്താവിച്ചുവല്ലൊ. ഹിന്ദുക്കൾക്ക് നിത്യപാരായണത്തിന് ഉദ്ദേശിച്ചിട്ടുള്ള രാമായണ ഭാരത ഭാഗവതാദികളുടെ രീതി പിടിച്ച് നിർമ്മിക്കപ്പെട്ടവയാണ് * ചതുരന്ത്യവും ഉമ്മാപർവ്വവും. ചതുരന്ത്യത്തിൻെറ സ്വഭാവം നാം കണ്ടുകഴിഞ്ഞു സാഹിത്യഗുണത്തെ സംബന്ധിച്ചിടത്തോളം ഉമ്മാപർവ്വമാകട്ടെ അതിനേക്കാൾ ഒരുപടി ഉയർന്നു നിൽക്കുന്നു. അതിൽ പല ഭാഗങ്ങളും എഴുത്തച്ഛൻെറ ശൈലിയെ അനുസ്മരിപ്പിക്കുന്നതാണ്.

'വർണ്ണവച് ശോഭായുതാ സമസ്തേശ്വരാ മാതാ
വർണ്ണവതാരേ! നാഥേ! ദേവസുമദീയമേ!
നിന്നുടെ വർണ്ണനം ചൊൽവാൻ ചിന്തിച്ചുതുടങ്ങുമ്പോൾ
നന്നുടൻ വശം വാക്കുപോരായെന്നതുന്നതം'
എന്നാലും തവ സ്തുതി വർണ്ണിപ്പാൻ ഭാവിച്ചു ഞാൻ
എന്നാലാകുംവണ്ണം ചൊല്ലിയാൽപോരാതാനും
നാവിന്മേൽ സ്വവാക്യങ്ങൾ നീതന്നെ വരുത്തിയാൽ
നാവിന്മേൽ സ്തുതികടൽ കടപ്പാൻ വിധിയാകും.
ആദികാരണൻ വിശ്വമുണ്ടാക്കുന്നതിൻമുൻപേ
ആദികാര്യഗോചരം നീ കന്യയായിരുന്നു.

* ഈ പേരിൽ രചിച്ച 'Stella' ഇതേവരെ കിട്ടീട്ടില്ല.

അധികഗുണാബ്ധി നീയാകേണമെന്നുവച്ചു
അധികാരങ്ങളും നിന്നുടെയിഷ്ടം യഥാ.

എന്നിങ്ങനെയാണു് ഗ്രന്ഥാരംഭം.

'തദനു സഖറിയാഗൃഹത്തിൽ മൂന്നുമാസം
തദനുരസത്തോടു കന്യക വാസംചെയ്തു.
സലില വാഹനത്താൽ വൃഷ്ട്യംബുദാനംകൊണ്ടു
സലിലതഷ്ണംപൂണ്ട പാടങ്ങൾ തണുക്കുമ്പോൽ
സുതനായക മാതാവിന്നുടെ സാന്നിദ്ധ്യത്താൽ
സുതനാം യോഹന്നാനും തന്നുടെ ജനനിക്കും
ബഹുലാനന്ദപൂർണ്ണമുണ്ടായി മുഖ്യഗുണ
ബഹുലാഭവും ദേവദാനവും ബഹുവിധം'

വാസനാസുരഭിലമായ ഒരു തൂലികയിൽനിന്നുമാത്രമേ ഇങ്ങനെയുള്ള വർണ്ണനകൾ നിർഗ്ഗളിക്കയുള്ളു. സ്വാതി പള്ളക്കിനെ കാക്കുന്നതുപോലെ സ്വാതിനായ് ആദ്യൻ മാതുരുദരത്തിൽനിന്നും പിറന്നുവത്രേ. അപ്പോഴാകട്ടെ:–

"ഭാനുക്കൾ മൂന്നും പ്രകാശിച്ചൊരു നേരംതന്നെ
ഭാനുക്കൾക്കുടയവൻ പിറന്നൊന്നതിൻ മൂലം
വീണാദിഗാനമശരീരികൾ കേൾപ്പിച്ചുടൻ
വീണാദിഹീനനായ പുത്രനെ വന്ദിച്ചമ്മാ.
സുരൂപജനങ്ങൾക്കു മനോഗോചരനായ
സുരൂപബാലനമ്മെപ്പുഞ്ചിരിയിട്ടുനോക്കി.
നയനാമിളകാതെ ബഹുലമനോഭക്ത്യം–
നയനായകൻ മുൻപിൽ കുമ്പിട്ടു കന്യകാംബ
തന്നബാഹുക്കൾനീട്ടി വത്സകൻ മാതാവിന്റെ
തന്നവാശ്ലേഷംചെയ്തു പ്രിയത്തെ വർദ്ധിപ്പിച്ചു."

ഇതിനെത്തുടർന്നുള്ള യേശുവിൻെറ ബാലഭാവത്തിന് രാമായണത്തിലെ രാമാദികളുടെ ശൈശവവർണ്ണനയോടു സാമ്യം കാണുന്നു:-

കാരുണ്യഭാവം കാട്ടി വത്സകൻ ചാരുരൂപ-
മാരുണ്യഭയാപരം തന്മുഖം ശോഭിപ്പിച്ചു
വേദന്യായംപോലെട്ടാം ദിവസേ ലോകംപ്രതി
വേദനയെന്നാകിലും കഴിഞ്ഞു വരുഗീസ്സം.
ഉപരിഷ്ടമാം ലോകരക്ഷകനായമൂലം
ഉപരികല്പനപോലീശോ നാമവും വച്ചാർ"

പിന്നീടാണ്:-

തദാ കണ്ടൊരു താരം മൂന്നഗ്ര രാജാക്കന്മാർ
തദാകാരത്തെനോക്കി ജ്യോതിഷ ശാസ്ത്രജ്ഞന്മാർ
സ്വതാരശോഭാം ദൃഷ്ട്വാ വിസ്മിതചിത്തത്തോടും
...........രാജ്യശ്രേഷ്ഠത്വം ജ്ഞാത്വാതസ്യ
മാർഗ്ഗണാരംഭത്തിന്നായുപഗ്രാഹ്യങ്ങൾ കൂട്ടി
മാർഗ്ഗനാനാവൈഷമ്യം ലംഘിച്ചു വേഗത്തോടും
ക്ഷിതിയുടയവനെക്കാട്ടുവാൻ ചെറിയൊരു
ക്ഷിതിയുടെ മേൽ താരമുറച്ചു രാജാക്കളും
അന്തരാലയത്തിങ്കൽ വന്ദിച്ചു മിശിഹായെ
അന്തരാമോദത്തോടു തിരുക്കാഴ്ചയും വെച്ച്"

കൃതാർത്ഥരാകുന്നത്. ദ്വിതീയാക്ഷരപ്രാസം ശ്ലേഷഭംഗികൊണ്ടും മററും സാധിക്കുന്നതിൽ കവിക്ക് അനിതരസാധാരണമായ സാമർത്ഥ്യമുണ്ട്.

"അരുണശോഭയാലേ ദിവസം ഭവിക്കുമ്പോൾ
അരുണശോഭാകരനമ്മയെത്തെളിയിച്ചു

തദൻ പതിനെട്ടു വത്സരം സുതന്നമായ്
തദനരസത്തോടു കന്യകവസിച്ചനാൾ
സുതന്നമമ്മയുടെ ചൊല്ലുപോൽ പ്രവർത്തിക്കും
സുതന്ന കാലമതു തോന്നിയെന്നതേ വേണ്ടു.
സാരസമോടും മുന്നമില്ലാത്ത പ്രിയത്തോടും
സാരസമുഖീ കന്യാപുത്രനെസ്സേവിച്ചീടും

.....................................................................

അന്നാളുകളിൽവച്ചു മുഖ്യനാം യൗസേപ്പുതാൻ
അന്നാളുകളിൽ മോക്ഷയാത്രയ്ക്കുദ്യുക്തനായി"

യേശുനാഥൻെറ കുരിശാരോഹണവും കന്യാമറിയത്തിൻെറ ദുഃഖവും മററും കവി എത്രയും സമഞ്ജസമായി വർണ്ണിച്ചിരിക്കുന്നു.

## ഉമ്മാടെ ദുഃഖം

അടുത്ത കൃതിയാണ് "ഉമ്മാടെ ദുഃഖം." ഉമ്മാടെ (ഉമ്മയുടെ) മിശിഹാടെ (മിശിഹയുടെ) ഹാവാടെ (ഹാവായുടെ) ഇത്തരം പ്രയോഗങ്ങൾ അന്നു ധാരാളം നടപ്പിലിരുന്നു ഉമ്മയുടെ ദുഃഖത്തെപ്പററി നതോന്നതവൃത്തത്തിൽ രചിച്ചിട്ടുള്ള ഒരു ഖണ്ഡകൃതിയാണിതു്. ഇതിലെ ഭാഷ പർവ്വങ്ങളിലേതുപോലെ പ്രൗഢമല്ല. സാധാരണക്കാർക്കു വായിച്ചു രസിക്കത്തക്കവിധം സരസലളിതമായ ഭാഷയിലാണ് ഇതു നിർമ്മിച്ചിട്ടുള്ളതു്. യേശുക്രിസ്തുവിനെ കുരിശിൽ തറച്ചിരിക്കുന്ന ദയനീയമായ കാഴ്ച കവി ഹൃദയസ്പൃക്കായി വർണ്ണിച്ചിരിക്കുന്നു. വിശുദ്ധമാതാവിൻെറ വിലാപത്തിൽ ഒരു ഭാഗം നോക്കുക:—

"ഓമനയേറുന്ന നിൻെറ തിരുമുഖഭംഗികണ്ടാൽ
ഈ മഹാപാപികൾക്കിതു തോന്നുമോ പുത്ര.
ഉണ്ണി നിൻെറ തിരുമുഖം, തിരുമേനിഭംഗി കണ്ടാൽ
കണ്ണിനാനന്ദവും ഭാഗ്യസുഖമേ പുത്ര!"

ഇത്യാദി.

ഈമാതിരി ഉദാഹരണങ്ങൾ അനവധിയാണ്. അതിനാൽ ഈ ഖണ്ഡകൃതി മുഴുവനുംതന്നെ താഴെച്ചേൎത്തുകൊള്ളുന്നു:

അമ്മ കന്യാമണി തൻെറ നിൎമ്മലദുഃഖങ്ങളിപ്പോൾ
നന്മയാലെ മനസ്സററു കേട്ടുകൊണ്ടാലും
ദുഃഖമൊക്കെപ്പറവാനോ വാക്കുപോരാ മാനുഷൎക്ക്
ഉൾക്കനെച്ചിന്തിച്ചുകൊൾവാൻ ബുദ്ധിയും പോരാ
എന്മനോവാക്കിൻ വശമ്പോൽ പറഞ്ഞാലൊക്കയുമില്ല
അമ്മ കന്നി തുണയെങ്കിൽ പറയാമല്പം.
സൎവ്വമാനുഷൎക്കു വന്ന സൎവ്വദോഷോത്തരത്തിന്നായ്
സൎവ്വനാഥൻ മിശിഹായും മരിച്ചശേഷം
സൎവ്വനന്മക്കടലോൻെറ സൎവ്വപങ്കപ്പാടു കണ്ടു
സൎവ്വദുഃഖം നിറഞ്ഞുമ്മാ പുത്രനെ നോക്കി,
കുന്തമമ്പു, വെടി ചങ്കിൽ കൊണ്ടപോലെ മനംവാടി
തൻ തിരുക്കാൽകരങ്ങളും തളൎന്നു പാരം
ചിന്തവെന്തു കണ്ണിൽനിന്നു ചിന്തിവീഴും കണ്ണുനീരാ-
ലെന്തു ചൊല്ലാമതു ദുഃഖം പറഞ്ഞാലൊക്കാ,
അന്തമററ സൎവ്വനാഥൻ തൻ തിരുക്കല്പനയോൎത്തു
ചിന്തയൊട്ടങ്ങുറപ്പിച്ചുതുടങ്ങി ദുഃഖം.-

എന്മകനേ! നിർമ്മലനേ! നന്മയെങ്ങും നിറഞ്ഞോനേ
ജന്മദോഷത്തിന്റെ ഭാരമൊഴിച്ചോ പുത്രാ!
പണ്ടു മുന്നോർ കടംകൊണ്ടു കൂട്ടിയതു വീട്ടുവാനായ്
ആണ്ടവൻ നീ മകനായിപ്പിറന്നോ പുത്ര!
ആദമാദിനരവർഗ്ഗം ഭീതികൂടാതെ പിഴച്ചു
ഹേതുവതിന്നുത്തരം നീ ചെയ്തോ പുത്ര!
നന്നുനന്നു നരരക്ഷ നന്ദിയത്ര ചെയ്തതും നീ
ഇന്നിവ ഞാൻ കാണുമാറു വിധിച്ചോ പുത്ര!
മുന്നമേ ഞാൻ മരിച്ചിട്ടു പിന്നെ നീ ചെയ്തിവയെങ്കിൽ
നന്നിതയ്യോ മുന്നമേ നീ മരിച്ചോ പുത്ര!
വാർത്ത മുമ്പേയറിച്ചു, യാത്ര നീയെന്നോടു ചൊല്ലി
ഗാത്രദത്തം മാനുഷർക്കു കൊടുത്തോ പുത്ര!
മാനുഷർക്കു നിൻ പിതാവു മനോജ്ഞം നൽകുവാനായ്
മനസ്സാദ്ധ്യമപേക്ഷിച്ചു കേണിതോ പുത്ര!
ചിന്തയുററങ്ങപേക്ഷിച്ചു ചിന്തവെന്ത സംഭ്രമത്താൽ
ചിന്തിച്ചോര വിയർത്തു നീ കുളിച്ചിതോ പുത്ര!
വിണ്ണിലോട്ടു നോക്കി നിന്റെ കണ്ണിലും നീ ചോരചിന്തി
മണ്ണുകൂടെച്ചോരയാലെ നനച്ചോ പുത്ര!
ഭൂമിദോഷാൽ വലഞ്ഞോരെ സ്വാമി നിന്റെ ചോരയാലെ
ഭൂമിതന്റെ ശാപവും നീയൊഴിച്ചോ പുത്ര!
ഇങ്ങനെ മാനുഷർക്കു നീ മംഗലം വരുത്തുവാനായ്
തിങ്ങിന സന്താപമോട്ടും ശ്രമിച്ചോ പുത്ര!
വേല നീയിങ്ങനെ ചെയ്തു കൂലി സമ്മാനിപ്പതിന്നായ്
കാലമേ പാപികൾ നിന്നെ വളഞ്ഞോ പുത്ര!

ഒത്തപോലെ ഒററി കള്ളൻ മുത്തി നിന്നെ കാട്ടിയപ്പോൾ
ഉത്തമനാം നിന്നെ നീചർ പിടിച്ചോ പുത്ര!

എത്രനാളായ് നീയവനെ, വളർത്തു പാലിച്ച നീചൻ
ശത്രുകയ്യിൽ വിററു നിന്നെക്കൊടുത്തോ പുത്ര!

നീചനിത്ര കാശിനാശയറിഞ്ഞെങ്കിലിരുന്നിട്ടും
കാശ്ശു നൽകായിരുന്നയ്യോ ചതിച്ചോ പുത്ര!

ചോരനെപ്പോലെ പിടിച്ചു കരമോടെ കരംകെട്ടി
ധീരതയോടവർ നിന്നെയടിച്ചോ പുത്രഃ

പിന്നെ ഹന്നാൻതന്റെ മുമ്പിൽവച്ചു നിന്റെ കവിളിന്മേൽ
മന്നിലേയ്ക്കു നീചപാപിയടിച്ചോ പുത്ര!

പിന്നെ ന്യായം വിധിപ്പിപ്പാൻ ചെന്നു കയ്യേപ്പാടെ മുമ്പിൽ
നിന്ദ ചെയ്തു നിന്നെ നീചൻ വധിച്ചോ പുത്ര!

സർവ്വരേയും വിധിക്കുന്ന സർവ്വസൃഷ്ടിസ്ഥിതി നാഥ!
സർവ്വനീചനവൻ നിന്നെ വിധിച്ചോ പുത്ര!

കാരണംകൂടാതെ നിന്നെക്കൊലചെയ്‌വാൻ വൈരിവൃന്ദം
കാരിയക്കാരുടെ പക്കൽ കൊടുത്തോ പുത്ര!

പിന്നെയ, ഹേറോദേസ് പക്കൽ, നിന്നെയവർ കൊണ്ടുചെന്നു
നിന്നെയാക്ഷേപിച്ചു കുററം പറഞ്ഞോ പുത്ര!

എങ്കിലും നീയൊരുത്തർക്കും സങ്കടം ചെയ്തില്ല നൂനം
നിങ്കലിത്ര വൈരമിവർക്കെന്തിതു പുത്ര!

പ്രാണനല്ലോനെന്നു ചിത്തേ, സ്മരിക്കാതെ വൈരമോടെ
തൂണുതന്മേൽ കെട്ടി നിന്നെയടിച്ചോ പുത്ര!

ആളുമാറിയടിച്ചയ്യോ ധൂളി നിൻെറ ദേഹമെല്ലാം
ചീളുപെട്ടു മുറിഞ്ഞു നീ വലഞ്ഞോ പുത്ര!
ഉള്ളിലുള്ള വൈരമോടെ, ദുഷ്ടർ നിൻെറ തലയിന്മേൽ
മുള്ളുകൊണ്ടു മുടിവെച്ചു തറച്ചോ പുത്ര!
തലയെല്ലാം മുറിഞ്ഞയ്യോ! ഒലിക്കുന്ന ചോര കണ്ടാൽ
അലസിയെന്നുള്ളിലെന്തു പറവൂ പുത്ര!
തലതൊട്ടങ്ങടിയോളം തൊലിയില്ല മുറിവയ്യോ!
പുലിപോലെ നിൻെറ ദേഹം മുറിച്ചോ പുത്ര!
നിൻ തിരുമേനിയിൽ ചോര കുടിപ്പാനായ്വൈരികൾക്ക-
ങ്ങെന്തുകൊണ്ടു ദാഹമിത്ര വളന്നു പുത്ര!
നിൻ തിരുമുഖത്തു തുപ്പി നിന്ദചെയ്തു തൊഴുതയ്യോ
ജന്തുവോടിങ്ങനെ കഷ്ടം ചെയ്യുമോ പുത്ര!
നിന്ദവാക്കു പരിഹാസം, പല പല ഭാഷികളും
പിന്നെയാക്ഷേപിച്ചു ഭാഷിച്ചെന്തിതു പുത്ര!
ബലഹീനനായ നിന്നെ, വലിയൊരു കുരിശതി
ബലം ചെയ്തിട്ടെടുപ്പിച്ചു നടത്തി പുത്ര!
തല്ലി, നുള്ളി,യടിച്ചുന്തി,ത്തൊഴിച്ചു, വീഴിച്ചിഴച്ചു
അല്ലലേററം വരുത്തി നീ വലഞ്ഞോ പുത്ര!
ചത്തുപോയ മൃഗം ശ്വാക്കളെത്തിയങ്ങു പറിക്കുമ്പോൽ
കുത്തി നിൻെറ പുണ്ണിലും പുണ്ണാക്കിയോ പുത്ര!
ദുഷ്ടരെന്നാകിലും കണ്ടാൽ മനം പൊട്ടും മാനുഷക്കു്
ഒട്ടുമേയില്ലനുഗ്രഹമിവക്കു പുത്ര!
ഈയതിക്രമങ്ങൾ ചെയ്‌വാൻ നീയവരോടെന്തുചെയ്തു
നീയനന്തദയയല്ലോ ചെയ്തതു പുത്ര!

ഈ മഹാപാപികൾ ചെയ്തോരീ മഹാനിഷ്ഠുരകൃത്യം
നീ മഹാകാരുണ്യമോടു ക്ഷമിച്ചോ പുത്ര!

ഭൂമിമാനുഷർക്കുവന്ന ഭീമഹാദോഷം പൊറുപ്പാൻ
ഭൂമിയെക്കാൾ നീ ക്ഷമിച്ചു സഹിച്ചോ പുത്ര!

ചോരയാൽ നിൻ ശരീരത്തിൽ പററിയ കുപ്പായമപ്പോൾ
ക്രൂരമോടെ വലിച്ചവർ പറിച്ചോ പുത്ര!

ആദമെന്ന പിതാവിൻെറ തലയിൽ വന്മരം തന്നിൽ
ആദിനാഥ! കുരിശിൽ നീ തൂങ്ങിയോ പുത്ര!

ആണിയിന്മേൽ തൂങ്ങി നിൻെറ, ഞരമ്പെല്ലാം വലിയുന്ന
പ്രാണവേദന സകലം സഹിച്ചോ പുത്ര!

ആണികൊണ്ടു നിൻെറ ദേഹം തുളച്ചതിൽ കഷ്ടമയ്യോ
നാണക്കേടു പറഞ്ഞതിന്നിളവോ പുത്ര!

വൈരികൾക്കു മാനസത്തിലെന്മകനെക്കുറിച്ചയ്യോ
ഒരു ദയ ഒരിഷലുമില്ലയോ പുത്ര!

അരിയകേസരികളെ, നിങ്ങൾ പോയ ഞായറിലെൻ
തിരുമകൻ മുമ്പിൽവന്നാചരിച്ചും പുത്ര!

അരികത്തു നിന്നു സ്തുതിച്ചോശാനയും ചൊല്ലിക്കൊണ്ടു
പ്പരിചിൽ കൊണ്ടാടിയാരാധിച്ചുമേ പുത്ര!

അതിൽപ്പിന്നെയെന്തു കുററം ചെയ്തതെൻെറ പുത്രനയ്യോ
അതിക്രമം ചെയ്തുകൊൾവാനെന്തിതു പുത്ര!

ഓമനയേറുന്ന നിൻെറ തിരുമുഖഭംഗി കണ്ടാൽ
ഈ മഹാപാപികൾക്കിതു തോന്നുമോ പുത്ര!

ഉണ്ണി നിൻെറ തിരുമുഖം, തിരുമേനി ഭംഗി കണ്ടാൽ
കണ്ണിനാനന്ദവും ഭാഗ്യസുഖമേ പുത്ര!

കണ്ണിനാനന്ദകരനാമുണ്ണി നിന്റെ തിരുമേനി
മണ്ണുവെട്ടിക്കിളയ്ക്കുംപോൽ മുറിച്ചോ പുത്ര!
കണ്ണുപോയ ക്രൂരമയ്യോ; ദണ്ഡമേററം ചെയ്തുചെയ്തു
പുണ്ണുപോലെ നിന്റെ ദേഹം ചമച്ചോ പുത്ര!
അടിയോടു മുടി ദേഹം കടുകിടയില്ലാതേററം
കഠിനമായ് മുറിച്ചയ്യോ വലഞ്ഞോ പുത്ര!
നിന്റെ ചങ്കിൽ 1ചവളത്താൽകൊണ്ടുകുത്താൻ 2വേലസു
വെന്റെ നെഞ്ചിൽക്കൊണ്ടു ചങ്കു പിളന്നോ പുത്രാ!
മാനുഷന്റെ മരണത്തെക്കൊന്നു, നിന്റെ മരണത്താൽ
മാനുഷക്കു മാനഹാനിയൊഴിച്ചോ പുത്ര!
സൂര്യ്യനും പോയി മറഞ്ഞയ്യോ! ഇരുട്ടായി ഉച്ചനേരം
വീര്യ്യവാനേ നീ മരിച്ച ഭീതിയോ പുത്ര!
ഭൂമിയിൽനിന്നേറിയോരു ശവങ്ങളും പുറപ്പെട്ടു
ഭൂമിനാഥ ദുഃഖമോടെ ദുഃഖമേ പുത്ര!
പ്രാണനില്ലാത്തവർകൂടെ ദുഃഖമോടെ പുറപ്പെട്ടു
പ്രാണനുള്ളോക്കില്ല ദുഃഖമെന്നിതു പുത്ര!
കല്ലുകളും മരങ്ങളും പൊട്ടി നാദം മുഴങ്ങീട്ടു
അല്ലലോടു ദുഃഖമെന്തു പറവൂ പുത്ര!
കല്ലിനേക്കാളുറപ്പേറും യൂദർ തന്റെ മനസ്സയ്യോ
തെല്ലുകൂടെയലിവില്ലാതെന്തിതു പുത്ര!
സവ്വലോകനാഥനായ നിന്മരണം കണ്ടനേരം
സവ്വദുഃഖം! മഹാദുഃഖം! സവ്വതും ദുഃഖം!
സവ്വദുഃഖക്കടലിന്റെ നടുവിൽ ഞാൻ വീണതാണു
സർവ്വസന്താപങ്ങളെന്തുപറവൂ പുത്ര!

---

1 കന്തം. 2 മുന.

നിന്മരണത്തോടുകൂടെയെന്നെയും നീ മരിപ്പിക്കിൽ
ഇമ്മഹാദുഃഖങ്ങളൊട്ടു തണുക്കും പുത്രാ!
നിന്മനസ്സിനിഷ്ടമെല്ലാം സമ്മതിപ്പാനുറച്ചു ഞാൻ
എന്മനസ്സിൽ തണുപ്പില്ല നിർമ്മലപുത്രാ!
വൈരികൾക്കു മാനസത്തിൽ വൈരമില്ലാതില്ലയേതും
വൈരഹീനപ്രിയമല്ലോ നിനക്കു പുത്രാ!
നിൻചരണം ചോരയാലും തൻശിരസ്സിലൊഴുകിച്ചു
വൻചതിയാൽവന്ന ദോഷമൊഴിച്ചോ പുത്രാ!
മരത്താലെവന്നദോഷം മരത്താലെയൊഴിപ്പാനായ്
മരത്തിന്മേൽ തൂങ്ങി നീയും മരിച്ചോ പുത്രാ!
നാരികയ്യാൽ ഫലം തിന്നു നരന്മാർക്കു വന്നദോഷം
നാരിയാം മേ ഫലമായ് നീയൊഴിച്ചോ പുത്രാ!
ചങ്കിലും ഞങ്ങളെയങ്ങു ചേർത്തുകൊൾവാൻ പ്രിയം നിന്റെ
ചങ്കുകൂടെ മാനുഷർക്കു തുറന്നോ പുത്രാ!
ഉള്ളിലേതും ചതിവില്ലാതുള്ള കൂറെന്നറിയിപ്പാൻ
ഉള്ളുകൂടെ തുറന്നു നീ കാട്ടിയോ പുത്രാ!
ആദിദോഷംകൊണ്ടടച്ച സ്വർഗ്ഗവാതിൽ തിറന്നു നീ
ആദിനാഥ! മോക്ഷവഴി തെളിച്ചോ പുത്രാ!
മുമ്പുകൊണ്ട കടമെല്ലാം വീട്ടി മേലിൽ വീട്ടുവാനായ്
അൻപിനോടു ധനം നേടിവെച്ചിതോ പുത്രാ!
പള്ളി തന്റെയുള്ളകത്തു വച്ചു നിന്റെ ധനമെല്ലാം
കള്ളരില്ലാതുറപ്പുള്ള സ്ഥലത്തു പുത്രാ!
പള്ളിയകത്തുള്ളവർക്കു വലയുമ്പോൾ കൊടുപ്പാനായ്
പള്ളിയറക്കാരനെയും വിധിച്ചോ പുത്രാ!

ഇങ്ങനെ മാനുഷക്കു നീ മംഗലലാഭം വരുത്തി
ത്തിങ്ങിന താപം സഹിച്ചു മരിച്ചോ പുത്ര.
അമ്മ കന്നി നിൻെറ ദുഃഖം പാടി വന്ദിച്ചപേക്ഷിച്ചു
എന്മനോതാപം കളഞ്ഞു തെളിക്ക തായേ!
നിന്മകൻെറ ചോരയാലേയെന്മനോദോഷം കഴുകി
വെണ്മ നൽകീടേണമെന്നിൽ നിർമ്മലതായേ.
നിന്മകൻെറ മരണത്താലെൻെറയാത്മമരണത്തെ
നിർമ്മലാംഗി നീക്കി നീ കൈ തൂകുക തായേ.
നിന്മകൻ കാലണച്ചെന്നെ നിർമ്മലമോക്ഷം നിറച്ചു
അമ്മ നീ മൽപിതാവീശോ ഭവിക്ക തസ്മാൻ

## ഉമ്മാടെ വ്യാകുലപ്രബന്ധം

അടുത്തതായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു് "ഉമ്മാടെ വ്യാകുലപ്രബന്ധം" എന്ന വിശിഷ്ടകൃതിയാണു്. ഇതു് സംസ്കൃതവൃത്തമായ ഉപജാതിയിലാണു് നിർമ്മിക്കപ്പെട്ടിട്ടുള്ളതു്. മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ ഇതു് ഒരു വിലാപകാവ്യമാണു്. അക്കാലത്തെ ഒരു വിലാപകാവ്യം എന്നനിലയിൽ ഇതിനു് വലുതായ പ്രാധാന്യമുണ്ടു്. ഖണ്ഡകാവ്യത്തിനു വലുതായ പ്രസക്തി—വിശേഷിച്ചും സംസ്കൃതവൃത്തത്തിൽ—തീരെ ഇല്ലാത്ത ഒരു കാലമായിരുന്നു അതു്. പാദ്രിയുടെ ദീർഘദർശിത്വവും നിസർഗ്ഗസുന്ദരമായ വാസനാവിശേഷവും ഇതിൽനിന്നും വെളിവാകുന്നു. ഇതിലുള്ള 63 പദ്യങ്ങളും പ്രായേണ സരസങ്ങളാണു്. മഹാഭാരതത്തിലെ ഗാന്ധാരീവിലാപത്തോടു സാദൃശ്യംവഹിക്കുന്ന ഈ സുരസകാവ്യം മുഴുവനും താഴെ ചേർത്തുകൊള്ളട്ടെ:—

അനന്തദൈവം ഗുണസർവ്വമൂലം
മനുഷ്യവർഗ്ഗംപ്രതി മാർദ്ദവത്താൽ
പിറന്നു ദീനൻ ധരയിൽ നടന്നു
നടത്തി വേദം ദുരിതം കളഞ്ഞു. 1

മുപ്പത്തിമൂന്നാം വരിഷംകഴിഞ്ഞി-
ട്ടീലോകദോഷോത്തരവും കഴിച്ചു
കുരിശ്ശിലേററു തന്ദുഃഖമേററം
സ്വകീർത്തിഹീനം ബഹുസങ്കടത്താൽ. 2

ഇദ്ദുഃഖമെല്ലാം മനസാ സഹിച്ചു
സ്വപ്രാണയാത്രാ സമയം ഭവിച്ചു
കുരിശ്ശുടുക്കെത്തനയാന്തികത്തിൽ
ദുഃഖാബ്ധിയിൽ താണു വധൂവിശിഷ്ടാ. 3

കോപിച്ചു കാറേറാളവുമേറി കപ്പൽ
പന്തെന്നപോലെ കടലിൽ കളിക്കും
താഴ്ത്തും തിര പൊക്കുമതും ക്ഷണേന
പായും പറിക്കും മരവും തകർക്കും. 4

അപ്പോലെയുമ്മായതു കാലമാധി
ഉള്ളിൽ ധരിച്ചോളവിലാസമായി
പകൽ മറച്ചിട്ടതിവർഷമോടും
സമന്തതാ വാർത്തിതു കണ്ണുനീരും. 5

ശോഭാം മറയ്ക്കും ജലഗർഭമേഘ
വശാദ്ദൃഢാ കൺപ്രഭയൊക്കെ മൂടി
മിന്നൽപിണർപോലതുനേരമമ്മ
സ്വപുത്രനെ നോക്കി വിഷാദമോടും. 6

അക്കാഴ്ചയാലും സരസോഖിഭേദാൽ
ഒഴുക്കുകൊണ്ടാക്രമമെന്നപോലെ
മുഴുത്തു ദുഃഖം ശ്രുതവാക്കുമുട്ടി
ജീവൻനില ചഞ്ചലത്വം ധരിച്ചു 7
എന്നാൽ പിതാവൊക്കവെ നിർവികാരം
കല്പിച്ചതെന്നമ്മയുമോത്തനേരം
സംഭ്രമമദ്ധ്യേ മലയെന്നപോലെ
യുറച്ചുനിന്നു സ്വമഹാവിഷാദേ. 8
നിരൂപണാവാഗ്നിയരം ഭവിച്ചു
തിരിച്ചുതച്ചിത്തഗതം സമസ്തം
മിണ്ടാതെ സാരം സ്വരസപ്രകാരം
കേൾപ്പിച്ചു ദുഃഖം സുതദുഃഖമൂലം 9
എന്നാത്മനാഥ! പ്രിയമേകമെന്തേ?
സുഖപ്രദേശാൽ പരദേശിയായി
സൽപുത്ര! നീ ഹിംസകഭൂമിപുക്ക്
ദയാവിഹീനം ശ്രമനീതനായി. 10
ദോഷാന്തമിച്ഛിച്ച പിതാമഹന്മാർ
സർവ്വേശ! നിന്റെ വരവാഗ്രഹിച്ചു
തൽസന്തതിക്കും രിപുവൈരമായി
അതിക്രമിച്ചു പ്രതിഘാതകന്മാർ. 11
സദൃഷ്ടപൂർവ്വം കരുണാവകാശം
അദൃഷ്ടപൂർവ്വം കരുണാവിരോധം
അനുഗ്രഹം രശ്മികളേറെ വീശി
യന്ധത്വസേവാമാവും ചമച്ചു. 12
കഴിഞ്ഞ കാലത്തിലഭ്രതമായ
നിന്റെ ദയയിസ്സമയം വിളങ്ങി

Dharmaram College Library
Bangalore-29

നിനക്കു പുത്ര! പ്രതിയോഗിഭാഗ്യാൽ
പ്രിയാവകാശം പ്രിയനാശമാക്കി. 13
ബഹുപ്രദന്നീയളവും കഴിഞ്ഞു
അന്ധത്തിനററം വരുമെന്നുമില്ല
ഘോരായതെല്ലാം രിപുവൈരിദാഹം
നിൻ ചോരയാൽ തീർപ്പതിനുള്ളുറച്ചു. 14
നിന്നേയുമെന്നാത്മജ നീ കൊടുത്തു
ബഹുപ്രദന്മാരിലതുല്യനീശോ!
അച്ചെയ്തതിന്നുത്തരമെന്തുപിന്നെ
കൈ രണ്ടുമയ്യോ വിദയം തുളച്ചു. 15
മഹാശ്രമത്താൽ കൃഷിചെയ്തു പുത്ര!
വിത്തിൻ വിശേഷം ഭുവി നീ വിതച്ചു
വിതച്ച ബീജാൽ ഫലിതം രസോനം
മുളച്ച മുള്ളും ചരണത്തിലേററു. 16
നിൻെറ നിലം വാഴ്വതിനാം വരുത്തി
ക്കൊടുത്തു ദ്രവ്യം നിലവും പ്രഭൂതം
അതിൻഫലം സർവ്വമവക്കു ദാനം
ചെയ്തു പ്രിയാനുസ്മരണം ഭവിച്ചു. 17
ആ സ്വാമിയെ ബ്ഭക്തി കളഞ്ഞു നീചർ
ആ നാടവർ കാട്ടു ചമച്ചുതീർത്തു
മുതൽ പറിച്ചു പ്രഭു ഹിംസയോടും
വിശിഷ്ടരാജ്യം പരാധീനമാക്കി. 18
നീ ശിക്ഷകൻ ശാസ്ത്രരഹസ്യമാകെ
ലോകം പഠിപ്പിച്ചിരുളും കളഞ്ഞു
ശിഷ്യർ പുനശ്ശസ്ത്രമെടുത്തു ശത്രു
ഭാവം ധരിച്ചാം ഗുരുവാശ്രമത്തിൽ. 19

തദ്ദക്ഷിണാ ജീർണ്ണവചസ്സു കൈക്കൊ-
വാളും കയററിദ്ദൃഢബന്ധമാക്കി
തദഞ്ജലി ശ്രേഷ്ഠകഃപാലഭാഗേ
അടിപ്രദാനം സ്തുതിഭത്സനങ്ങൾ. 20
തപസ്വി.........തപസാദ്വിതീയൻ
നിൻ ക്ലേശഗാഢം മനസാഗൃഹീതം
ചക്ഷുസ്സുകൾക്കേററമെട്ടുത്ത ദണ്ഡം
മനോഗതവ്യാധമിദം വചസ്സാൽ. 21
സുരൂപപുഷ്പം ഭുവനപ്രകാശം
ഹാപ്രീതപുത്രം ക്ഷമയാ പവിത്രാ
പ്രസൂനജാതം മധു വണ്ടുപോലെ
നിൻ ദേഹരക്തം രിപുപീതമായോ. 22
പൊന്നെന്നപോലെ തപനം സഹിച്ചു
ആയോഘനംകൊണ്ടടനാഹതൻ നീ
നിൻെറ സ്വരൂപം മലഹീനമല്ലോ
സമസ്തരൂപം പുനരെന്തതൊക്കെ. 23
മൃദുത്വരൂപൻ ശിശു മേഷതുല്യൻ
അത്യന്തശുദ്ധൻ മമ ചിത്തലാല്യൻ
നിൻേറ ശരീരം അടിയാലേ ചീഞ്ഞി
യതിക്രമത്താൽ ശിഥിലീകരിച്ചു. 24
പ്രഭാകരൻ സൂര്യനിലേററമീശോ
അനന്തലോകേ ദിനമാവഹിക്കും
ഭയങ്കരം തൽഗ്രഹണം സുകഷ്ടം
എന്തിങ്ങനെ നിൻപ്രഭയസ്തമിച്ചു? 25
ആകാശമിപ്പോൾ സഹപീഡയെപ്പോൽ
കറുത്തവസ്ത്രം സഹിതം ധരിച്ചു

ധരാജലത്വം സഹിയാത്തവണ്ണം
ചലത്വമേറേററവുമുൾഭ്രമിച്ചു. 26
പൊളിഞ്ഞു കല്ലും മലയും വിറച്ചു
അജ്ഞാനസൃഷ്ടിപ്പുകളാധിപൂണ്ടു
ഈ ഭൂമിയിൽ ജനനവും ശിലാത്വം
പ്രാപിച്ചു നൂനം കരുണാഹതത്വാൽ. 27
നീ മന്ത്രിപോൽ ചെന്നുകൊടുത്തു ബോധം
നീ ബന്ധുപോലാധി കളഞ്ഞുപോക്കി
പിതാവുപോൽ നീ നിയതം വളർത്തി
മാതാവുപോൽ നീ രുചിദത്തവാനായ്. 28

മനുഷ്യരും ബുദ്ധി............
വിശ്വസ്തബന്ധുത്വമൊഴിച്ചു പിന്നെ
പുത്രസ്വഭാവം ദുരിതാഗ്രഹത്താൽ
കഴിച്ചു ദുഷ്ടൻ സമനുഷ്യഭാവം. 29
ഭയാനജന്തു പ്രകൃതപ്രവൃത്തി
യെടുത്തു നിൻെറ രുധിരം ധരിച്ചു
ക്ഷമിച്ചു നീ ഭൂതലമാർത്തിപൂണ്ടു
നാശോനമെന്നാത്രയുമത്ഭുതം മേ. 30
ആകാശദീപപ്രളയം വരാതെ
വെളിവുനൽകുന്നതിനെന്തുമൂലം.
കോപിച്ച മേഘസ്തനിതം വിനീതി
പ്രാപിച്ചതിപ്പോളിളകാത്തതെന്ത്? 31
ആയസ്സുതനാ സ്വരധീശ്വരന്ന്
ആയുസ്സു പാപിക്ഷിതിയിൽക്കളഞ്ഞു
ആ ഭോഷനും ദുഷ്കൃതമെന്നുറച്ചാൽ
തത്സാമ്യമെന്തശ്രുതമേതുകാലം 32

അനന്തദേവപ്രതിഘാതകത്തി-
ന്നനന്തദോഷം സമദണ്ഡബന്ധം
ഈ മൂന്നുകൂട്ടം കൃതനിർവികാരം
നിരൂപിയാതെ വൃജിനം തികച്ചു. 33

മനുഷ്യരാ ക്രിയകളൊക്കെ വേഗം
നിന്നോടുകാട്ടി സ്ഥിരദൃഷ്ടഭാവാൽ
ദൈവൈകപുത്രക്ഷമയാ സദുഃഖം
മാലാഖമാരേ വരുവിൻ സഹായം. 34

എന്റെ സുഖം ജീവനു തുല്യരത്നം
ഈശോ തദാഖ്യം പറയുന്നനേരം
ഇരുണ്ടു നേത്രം ബലഹീനദേഹം
നിന്നോടുകൂടെഗ്ഗമനം തുടങ്ങി. 35

എന്റെ സുഖം നീ പരനാൽ മനസ്സിൽ
ആനന്ദലാഭം മമ ഭവ്യമില്ല
നിൻ ജീവനിപ്പോൾ മരണം ഗമിച്ചു
ത്വയാ വിനാ ഞാൻ ശവമായ് ചമഞ്ഞു. 36

എല്ലാം കൊടുത്താൽ വിലയാവലഭ്യം
മേ പുത്ര! നീ രത്നമെനിക്കു പോയാൽ
വലഞ്ഞു ഞാൻ സന്തതവും മനസ്സും
മുട്ടീവിധം തല്പരമെത്ര രുച്യം? 37

നിൻ കല്പനാസർവവശസ്വരീശാ
മാലാഖമാർ നിൻപ്രിയമെന്തുനോക്കും?
എന്തിന്നിതൊക്കെസ്സുത! നീ ക്ഷമിച്ചു
ഒരക്ഷരംകൊണ്ടിതു മാറുമല്ലോ. 38

ദോഷം ക്ഷതം പോക്കുവതിൻ ചികിത്സ
ചെയ്യാൻ സമർത്ഥൻ ക്ഷിതിയെ പ്രവിഷ്ടൻ

നിൻെറ ശരീരം സകലം മുറിഞ്ഞു
തളർച്ചയും ദുർബലവും മുഴുത്തു. 39
നിൻെറ ക്ഷതംകൊണ്ടു ക്ഷതം ശമിക്കും
നിൻെറ ക്ഷയത്താൽ ക്ഷയവും ക്ഷയിക്കും
കൊള്ളാമതിൻ ലാഭഫലം രസിക്കും
ആ മാനുഷർ വൈരികളെന്നു സഹ്യം. 40
ഭൂലോകദോഷം കഴുകീട്ടുവാനായ്
നിൻെറ ശരീരം രുധിരം കൊടുത്തു
നിൻെറ ശ്രമം പാപിയുടൻ മറന്നു
കളിക്കുമച്ചോററിലറപ്പുവരുത്തു 41
മനുഷ്യവർഗ്ഗം പ്രതി ചിത്തദാഹം
നിൻെറ വിനാശം ഫലവും സുഭദ്രം
പാപം കളഞ്ഞു പ്രിയഭാജനങ്ങൾ
നന്നാകുമെന്നോ മനസ്സിൽ ഗ്രഹിച്ചു. 42
എല്ലാമറിഞ്ഞിട്ടറിയുന്നപോലെ
സ്നേഹം ഭവിപ്പാൻ പരിതാപമേററു
പാപി കടംകൊണ്ടതു വീട്ടുവാനും
ചോരൻ യഥാ ദുഷ്കൃതപാത്രമായി. 43
നിൻെറ ക്ഷമാകാര്യസമസ്തമാകെ
വരുത്തിയാലും ഫലമൊപ്പമോ ചൊൽ
ഇമ്മൂന്നുലോകം നരവർഗ്ഗമൊക്കെ
പ്പുകം സമസ്തം മണിരത്നവും നീ. 44
നിൻ ദർശനം സ്നേഹതമസ്സു നീക്കി-
ഞെക്കെകെട്ടി നിൻെറ ചമയം പഠിച്ചു
നിൻ സ്വേദവും ചോരയുമുദ്ധരിച്ചു
സുതാപവും സുശ്രമവും വരുത്തി. 45

നിന്റെ പ്രിയത്തിൻ ചമയം വിശേഷം
കാണും വിധൗ കഷ്ടമതെന്തു നൂനം
പട്ടം തലയ്ക്കുള്ളതു മുള്ളരണ്യം
വണ്ണം മുഖത്തിന്നടികൊണ്ടു നീലം. 46

കൈരണ്ടുമാണിത്തുളയാൽ മുറിഞ്ഞു
സർവാംഗമൊക്കെ ക്ഷതമായ്ച്ചമഞ്ഞു
നിന്റെ പ്രിയത്തിൻനിലയെത്തുവാനോ
വിലാവു കുന്തം മുനയാൽ തുറന്നു! 47

നീയോടിടാമെന്നൊരു ശങ്കയാലോ
ഇരുമ്പു നിന്റെ ചരണേ തറച്ചു
നിൻ സ്നേഹസാദ്ധ്യം രിപുബാഹുവാലേ
കഴിച്ചതെല്ലാമനുകൂലമായി. 48

മഹാതലക്കുന്നതു നിർവികല്പം
വരുത്തി രക്ഷാ നിയതം വിചാരം
ഇക്കുത്തിനാൽ ദുഷ്കൃതമററുപോകും
ധർമ്മം പരക്കും ശുഭവും ഭവിക്കും. 49

മനോജ്ഞനേത്രം തമസാവിരൂപം
കടാക്ഷമൊന്നും പ്രഭയോടുകൂടെ
നീ നോക്കുമെങ്കിൽ നയനം തെളിഞ്ഞു
കാണും ഗുണം ദുഷ്കൃതവും സ്വരൂപം. 50

അറയ്ക്കുമെല്ലാം ദുരിതാന്ധകാരം
കണ്ണീരുകൾകൊണ്ടു വരും വിശുദ്ധി
തൽക്കാഴ്ചയാൽ ശിഷ്യനറിഞ്ഞറച്ചു
സ്വദുഷ്കൃതം കണ്ടു കരഞ്ഞുപോക്കി. 51

സർവ്വം ഭവിപ്പാൻ വശമുള്ള നാഥേ
മിണ്ടാത്തതെന്തുത്തരമെന്നു ചൊൽക

ദോഷം പൊറുക്ക; നരസങ്കടങ്ങ-
ളെല്ലാമൊഴിപ്പാൻ മതി വാക്‌പ്രമാണം. 52
നിൻവാക്കു ജീവൻഗുണവാഹമായ
സർവ്വൌഷധം സൽഗുണകാരണം നീ
മിണ്ടാത്തതെന്തേ ക്ഷയകാലമായി
നിന്നാലപായം ഭുവനാദികൾക്ക്. 53
മിണ്ടാത്തനേരം കൃതകർമ്മമോർത്ത്
മിണ്ടും വിധൌ തൽഭയവും ധരിച്ച
പാപം ക്ഷമിച്ചു ച്യുതമർത്ത്യരാർത്തി
യുൾക്കൊണ്ടു വേഗം വരുവിൻ സമീപേ. 54
പാപീ ഭയം നീക്കിയടുത്തുകൊൾക
മൃദുത്വമുണ്ടെന്നതു ബോധമോർക്ക
ആട്ടിൻഗുണംപോൽ സുമൃദുസ്വഭാവം
കണ്ടെത്തുമിപ്പോൾ കഠിനം സുദൂരെ. 55
വിശ്വാസസത്യം മനസി ഗ്രഹിക്ക
ചെന്നാലുമിപ്പോൾ കരുണാവകാശം
സിംഹം യഥാ ശങ്കിതനാകുമീയാൾ
ഭയങ്കരം നീയുടനെ വരാഞ്ഞാൽ. 56
തൂങ്ങും തലചായ്ച്ചുനവാഭമോടും
നീ ചെയ്തതെല്ലാം ദയയാൽ പൊറുക്കും
അഴിഞ്ഞു ചിത്തം വരിക പ്രിയത്താൽ
നിൻവൃത്തികൾക്കുത്തരമെന്തു കാൺക. 57
കൺകൊണ്ടു പാർക്കും, തഴുകും വരുമ്പോൾ
അങ്ങേ പ്രിയം കണ്ടഴിയാത്തതെന്തേ?
ഉള്ളം തുറന്നു ചതിയൊട്ടുമില്ല
തൻ ചങ്കിലും ചേർപ്പതിനാശയുണ്ട്. 58

അതിന്നു യോഗ്യക്രിയകൾ നിനക്കു-
മില്ലെന്നതോർത്താൽ ചരണം പിടിക്ക
തൃക്കാൽ ഗ്രഹിച്ചാൽ കഴുകും കൃതത്തിൻ
കറയതിൽനിന്നു വരുന്ന രക്തം: 59

ദേവതാസിംഹാസനപുണ്യദേഹം
മുത്തുന്നു ഞാൻ സർവ്വമനഃപ്രിയത്താൽ
നിൻ ചോരയാൽ ഭൂമി നനഞ്ഞു കാലം
മയം ധരിക്കും സുകൃതം ഫലിക്കും. 60

നവക്ഷതം മിന്നിന പത്മരാഗം
ദ്യോവിൻ ജനത്തിൽ സുഖമാവഹിക്കും
ആദിത്യനേക്കാൾ ബഹുരശ്മിയാലു-
മററം വരാതേ സതതം വിളങ്ങും. 61

ചെയ്ത്താൻ സ്വതന്റെ മുറിവാൽ മുറിഞ്ഞു
തൻ മൃത്യുവാലും മരണം വരിച്ചു
രണ്ടിൻബലം കെട്ടതിതിൻ സഹായം
മോക്ഷത്തിലേ വാതിലു നീ തുറന്നു. 62

ഞങ്ങൾക്കു മേലിൽ സുഖലാഭമാവാൻ
ഈവണ്ണമമ്മ പ്രിയമോടു ചൊന്നാൾ
ആ രണ്ടു ദുഃഖം നിയതം മനസ്സിൽ
നമ്മെ ഗ്രഹിപ്പിച്ചരുളേണമമ്മേ. 63

## ജനോവാപർവ്വം

'ജനോവാപർവ്വം' എന്ന കൃതിയാണ് ഇനി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു്. ഇതിന്റെ ഒരു പ്രതി തേടിപ്പിടിക്കാൻ ഞാൻ ഒട്ടുപണിപ്പെട്ടു. ഈയിടെയാണ് അതു

സമ്പാദിച്ചത്. ഈ കൃതിയുടെ 24-ാംപതിപ്പ് എസ്.റി. റെഡ്യാർപ്രെസ്സിൽ 1130-ാമാണ്ട് അടിച്ചുകാണുന്നു. ഇത്രയും പ്രചാരം ഈ കൃതിക്ക് ഉണ്ടായതിൽനിന്ന് ഒന്നനുമാനിക്കാം; ക്രിസ്ത്യാനികൾ മാത്രമല്ല, ഹിന്ദുക്കളിൽ ഒരു നല്ല വിഭാഗവും ഈ കൃതി വായിച്ചുരസിക്കുന്നുണ്ടെന്ന്. ഇതിലെ കഥാഗതിയെന്നു മാത്രമല്ല, വർണ്ണനകളും പദഘടനാരീതിയും എത്രയും സാമഞ്ജസമായിരിക്കുന്നു. കിളിപ്പാട്ടിനെ സംബന്ധിച്ചിടത്തോളം എഴുത്തച്ഛനെ അനുകരിച്ച പാദ്രി മഞ്ജരിവൃത്തത്തിൽ ചെറുശ്ശേരിയുടെ കാലടികളെയാണു പിൻതുടരുന്നത്. ആ രണ്ടു കവിശ്രേഷ്ഠന്മാരിലും തിളങ്ങിക്കണ്ടിരുന്ന സംസ്കാരവിശേഷവും ശൈലീഭംഗിയും പാദ്രിയിൽ നല്ലവണ്ണം നിഴലിച്ചുകാണുന്നു. രണ്ടു കൃതികളും ശ്രദ്ധിച്ചു വായിക്കുന്ന സഹൃദയന്മാർക്ക് അക്കാര്യം എളുപ്പത്തിൽ ഗ്രഹിക്കാനും ആസ്വദിക്കാനും സാധിക്കുന്നതാണ്. ചെറുശ്ശേരി പാലാഴിമാതിനോടോ അംബികയോടോ പ്രാർത്ഥിക്കുമ്പോൾ, പാദ്രി ധന്യശീലയായ കന്യാമറിയത്തെ പ്രാർത്ഥിക്കുന്നു എന്നൊരു വ്യത്യാസംമാത്രം.

സർവ്വേശപരാ സർവ്വനാഥാ പരാപര!
സർവ്വേശ സൽഗുണാംബുരാശേ!
സർവ്വസ്തുതിക്കും നീ കാരണമാകയാൽ
സർവ്വേശാ നിന്നെ സ്തുതിച്ചീടുന്നേൻ.
കീർത്തിയെക്കീർത്തിപ്പാനാളല്ലയെങ്കിലു-
മാർത്തിയുണ്ടുള്ളിലെനിക്കു നൂനം.
കീർത്തിയെ വാഴ്ത്തി സ്തുതിപ്പാനും മറുളേളാ-
രാർത്തികൾ തീർത്തു രക്ഷിക്കേണമേ!

എന്നിങ്ങനെ ഈശ്വരനെ പ്രാത്ഥിച്ചിട്ട് കവി കന്യാമറിയത്തോടു പ്രാത്ഥിക്കുന്നു:-

കന്നിമറിയമേ കന്യകമാർമണേ
അന്നാതനൂജയേ ധന്യശീലേ!
സവ്വം തവ മുഖകൗമുദിയാലമ്മേ
സവ്വാന്ധകാരങ്ങൾ നീക്കേണമേ.
സവ്വേശഭക്തരെ സർവ്വകാലത്തിലും
സർവൈകനാഥൻ ത്യജിപ്പാറില്ല.

അടുത്തപടി മുക്തിപ്രദമായ കഥയിൽ കവി പ്രവേശിക്കുന്നു. എംപ്രദോർ ചക്രവത്തി തൻെറ വിവിധരാജ്യങ്ങളെ രക്ഷിക്കാനായി പല രാജാക്കന്മാരെ വാഴിക്കുന്നു. ഇവരിൽ പ്രമാണിയാണ് സിപ്രസോ.

വിശ്രുതകീത്തി വിളങ്ങും മലമെന്ന്യേ
ധാത്രീശഭൂപതി ഗോത്രം തന്നിൽ
ശക്തനാം യുക്തിമാൻ ജന്മത്തിൽ സിപ്രസോ
ധാത്രീപതിവീരനുത്ഭവിച്ചു.
നേത്രകുതൂഹലനാകിയ പൃത്ഥ്വീശൻ
കീത്തിബഹുഗുണമെത്ര ചിത്രം!
ബാല്യകാലത്തിങ്കൽ ലീലയുപേക്ഷിച്ചു
ചാലവേ വിദ്യകൾ പാഠംചെയ്തു
ശാസ്ത്രപുരാണവും വേദാന്തയുക്തിയും
സിദ്ധാന്തകമ്മമായുള്ളതെല്ലാം
സംഗീതസാഹിത്യവിദ്യാദിസവ്വ-
മൊന്നൊഴിയാതെ ഗ്രഹിച്ചു നന്നായ്.
നാലുപായങ്ങളുമാറുനയങ്ങളും
നാനാവിധവിദ്യയെല്ലാം മററും

ശസ്ത്രപ്രയോഗങ്ങളൊക്കവേ ശാസ്ത്രോക്തി
യുക്തിപോൽ സർവ്വം സംഗ്രഹിച്ചു.

ഇങ്ങനെ പാൎത്ഥിവധൎമ്മങ്ങളെല്ലാം ഗ്രഹിച്ച് ചിത്ത സുഖത്തോടുകൂടി വാഴുന്ന രാജാവ് ഗോലോവെന്ന മന്ത്രിയോട്ട് തന്റെ 'ഭാൎയ്യാതാപം' അറിയിക്കുന്നു. സന്ന്യാസം സൎവ്വഗുണത്തിനും കാരണമാണെങ്കിലും ഗൃഹസ്ഥധൎമ്മവും ശ്രേഷ്ഠം തന്നെയാണു്:

സർവ്വേശൻ കല്പിച്ച കൂദാശയേഴതിൽ
നിർവ്വ്യാജമാറാമതേഴാമതും
ഒന്നുപോൽ മോക്ഷത്തിൽ ചേരുവാൻ നൽവഴി
നന്നായ് തെളിഞ്ഞരുൾചെയ്തു നാഥൻ.
നന്നായാൽ നല്ലതിതുപോലെയില്ലല്ലോ
ഒന്നിനും ഖേദം വരികയില്ല.
നല്ലപോൽ ഭാൎയ്യയോടൊന്നിച്ചു മേളിച്ചു
ചൊല്ലപോൽ വൃത്തിയും രക്ഷചെയ്തു
ഏകേശഭക്തിയിലേകമനസ്സോടെ
ഏകാന്തമായിസ്സുഖിച്ചിരുന്നാൽ
സന്തതിസമ്പത്തും സന്തതാനന്ദവും
സമ്പൂൎണ്ണകീൎത്തിയും വർദ്ധിച്ചീടും
രണ്ടുസുഖവും ലഭിക്കുമിതുകൊണ്ടു
സന്ന്യാസം ഭൂലോകേ ദുഃഖംതന്നെ.
അൎത്ഥവാൻ വേട്ടാൽ സുഖാൎത്ഥലാഭംതന്നെ
അൎത്ഥമില്ലാഞ്ഞാലനൎത്ഥമേററം
ഊന്നിനില്ലാത്തവൻ പാണിഗ്രഹം ചെയ്താൽ
നാണക്കേടെല്ലാമനുഭവിക്കും

പാണിഗ്രഹംതന്നെ പാർത്ഥിവധർമ്മം കേൾ
നാണിഭകീർത്തിക്കും ഹാനിയില്ല.
വാർദ്ധക്യകാലത്തു കീർത്തികളയാതെ
ധാത്രി രക്ഷിപ്പാനും പുത്രൻ വേണം.

പുരുഷത്തിൽ സന്തതിക്കും ധനത്തിനും യശസ്സിനും ഭാര്യതന്നെ വേണം. അതിനാൽ പ്രബന്ധമഹീപതിയുടെ പുത്രിയായ ജനോവേവയെ വേൾക്കാനായി പത്രവും കൊടുത്തു മന്ത്രിയെ രാജാവു യാത്രയാക്കുന്നു. ഗാത്രവിഭൂഷണ വേഷത്തോടെ യാത്രപുറപ്പെട്ട ശോലോ പ്രബന്ധമഹീപതിയുടെ മന്ദിരഗോപുരദ്വാരത്തിലെത്തുന്നു. കണ്ടാലഴകേറുന്നതു രാജധാനികണ്ട് ഗോലോ അല്പനേരം മിണ്ടാതെ നിന്നുപോകുന്നു:

മാളികഗോപുരം കേളീസൗധങ്ങളു-
മാളീഗൃഹങ്ങളും മേളമോടെ
വെൺമണിമാടങ്ങളുന്നതമാമ്മാറു
വെണ്മയേറീട്ടും കൊടിമരവും
നാടകശാലയും ഹാടകശാലയും
ചേടീജനംമേവുമാപണങ്ങൾ
കുംഭീന്ദ്രപംക്തിയും വൻപരായുള്ളോരു
മന്ത്രികൾ മേവും നിലയങ്ങളും
സൈന്യം വസിക്കുന്നോരുന്നതഭിത്തിയും
മന്നവൻ തന്റെ മണിമറവും
ആരാമഭിത്തിയെച്ചാരവേ കാണുമ്പോൾ
വീര്യമിയന്നൊരു സ്വർഗ്ഗംപോലെ
പൂക്കൾ തരംതരം മേൽക്കുമേലുണ്ടതിൽ
വായ്ക്കും മണിയറ ചുററും നീളേ

വൃക്ഷങ്ങൾ വല്ലികൾ ലക്ഷണങ്ങളെന്നിങ്ങൾ
പക്ഷം കലൎന്ന മയിൽക്കൂട്ടങ്ങൾ
ലീലയാ പാടും പികങ്ങൾ ശുകങ്ങളും
ചാലെ വിളിക്കും കപോതങ്ങളും
ഗർദ്ദഭം ദന്തി മഹിഷവും ഗോക്കളും
പോററിവളൎത്തുന്ന കൂട്ടകളും
അശ്വങ്ങൾ പംക്തി നിരക്കവേ കാലാളും
ആശ്ചര്യമേറും രഥപംക്തിയും
നേത്രത്തിൽ കീൎത്തി വളൎക്കും കൊടികളും
ശ്രോത്രം കുളൎത്തുള്ള വാദ്യങ്ങളും
വേണുവിനോദവും വീണാനിനാദവും
ചേണാൎന്ന ദുന്ദുഭിമേളങ്ങളും....

കൊണ്ടു പരിശോഭിക്കുന്ന രാജധാനിയാണതു്. ശോണര ത്നോജ്ജ്വലമായ സിംഹാസനത്തിൽ വാണരുളുന്ന പ്രബന്ധ മന്നവൻ മന്ത്രിയെ സൽക്കരിക്കുന്നു. മന്ത്രി പത്രം നൽകു ന്നു. പത്രലിഖിതം വായിക്കവേ മന്നന്റെ വക്ത്രപ്രസാദം കണ്ടു് ഗോലോ സന്തോഷിച്ചുവത്രെ. 'ഭാൎയ്യയുമായി വിചാ രിച്ചു'തിനുശേഷമാണു് അദ്ദേഹം അനുകൂലമായ മറുവടി എഴുതി ഗോലോയെ യാത്രയാക്കുന്നതു്. വഴിക്കു് ഉദ്യാന ത്തിൽ ആളിമാരുമായി കേളീരസത്തിൽ മുഴുകിയിരിക്കു ന്ന ജനോവേവ ഗോലോയെക്കണ്ടു് ഇപ്രകാരം പറയുന്നു:

ചിന്തിച്ചു വന്നതറിഞ്ഞു ഞാനെപ്പേരും
ഹന്ത! ഗമിക്ക വിഷാദം വേണ്ട.
നാലാശ്രമം നാരിമാരെ വിവാഹത്തിൽ
നാലുദിക്കിലും പ്രസിദ്ധമല്ലോ.

വിദ്വാനെയിച്ഛിക്കും തൻപിതാവെന്നതും
വിത്തത്തെയിച്ഛിക്കും മാതാക്കന്മാർ
ബന്ധുക്കൾ തൽകുലശ്രേഷ്ഠതയിച്ഛിക്കും
ബന്ധുരരൂപികൾ കന്യകമാർക്ക്
രൂപവാൻ തങ്കലഭിരുചിയേററവു-
മാസ്ത്വരുമിന്നാലുമിച്ഛിച്ചീടും.
ഇച്ചൊന്ന നാലുഗുണങ്ങളുമുണ്ടെങ്കിൽ
വാച്ചുള്ള മംഗലമെന്നോ വേണ്ടു.

കന്യകയോടു യാത്രപറഞ്ഞു് മന്ത്രി സുന്ദരിയായ ജനോവായുടെ ഗുണഗണം ചൊല്ലുന്നതു നോക്കുക:-

സർവ്വാംഗസുന്ദരിയെന്നോ പറയാവൂ
സർവ്വവും ചൊല്ലാനെളുതല്ലാർക്കും
സർവ്വത്തെക്കാളും സർവ്വേശനെ ഭക്തിയാൽ
സർവ്വനേരത്തിലും സേവിക്കുന്നു.
രണ്ടിലും സൗന്ദര്യമുണ്ടിവൾക്കെന്നതും
കണ്ടവർ ചൊല്ലിയും കേട്ടു നാഥ!
രാജസ്ത്രീയെന്നു കാണുന്നവർക്കെല്ലാർക്കും
വ്യാജരഹിതമായ് നിർണ്ണയിക്കാം.
ഇനിയുമുണ്ടു ഗുണഗണം ചൊല്ലുവാ-
നിന്നാടിയത്തിനു നാവു പോരാ.

ഈ ഭാഗം ചെറുശ്ശേരിയുടെ രുഗ്മിണീവർണ്ണനയോടു സാമ്യം വഹിക്കുന്നു. നോക്കുക:-

"കാന്തിയെ വാഴ്ത്തീടാമെന്നാരു നണ്ണിനി-
ന്നാന്ധ്യത്തെക്കൊള്ളേണ്ടയാരുമിപ്പോൾ"

ചെറുശ്ശേരി

സിംഹപരാക്രമനായ സിപ്രസ് സൂര്യവാരത്തുന്നാൾ സൂര്യോദയത്തിൽ സവ്വേശനെ വണങ്ങീട്ട് പ്രബന്ധമഹീപതിയുടെ രാജ്യത്തിലെത്തി പെണ്മണിയെ വേദവിധിപോൽ വിവാഹം ചെയ്യുന്നു. "കല്യാണാഘോഷങ്ങൾ ചൊല്ലുവാൻ എന്നാലസാദ്ധ്യ"മെന്നാണു കവി പറയുന്നതു്:—

"കൂടിയ ലോകക്കും സംഖ്യയില്ലൊട്ടുമേ.
ആടമ്പരങ്ങളാമത്തു കേൾക്കുമന്നോക്കും
കുംഭീന്ദ്രപംക്തിയലറുന്ന ഘോഷവും
വൻപിച്ച വാദ്യനിനാദങ്ങളും
തേരുരുൾ ഞാണൊലിയെന്നുള്ള ഘോഷവും
വീരതുരഗത്തിൻ ശബ്ദങ്ങളും
കൂടിയ ലോകർ പറയുന്ന വാക്കുകൾ
നാനാദേശങ്ങൾ മുഴങ്ങുമാറും
ഇങ്ങനെയുള്ളൊരു വേളികോലാഹലം
എങ്ങുമില്ലെന്നോ പറവാനുള്ളു."

പ്രബന്ധമന്നൻ പുത്രിയെ മാറോടണച്ചു്:

കന്നിമറിയമേ മാതാവേ നീയെൻറ
അമ്മേ! മകളെ നീ പാലിക്കേണം.

എന്നു പ്രാത്ഥിച്ചിട്ടാണു യാത്രയാക്കുന്നതു്. സിപ്രസോ പത്നീസമേതനായി പുരത്തിൽ പ്രവേശിച്ചു് രണ്ടുകൊല്ലം സസുഖം വസിക്കുന്നു.

ഇങ്ങനെയിരിക്കെ എമ്പ്രദോറിനോടു് യുദ്ധത്തിനായി രൂക്ക്മഹാരാജാവൊരുങ്ങുന്നു. അദ്ദേഹം സിപ്രസോവിനെ യുദ്ധത്തിനായി നിയോഗിക്കുന്നു. സിപ്രസോ പത്നിയെ വേണ്ടുവണ്ണം സൂക്ഷിക്കുന്നതിനു ഗോലോവിനെ ഭര

മേല്പിച്ചിട്ട് സങ്കടപൂർവ്വം യാത്ര പറയുമ്പോൾ ബോധംകെട്ടുവീഴുന്നു. രാജാവു ഭാര്യയെ വാരിയെടുത്തു് മുഖത്തു വാരി തളിച്ചു് സുഖപ്പെടുത്തീട്ടു് മറിയമയോടു് ഇപ്രകാരം പ്രാർത്ഥിക്കുന്നു:-

"ലോകമാതാവേ മറിയമേ പാഹിമാം
ലോകമാതാവേ മറിയമേ നീ
പാപികൾക്കാധാരമായ മറിയമേ
പാപികളാം ഞങ്ങൾ ഖേദിക്കുന്നേൻ.
പാണിഗ്രഹണം കഴിച്ചവഹം, ഭാര്യയെ
പ്പാലിച്ചീടുന്നതും നീ മാതാവേ!
ഇപ്പോൾ വിശേഷിച്ചു നിൻ പുത്രിയാകുമെൻ
പത്നിയെ നിൻ കൈയിലേല്പിക്കുന്നേൻ
ദുഃഖത്തിൽനിന്നൊക്കെ നീ പാലിക്കേണമേ
ദുഃഖാർത്തയാമിവൾ ഭീരുവത്രേ.
നിൻ കൈയിലേല്പിച്ചു ഞാനിതാ പോകുന്നു
ശങ്കേതരം പരിപാലിക്ക നീ"

ഇങ്ങനെ കന്യാമറിയത്തെ ഭരമേല്പിച്ചിട്ടാണു് രാജാവു് യാത്രയാകുന്നതു്. ജനോവയാകട്ടെ ഭർത്താവിന്റെ നന്മയ്ക്കുവേണ്ടി കന്നിമറിയത്തിന്റെ വിഗ്രഹസമീപം പ്രാർത്ഥിച്ചു കാലം കഴിക്കുന്നു.

ക്രമേണ ഗോലോവിനു് ജനോവായിൽ പ്രേമം ജനിക്കുന്നു. 'യോഷാമണിമാരെപ്പാട്ടിലാക്കീടുവാൻ ഭോഷന്മാർ ചെയ്യുന്ന വ്യാപാരങ്ങ'ളെല്ലാം അയാൾ പ്രയോഗിക്കുന്നു.

"വല്ലതെന്നാലും പുരുഷന്മാർ ചൊല്ലുമ്പോൾ
മല്ലാക്ഷിമാർ കേൾക്കുമെന്നു ഞായം

വല്ലിയും യോഷമാർ തന്നുടെ ചിത്തവും
ചെല്ലുന്നിവ രണ്ടുമൊന്നുപോലെ
പാർശ്വത്തിൽ നിന്നു സേവിക്കുന്നവർകൾക്കു
പാക്കാതെ നാരിമാർ പാട്ടിലാക്കും"

എന്നുള്ള വിശ്വാസത്തോടുകൂടി അയാൾ നിരന്തരം ശുശ്രൂഷിച്ചു് ജനോവായിൽ വിശ്വാസം ജനിപ്പിച്ചു. അങ്ങനെയിരിക്കെ ഒരുദിവസം ദേവീസമീപത്തുചെന്നു് അയാൾ ഇപ്രകാരം പറയുന്നു:-

നിന്തിരുമേനി ഗുണഗണം കാൺകയാൽ
അന്തമില്ലാതുള്ളോരാശയുള്ളിൽ
ചൊന്നാലൊടുങ്ങാത്ത വേദനപൂണ്ടു ഞാൻ
അംഗം തളൎന്നു മരിപ്പാറായി.
വണ്ടിനുമിണ്ടൽ പൂണ്ടിടുന്ന കുന്തളം
മിന്നിപ്പുറവടിതങ്കലോളം
നീണ്ടുചുരുണ്ടു ചുളിഞ്ഞങ്ങിയലുന്ന
കണ്ടിവാർകുന്തളം കണ്ടുകണ്ടു
പഞ്ചമിച്ചന്ദ്രനെത്തോല്പിക്കും ശോഭയും
അഞ്ചമ്പൻ വില്ലായ ചില്ലീയുഗ്മം
അംഭോരുഹദളം വെല്ലും നയനവും
വൻപിയലുന്നൊരു നാസികയും
തൊണ്ടിപ്പഴത്തിനുമിണ്ടൽ പൂണ്ടിടുന്ന
ചുണ്ടിന്റെ ഭംഗി പറയാവതോ!
മുല്ലമുകുളം മുകുരശകലവും
ചൊല്ലേറും മൗക്തികക്കല്ലും ചേൎക്കും
പല്ലിന്റെ ഭംഗി പറയുന്നതാരഹോ
മല്ലവിലോചനേ പാലയ മാം

കണ്ണാടിമിന്നൽപോൽ മിന്നുന്ന കുണ്ഡലം
കണ്ണത്തിൻ കാന്തി പറയാവതോ
പങ്കജകോരകം പമ്പരം പന്തുപോൽ
കുംഭീന്ദ്രമസ്തകകുംഭങ്ങളും
ശുംഭൽ സുവർണ്ണകുംഭങ്ങളെന്നിത്തരം
കുമ്പിട്ടും കൊങ്കകളൻപിനോടേ.
ആലില കണ്ടാൽ ഭ്രമിച്ചു വിറയ്ക്കുന്ന
ചേലൊത്തുദരത്തിൻ ഭംഗികളും
കണ്ടാൽ മയങ്ങുന്നോരീക്ഷണയുഗ്മവും
കൊണ്ടാടിമേവും പുറവടിയും
കണ്ടുകണ്ടെത്ര നാളത്തൽപൂണ്ടിങ്ങനെ
മിണ്ടാതെ ദുഃഖാൽ വലഞ്ഞീടുന്നു!
ഇന്നിക്ഷമിക്കയെന്നല്ലതു ഭാവിച്ചാൽ
കന്നൽ മിഴിയാളേ! ഞാൻ മരിക്കും.
കൊല്ലാതെ നീയെന്നെ മല്ലവിലോചനേ
അല്ലൽ തീർന്നെന്നെപ്പരിപാലിക്ക.
നല്ലപോലെന്റെ മനോരഥം തീർത്തന്നാൽ
നല്ലതു മേന്മേൽ നിനക്കുണ്ടാകും.

ഈ അപേക്ഷകേട്ട് ദേഹചിത്തമുരുകി അവൾ അല്പനേരം മിണ്ടാതെ നിന്നിട്ട് ചിത്തകോപത്തോടുകൂടി അയാളെ ആപാദചൂഡം ഒന്നുനോക്കി. ദേഹം ദഹിച്ചുപോകുമെന്നു ഭയന്ന് അയാൾ ദേവീസമീപത്തുനിന്നും മാറി. ജനോവാ കോപത്തെ അടക്കീട്ട് അവനെ ഉപദേശിക്കുന്നു. ഗോലോവാകട്ടെ വീണ്ടും തന്റെ അപേക്ഷ സമർപ്പിക്കയാണു ചെയ്യുന്നത്.

"അല്പദോഷമൊരു ദോഷമല്ലെന്നോൎത്തു
മൽപ്രിയംപോലെയൊന്നാചരിച്ചാൻ
ഏറിയദോഷം പൊറുത്ത സൎവ്വേശ്വരൻ
ഏകദോഷത്തിനു ശിക്ഷിക്കുമോ?

പത്രോസിൻെറയും ചുങ്കക്കാരൻ മത്തായിയുടെയും ദോഷം പൊറുത്തില്ലേ? ക്ഷുദ്രസ്ത്രീയായ കിനായേൽക്കരിയുടെ ദോഷം പൊറുത്തില്ലേ? പുണ്യവാളന്മാരും ദോഷം ചെയ്തവരുണ്ടു് മോഹദോഷം ഒരു ദോഷമല്ല അതു ദേഹത്തിൻെറ സ്വഭാവം മാത്രമാണു്;"എന്നൊക്കെയാണു് അയാളുടെ ന്യായവാദം. പോരെങ്കിൽ 'നാട്ടിലെ രാജാവു് ഞാനാണു്' എന്നൊരു താക്കീതും! ശാസ്ത്രസൂത്രംപോലെ നടക്കാൻ ഈ ലോകത്തിൽ ആൎക്കു സാധിക്കും? പത്തിനഞ്ചു് ഒപ്പിച്ചാൽ പത്തും പത്തായിത്തീരും. ഇത്രവലിയ പ്രതിജ്ഞയുണ്ടെങ്കിൽ നീ എന്താണു് 'ശുദ്ധകന്യാവ്രതം' കാക്കാഞ്ഞതു്? എൻെറ മനസ്സുപോലെ പ്രവൎത്തിച്ചില്ലെങ്കിൽ നിൻെറ അഹംഭാവം ഞാൻ തീൎക്കുന്നുണ്ടു്" എന്നായി ഗോലോവ്. ഇവിടെ ജനോവയെക്കൊണ്ടു് കവി ചെയ്യിക്കുന്ന തത്വോപദേശം എത്രയും മൎമ്മസ്പൃക്കായിരിക്കുന്നു:—

സിദ്ധാന്തമുള്ളിലിരിക്കുന്ന മൎത്ത്യൻെറ
ചിത്തത്തിൽ നേർവഴി തോന്നാ പിന്നെ
ചിത്തത്തിൽ വിശ്വാസമുള്ള ജനത്തിൻെറ
യുക്തികൊണ്ടേയവർ ബോധിച്ചീടൂ.
സിദ്ധാന്തമൊക്കെക്കളഞ്ഞു നേർബുദ്ധിയിൽ
സത്വരം ഞാൻ ചൊല്ലും വാക്കു കേൾ നീ

സർവ്വേശൻ തന്നുടെ ഭാഷയിൽ സൃഷ്ടിച്ചു
ഉർവ്വിയിൽ മാനുഷവർഗ്ഗംതന്നെ
എന്തിനായ് സൃഷ്ടിച്ചു കാരണമെന്നതും
ചിന്തിച്ചുകൊൾക ജളപ്രഭോ നീ.
അല്പകാലം ഭുവി വാഴുന്നകാലത്തു
തൽപദസേവകൾ ചെയ്തു നിത്യം
അത്യന്തഭക്തിയാൽ പുണ്യത്വം പ്രാപിച്ചു
ശില്പമാം മോക്ഷത്തിൽ വാണീടുവാൻ
ന്യായവിധിപോൽ നടക്കും ജനങ്ങൾക്കു
നായകൻ കല്പിച്ചു മോക്ഷോപായം
തന്നിഷ്ടംപോലെ നടക്കുന്നവർ സദാ
വൻനരകാഗ്നിയെ പ്രാപിക്കുന്നു.
അംഗങ്ങളോരോന്നേ തന്നു സർവേശ്വരൻ
ഇങ്ങൊത്തപോലെ നടപ്പാനല്ല.
നല്ലതുകണ്ടു ഗ്രഹിപ്പതിനായിട്ടു
അല്ലൽകൂടാതെ നയനം നൽകി
ദുഷ്ടത കാണുമ്പോൾ കഷ്ടമേറെയ്‌വാനും
പെട്ടെന്നു തോലുമതിനുണ്ടാക്കി
ദുഷ്ടത ചെയ്‌വാനും കഷ്ടത്തെക്കാണ്മാനും
ദൃഷ്ടി തന്നിട്ടില്ല സർവ്വനാഥൻ.
ഈശ്വരധ്യാനങ്ങൾ ചെയ്തു സേവിപ്പാനു-
മീശ്വരവൃദ്ധിയെ വർണ്ണിപ്പാനും
ആശ്ചര്യമായുള്ള വാക്കു പറവാനും
ശാശ്വതനീശ്വരൻ നാവു നൽകി.
അന്യായമായുള്ള വാക്കു പറവാനും
അന്യരെ വാക്കിനാൽ നിന്ദിപ്പാനും

ഇങ്ങതുതോന്നിയാലംഗമിളക്കാതെ
അങ്ങടച്ചീട്ടുവാൻ നൽകി ദന്തം.
കർമ്മവിധിപോലെ നന്മ നിറഞ്ഞുള്ളിൽ
ധർമ്മത്തെച്ചെയ്‌വാൻ കൈ തന്നു ദേവൻ.
തന്നിഷ്ടംപോലെ നടന്നു മററുള്ളോരെ
യങ്ങിഷ്ടക്കേടൊക്കിശ്ശിക്ഷിപ്പാനും
തന്നിട്ടില്ലാ കരം ധന്യനാമീശ്വര-
നെന്നു ധരിച്ചാലും ദുർമ്മതേ നീ.
അല്ലൽക്കൂടാതെ നടപ്പാനും നല്ലപോൽ
ചൊല്ലുള്ള കാൽകളുംതന്നു ദേവൻ.
ദോഷത്തിനായിഗ്ഗമിപ്പാനും മററുള്ള
ദോഷത്തിൽ പോകുവാനുള്ള മാർഗ്ഗം
കാട്ടുവാൻ കാലാക്കും നൽകീട്ടില്ലീശ്വരൻ
കാട്ടിയാൽ ശിക്ഷിക്കും നീക്കമില്ല.
ഇങ്ങനെയോക്ക നീയെല്ലാററിനെക്കാളും
നല്ലതു ചെയ്‌വാനേ തന്നിട്ടുള്ളു.
അംഗങ്ങളോരോന്നേ തന്നതു ചിന്തിച്ചാ-
ലങ്ങൊത്തപോലെ നടപ്പാനത്രെ.
മാനുഷജാതിക്കും നാനാജന്തുക്കൾക്കും
ഭേദമുണ്ടെന്നു ധരിച്ചുകൊൾക.
മാനുഷജാതിക്കുപകാരത്തിന്നായി
നാനാജന്തുക്കളെ സൃഷ്ടിച്ചതും
അക്കാരണത്താലവക്കു നന്മയാലേ
ഒക്കെക്കൊട്ടത്തില്ലേയേകനാഥൻ.
ആഹാരം നിദ്രയും മൈഥുനം ഭീതിയും
ലോകൈകനാഥൻ കൊടുത്തവക്ക്

*　　*　　*

മാനുഷക്കായതുപോലെയല്ല വിധ-
മായവർ കല്പിച്ചതെന്നു കേൾപ്പു.
കൃത്യാകൃത്യങ്ങളറിഞ്ഞിട്ടു സർവ്വം
സത്യസ്വരൂപൻ വിധിച്ചവണ്ണം
അല്പം പിഴയാതെ ചെയ്യുവെന്നാകിലോ
സ്വല്പമാം മോക്ഷമനുഭവിക്കാം.
അൗ ദോഷംകൊണ്ടൊരു ദോഷമില്ലെന്നുള്ള
അല്പമാം ബുദ്ധി വിചാരിക്കേണ്ട.
അല്പാഗ്നികൊണ്ടിട്ടു നല്ല ഗൃഹങ്ങള-
ങ്ങെപ്പേരും ഭസ്മമായീടുന്നല്ലൊ.

*　　*　　*

ദുഷ്ടമായന്യസ്ത്രീയൊന്നിലുമാശയും
കഷ്ടമരുതെന്നു ദൈവവിധി.
ഭർത്താക്കളുള്ള നാരികളെയാമെന്നു
കുത്രചിൽ ദോഷന്മാരോർത്തുവെങ്കിൽ
ഒട്ടുമരുതെന്നു കഷ്ടത്തിൽ കഷ്ടമെ-
ന്നിഷ്ടദേവൻ തന്റെ കല്പനയിൽ
അന്യസ്ത്രീമോഹവും മോഹവിചാരവു-
മന്യായമത്രയുപേക്ഷിപ്പാനായ്
മോഹമെന്നുള്ളൊരു ശബ്ദം തിരിച്ചുകേ-
ളാകയെന്നത്രേ തിരിച്ചുചൊല്ലാം.
മോഹിപ്പാനെന്തൊരു കാരണം നാരിയെ
മോഹിക്കത്തക്കൊരു വസ്തുവിതോ?
മൂത്രമലാദി നിറഞ്ഞുള്ള പാത്രങ്ങൾ
നേരത്തൊരു ചർമ്മത്താൽ മൂടിക്കെട്ടി

ഒൻപതുദ്വാരമിതിന്നു വശമാക്കി
അൻപരിലൻപനാം തമ്പുരാൻ താൻ
അന്തർഭാഗത്തിന്നു മൂത്രമലാദിക-
ളന്തരം കൂടാതെ പോകുവാനായ്
ഒൻപതുദ്വാരത്തിൽനിന്നു വരുന്നതു-
മൻപോടേ സൂക്ഷിച്ചാലൊക്കെക്കാണാം.
കൊങ്കദ്വയം നല്ല സൌഖ്യമെന്നുള്ളതു
ശങ്കേതരം ചിലർ ചൊല്ലീടുന്നു.
സൌഖ്യത്തിനായിപ്പുണരുവാനല്ലതു
പത്തനേ മക്കൾക്കു ദാഹം തീർപ്പാൻ
വായിൽനിന്നുള്ളൊരു വാസനയോർത്തെന്നാൽ
ആയതകാലം മറപ്പാൻ ന്യായം.
ഒൻപതുദ്വാരത്തിൻ നന്മയിതാകുമ്പോൾ
അൻപോടിതിൻ ഘ്രാണം കഷ്ടമല്ലോ!
നേരെ മലമൂത്രം പോകുന്ന ദ്വാരങ്ങ-
ളാരാലും കഷ്ടം മറപ്പാൻ ന്യായം.
ദീപം കാണുന്നേരം ഭോജനമെന്നോർത്ത-
ങ്ങീയകുലംവന്നു ചാകുംപോലെ
ദേഹവും ദേഹിയും പോകുവാനായിട്ടു
മോഹമതിന്മേൽ വളൎന്നീടുന്നു.
തന്നുടെ ഭാൎയ്യാക്കളെപ്പോലെയന്യരാം
തനാംഗിമാരെന്നറിഞ്ഞുകൊൾക.

പിന്നീട്ട് ദാവീദ്, യോഹന്നാൻ, മത്തായി, പത്രോസ്, മറിയം തുടങ്ങിയുള്ളവരുടെ പാപകൎമ്മം, പശ്ചാത്താപം ഇവ വിവരിച്ചിട്ട് ജനോവാ ഗോലോവിനെ വീണ്ടും ഉപദേശിക്കുന്നു:–

വിശ്വാസവഞ്ചന ചെയ്കയെന്നുള്ളതു-
വിശ്വത്തിലാക്ഷമരുതാത്തതും
വിശ്വസിച്ചല്ലോ സമസ്തവും നിൻകൈയിൽ
വിശ്വാസയുക്തനാം മൽഭർത്താവും
ഏല്പിച്ചതോർത്താൽ നിനക്കിതു ചൊൽവതി-
നല്പവും ന്യായമുണ്ടാകുമോ കേൾ?
പ്രാണാർദ്ധമായ് നിന്നെ മൽപതിവച്ചതു
പ്രാണൻപോയാലും മറന്നീടാമോ?
*നാശത്തിൻ നേരത്തു നല്ലതു തോന്നിടാ-
താശ വല്ലാത്തതിലേറും നൂനം.
നാശം വരുത്താതെയാശകളഞ്ഞുള്ളിൽ
ഈശോവെസ്സേവിക്ക നീചബുദ്ധേ!
ഒന്നായാലും നിൻെറ ചിത്തംപോൽ ഞാൻ ചെയ്യാ-
കൊന്നാലുമില്ലെന്നറിഞ്ഞുകൊൾക.
എന്തുവരികിലുമെന്തുചെയ്താലും നിൻ
ചിന്തപോൽ സാധിപ്പാൻ കൂടാ നൂനം.
സത്യത്തെപ്പേടി നിനക്കില്ലെന്നാകിലും
ചിത്തേയെനിക്കു ഭയമുണ്ടിന്നു
ന്യായക്കേടായിട്ടു ഞാനൊരു കാര്യവും
നായകൻതന്നാണെ ചെയ്കയില്ല.

ഇങ്ങനെ ജനോവാ പറഞ്ഞുനിറുത്തുന്നു. അപ്പോഴാകട്ടെ ഗോലോ ഭൃത്യൻെറ ഭാവം കളഞ്ഞിട്ട് സിന്ധുസദൃശനായി

---

* ആപത്തുവന്നാടുത്തീടുന്ന കാലത്തു
ശോഭിക്കയില്ലെടോ സജ്ജനഭാഷിതം.
(രാമായണം—എഴുത്തച്ഛൻ)

ഗംഭീരകോപേന "ഇച്ചൊന്ന വാക്കിൻ ഫലം ഉടനെ അനുഭവിപ്പിക്കു"മെന്ന് അവളെ ഭയപ്പെടുത്തുന്നു. അവളോടടുത്തു്, കേണുകിടക്കുന്ന ഏണത്തെ സിംഹമെന്നപോലെ കരംപിടിച്ചു് ഉഗ്രകോപാൽ വലിച്ചിഴച്ചുകൊണ്ടുചെന്ന് മച്ചിനുള്ളിലാക്കി കവാടവും ബന്ധിക്കുന്നു. വിവരം അന്വേഷിച്ചവരോടു് അവൾ പാചകനെ പരിഗ്രഹിച്ചതിനു ശിക്ഷയാണിതെന്ന് പറഞ്ഞുപരത്തുന്നു. അടുത്തപടി നിരപരാധിയായ പാചകനെയും അയാൾ തടവിലാക്കുന്നു. ഇനി എങ്ങനെയെങ്കിലും ജനോവായെ കൊല്ലിക്കണമെന്നും ആ ദുഷ്ടൻ തീരുമാനിക്കുന്നു.

ജനോവാ അറയിൽ കിടന്നു വിലപിക്കയാണു്‘-

അമ്മേ ചതിച്ചോ നീയെന്നെ മറിയമേ!
അമ്മേ വെടിഞ്ഞോ നീ ഹാ ഹാ കഷ്ടം!

അവൾ ബോധംകെട്ടു വീഴുന്നു. വീണ്ടും ഉണൎന്നു വിലപിക്കുന്നു. മാതാവിനോടു പ്രാൎത്ഥിക്കുന്നു:

"ഭൎത്താവിനോടിവൻ ദുസ്സാമൎത്ഥ്യം ചൊല്ലി
ഭൎത്താവെക്കൊട്ടാതെ കൊല്ലിച്ചീടും
എന്തെല്ലാം ചൊല്കിലുമെൻപതിതന്നെ ഞാൻ
കൺമുന തന്നിൽ കണ്ടീടുമെങ്കിൽ
എൻപരമാൎത്ഥദുഃഖങ്ങളശേഷവും
വൻപനാം ഭൎത്താവെക്കേൾപ്പിച്ചീടും
കാണ്മാൻ കഴിവു വരുത്തേണം മാതാവേ
പെണ്മണിനായകക്കല്ലേ തായേ.
പണ്ടേ നീയല്ലാതെയില്ലെനിക്കാശ്രയ-
മുണ്ടോ കൊല്ലപ്രിയം ദൈവകന്യേ!

നിന്നെ സ്നേഹിച്ചു സ്തുതിക്കുന്നവർകളെ
എന്നുമുപേക്ഷിക്കാറില്ലെന്നുള്ള
വിശ്വാസമുണ്ടെനിക്കിന്നതിനാൽ നിന്നെ
വിശ്വസിച്ചൻപോടു പ്രാർത്ഥിക്കുന്നേൻ.
ഇക്കണക്കെന്നോടിവൻ ചെയ്തതൊക്കെയും
പോക്കേണം മാതാവേ ദൈവകന്യേ!
ഈ ലോകദുഃഖമെനിക്കു തരികിലും
ആ ലോകത്തെന്നെയുപേക്ഷിക്കൊല്ലേ.
ദുഷ്ടനാം ഗോലോവെ നഷ്ടം വരുത്തേണ്ട
ദൃഷ്ടിമറിയിച്ചാൽ പോരും പോരും.
മാമകദുഃഖംപോൽ മാതാവേ നീയിനി
ഭൂമിയിലാർക്കും കൊടുത്തീടൊല്ലേ"

ഇങ്ങനെ അവൾ വിലാപത്തിലും പ്രാർത്ഥനയിലും മുഴുകി കഴിക്കവേ 'ഗർഭം വളർന്നു'വന്നു. പ്രസവവേദന ആരംഭിക്കവേ അവൾ ദേവിയെ പ്രാർത്ഥിച്ചു. മാലാഖാമാർവന്ന് അവളുടെ ദുഃഖം തീർത്തു. ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു. ദുഃഖത്തിൽ ഉത്ഭവിച്ച പുത്രനെ അവൾ 'ദുഃഖാത്തൻ' എന്നു പേർ വിളിച്ചു. എന്തുവന്നാലും അമ്മയുടെ പാദത്തെ മുറുകെപ്പിടിക്കുക എന്നുറച്ച്, കിട്ടുന്നഅല്പഭക്ഷണംകൊണ്ടു കഴിയുന്ന അവൾ:

പേർത്തുവിചാരിച്ചിവനിനിയെന്തെല്ലാം
ഭർത്താവെക്കേൾപ്പിക്കും ദോഷവൃത്തം
ഭർത്താവെക്കാട്ടാതെ കൊല്ലിക്കുമെന്നെയും
പാർത്താലതിന്നൊരുപായമില്ല.

മച്ചിൻെറയുള്ളിൽക്കിടക്കുന്ന ഞാനെന്നു
മച്ചിത്തം ഭർത്താവേ കേൾപ്പിക്കുന്നു.

ഇങ്ങനെ ഓരോന്നു വിചാരിച്ച് അവൾ

"പുത്രനെത്തൻെറ മടിയിൽവച്ചാദരാൽ
നേത്രാംബുവാലേ കളിപ്പിച്ചിട്ട്,"

ഗോലോ ചെയ്ത ക്രൂരകൃത്യമെല്ലാം വിവരിച്ച് ഭർത്താവിന് ഒരെഴുത്തെഴുതി. അത് ഇപ്രകാരം അവസാനിക്കുന്നു:-

നിന്നെക്കൊണ്ടെന്നെയും കൊല്ലിക്കുമെന്നിവൻ
നിന്നെക്കാണാതെൻെറ മൃത്യുവരും.
പുത്രനെയാരു രക്ഷിക്കുന്നു വല്ലഭ!
മിത്രമാരുള്ളിനിദ്ദൈവമെന്യേ?
നീയിനിയേറിയകാലം ഭുവി വാഴ്ക
ഏറിയ സൌഖ്യേന വാഴ്ക വാഴ്ക.
സർവ്വേശകാരുണ്യാൽ നന്മ ഭവിക്കട്ടെ
സർവ്വേശകാരുണ്യാൽ മേൽക്കുമേലേ.
ഞാൻ നിന്നെക്കാണുന്ന കാലം കഴിഞ്ഞിനി
ഞാനെന്നുമോർക്കേണ്ട മൽഭർത്താവേ!
രണ്ടുമ്പോൾ നിന്നോടുകൂടിയിരുന്നാലും
വേണ്ടുവോളം മതി ഹാഹാ! പാപം.
എന്നെപ്പിരിഞ്ഞു പോകുന്നോരു ദുഃഖത്താൽ
തന്നെ മറന്നല്ലേ പോയി കാന്ത!
എന്നതിനുത്തരം നീതന്നെയെന്നെയും
ഹിംസിപ്പാൻ കാരണം വന്നുകൂടി.
കൊല്ലുന്നതുകൊണ്ടു തെല്ലും ഭയമില്ല
വല്ലഭ! ഞാൻ നിന്നെ കാണുമെങ്കിൽ.

നിൻകൈയിൽ പുത്രനെയേൽപ്പിച്ച ഭത്താവേ
മൃത്യു ഭവിച്ചെങ്കിൽ പീഡയില്ല.
ഇത്രമാത്രമൊരു ക്ലേശമെനിക്കുള്ളിൽ
തത്ര വളരുന്നു സവ്വനാഥാ.
എൻപതികണ്ടിവയൊക്കെയും ബോധിപ്പാൻ
തമ്പുരാട്ടീയിട കൂട്ടേണമേ."

ഈ കത്തു് കവാടത്തിന്മേലുള്ള "തച്ചരമെത്തേൽ" (?) ഒളിച്ചുവയ്ക്കുന്നു.

സിപ്രസോവാകട്ടെ എട്ടുമാസം നീണ്ടുനിന്ന യുദ്ധത്തിൽ റുക്കിനെ നഷ്ടം വരുത്തി നശിപ്പിച്ചു്, എമ്പ്രദോറിൻെറ അനുഗ്രഹവും വാങ്ങി തിരിയെവരുന്നു. അപ്പോഠം അശ്രുപൊഴിച്ചുകൊണ്ടു് നമ്രമുഖനായി നിൽക്കുന്ന ഗോലോ:-

ശക്തിമാനായ നിനക്കുള്ള കീത്തിയെ
പ്പുത്തി കളഞ്ഞു വസിച്ചീടുന്നു
ഞാനിനിയെന്തൊന്നു വേണ്ടതറിഞ്ഞില്ല
ചിന്തിച്ചാൽ പോക്കാവതല്ല ഞാനും.

കാര്യങ്ങഠം വിവരിച്ചു പറവാൻ ആജ്ഞാപിച്ച രാജാവിനോടു് അയാഠം സൃഷ്ടിച്ചുണ്ടാക്കിയ കള്ളക്കഥ പറഞ്ഞു കേഠംപ്പിക്കുന്നു:

മൃത്യു ഭവിക്കും ഭവാനെന്നു മാനസേ
സത്യമുറച്ചവഠം കോപ്പുകൂട്ടി
മാനിനിമാക്കുള്ള മാനസധൈയ്യത്തെ
മാനവന്മാക്കറിയാവല്ലേതും
ഇന്നിയുമുണ്ടിതിനുള്ള പരമാത്ഥം

മന്നവ കാട്ടി ഞാൻ ബോധിപ്പിക്കാം
നാട്ടിലുണ്ടാകുന്നവസ്ഥകളൊക്കെയും
കാട്ടും മുകുരദരിശനത്തിൽ
ഇങ്ങനെയുണ്ടൊരു വിദ്വാൻ സമീപത്തിൽ
ഇങ്ങവൻതന്നെ വരുത്തിക്കാട്ടാം.

ഇങ്ങനെയാണ് ഗോലോ അവസാനിപ്പിച്ചത് സിഫ്ര സോ അത്യന്തകുപിതനായി ആ വിദ്വാനെ കൊണ്ടുവരാൻ ആജ്ഞാപിച്ചു അവൻ വന്ന് പറഞ്ഞതുപോലെയൊക്കെ കപടാഭിനയം നടത്തി. ഉടൻതന്നെ രാജാവ് ഭാര്യയെ അരണ്യപ്രദേശത്തുകൊണ്ടുപോയി വധിക്കാനും ജാരനെ വധിക്കാനും കല്പന പുറപ്പെടുവിച്ചു. ദൂതന്മാർ വേഗത്തിൽ ചെന്ന് ജനോവയെ വിവരം ധരിപ്പിച്ചു. അവരും കുഞ്ഞിനെ മാറത്തണച്ചുകൊണ്ട് ഇപ്രകാരം വിലപിച്ചു:

പോക മകനേ! നമുക്ക മരിപ്പാനായ്
ഖേദിക്കവേണ്ട പിതൃനിയോഗം
എന്നുടെ ദോഷത്താൽ നിന്നെയും കൊല്ലുവാൻ
ഇന്നാജ്ഞ ചെയ്തു പിതാവെന്നറി
അയ്യോ മകനേ നിനക്കു വിധിയിതോ
പൊയ്യല്ല നിന്നെയും കൊല്ലുവാനായ്
ഞാൻ ദോഷത്താലത്തിയെന്നു വരികിലും
ന്യായമോ നിന്നെയും കൊൽവതോർത്താൽ
ഹാഹാ! എൻഭർത്താവേ! നീയിതു ചെയ്‌വതി
നാകാംക്ഷ തോന്നിയതയ്യോ പാപം!
ഗോലോ മഹാഖല! ചാലവേ നിന്നുടെ
ആടോപകൗശലം ചിത്രമോർത്താൽ

ആഗ്രഹംപോലെ ഞാൻ ചെയ്യാത്ത കാരണം
നിഗ്രഹിപ്പാനങ്ങുറച്ചു നീയും
നിഗ്രഹംകൊണ്ടു നിനക്കു സുഖമല്ലോ
ആഗ്രഹംപോലെ ഭവിച്ചീടട്ടെ.
ഭർത്താവേ! ദുഷ്ടൻെറ വാക്കുകൾ കേട്ടു നീ
തത്ര കൊല്ലിച്ചാലും പതിതന്നെ.
ബോധരഹിതരാം നാനാജന്തുക്കൾക്കും
പുത്രവാത്സല്യം പറയാവതല്ല.
നിന്നുടെ പുത്രനെ സ്നേഹമില്ലാഞ്ഞിട്ടോ
എന്നോടുകൂടെ വധിപ്പിക്കുന്നു!
അയ്യയ്യോ! പാപമേ ഭർത്താവേ നീയെൻെറ
ആത്മജനെച്ചതി ചെയ്യോ നീയും!

അവൾ പുത്രനെ മാറിലണച്ചു് ദീനദീനം കരയുന്നു. വീണു മലച്ചുകിടന്നും, എഴുന്നേററും, പതിയെ വിളിച്ചും അവൾ പുത്രനോടുകൂടി പുറപ്പെട്ടു. വഴിക്ക് ഒരു നദിയിൽ ഇറങ്ങി അംഗുലീയം ഊരി മാറിലണച്ചിട്ടു് ഇതു് ഭർത്താവു കാണട്ടെ എന്നു പ്രാർത്ഥിച്ചു് ജലത്തിലിട്ടു. വനത്തിൽ ചെന്നതിനുശേഷം പുത്രനെ ആദ്യം വധിക്കണമെന്നു് ഭടന്മാർ പറഞ്ഞതുകേട്ടു് അവൾ:-

രണ്ടു മരണം വരുത്തല്ലെനിക്കയ്യോ
രണ്ടില്ല ചിത്തം ഭടന്മാരേ കേൾ
ചാകുന്നതുകൊണ്ടെനിക്കു ഭയമില്ല
ചാകാതെ ചാകുന്നതെത്ര കഷ്ടം!
പുത്രനെക്കൊല്ലുന്നതു കണ്ടിരിക്കുന്ന-
തെത്ര ദുഃഖമെന്നു ചൊല്ലാവല്ല.

അതിനാൽ തന്നെ വധിച്ചിട്ടു് പിന്നീടു് പുത്രനെ വധിച്ചു കൊള്ളാൻ അവരം ഭടന്മാരോടു് അപേക്ഷിക്കുന്നു അവ രാകട്ടെ നന്നായി വ്യസനിച്ചു് പരസ്പരം നോക്കി നെട്ടു വീർപ്പിടുന്നു. ജനോവാ വീണ്ടും വിലപിക്കുന്നു:-

കത്താവൊഴിഞ്ഞെനിക്കാധാരം നീയെന്നു
ഭർത്താവേ നിന്നെ ഞാൻ കൈപിടിച്ചേൻ
ഓർത്താൽ നിനക്കിതു ചെയ്‌വതിനൊട്ടുമേ
ധാത്രീശ തോന്നുവാൻ ന്യായമില്ല.
എന്നെ നീ കൊല്ലിക്കുമെന്നുവരികിലും
മന്നവ നിൻ പുത്രനല്ലോയിവൻ.
വല്ലതെന്നായാലും പുത്രനെ രക്ഷിപ്പാൻ
വല്ലഭ! ന്യായമുണ്ടെന്നു നൂനം.
ഒന്നുമറിയാത്ത പാപിയാമെന്നെയും
നന്നോ കൊല്ലിക്കുന്നതോർത്തുകണ്ടാൽ?
അമ്മേയഖിലലോകേശ്വരീ മാതാവേ!
ചിന്മയരൂപിണീ പാലയമാം!

ഇതുകേട്ടു് നിർദ്ദോഷയായ ഇവളെ കൊല്ലുന്നതു പാപമാണെന്നുറച്ച രാജഭടന്മാർ അവളോടു് വനത്തിൽ യഥേഷ്ടം വാണുകൊള്ളാൻ പറഞ്ഞിട്ടു് യാത്രയാകുന്നു. നാവു് കൊണ്ടുചെല്ലണമെന്നാണല്ലോ ഗോലോവിൻെറ ആജ്ഞ. നാമിനി എന്തുചെയ്യും? എന്നായി അവരുടെ ആശങ്ക. അവർ അവളെ അന്വേഷിച്ചു് തിരിയെ വന്നു. തന്മദ്ധ്യേ അവരോടെതിർത്ത ഒരു ചെന്നായെ കൊന്നു് അതിൻെറ നാവുമെടുത്തു് പത്തനത്തിലെത്തി ഗോലോവിനെ സന്തോഷിപ്പിക്കയും ചെയ്തു.

വനത്തിൽ പുത്രനുമായി വലയുന്ന ജനോവാ കന്യാമാതാവിനെ വിളിച്ചുകരഞ്ഞു. സർവൈകനാഥൻ അവളെ രക്ഷിക്കാനായി മാലാഖായെ അയച്ചു മാലാഖ അവളെ ഇപ്രകാരം സമാധാനപ്പെടുത്തി:-

ദുഃഖിക്കവേണ്ട നീ ഭക്തജനോവേവേ
ദുഃഖത്തെപ്പോക്കുമേ സർവ്വനാഥൻ
ഈ ലോകദുഃഖംകൊണ്ടെന്തു ദുഃഖിക്കുന്നു
ആ ലോകസൗഖ്യം നിനക്കു ധന്യേ!
സ്വർണ്ണം ദ്രവിച്ചു മാറേററമുന്നതുപോലെ
സംപൂർണ്ണഭദ്രം നിനക്കു ലാഭം
മിന്നൽപിണർപോലിരിക്കുന്ന ലോകത്തെ
യുന്നിക്കരയുന്നതെന്തു കഷ്ടം!
കണ്ണിൽ കണ്ടീടുന്ന വസ്തുക്കളൊക്കെയും
കണ്ണടച്ചാൽപിന്നെ കാണുന്നുണ്ടോ?
എന്നപോലീലോകസൌഖ്യമൊരു സ്വപ്നം
ഇന്നങ്ങു വാങ്ങിയാലൊക്കെത്തീൎന്നു.
മംഗലവാരിധിയാകും സർവ്വേശ്വരൻ
മംഗലം മേന്മേൽ നിനക്കു നൽകും.

ഇത്രയും പറഞ്ഞു് അവൾക്കു് ആ കാനനത്തിൽ ജീവിക്കാനുള്ള സൌകര്യമെല്ലാം മാലാഖ ചെയ്തുകൊടുക്കുന്നു. ജനോവാ പൊയ്കക്കരെയിലുള്ള ഒരു ഗുഹയിൽ പുത്രനോടുകൂടി ഫലമൂലാദികൾ ഭക്ഷിച്ചു് കഴിഞ്ഞുകൂടുന്നു. അങ്ങനെയിരിക്കെ ഒരുദിവസം ജനോവാ ജലപാനാൎത്ഥം പുഷ്കരപ്പൊയ്കയിൽ ചെന്നു് ജലത്തിൽ നോക്കവേ:-

കണ്ണും കുഴിഞ്ഞു രസ്ഥ്റസമമായെന്റെ
ഗണ്ഡവും താണു ചുഴിഞ്ഞു പാരം
നാസിക നീണ്ടു കറുത്തധരങ്ങളും
നാനാവിധമായി ശേഷാംഗങ്ങൾ
വെണ്മണിതുല്യമായ് ശോഭിച്ച തുണ്ഡവും
ദണ്ഡമില്ലാതെ വിരൂപമായി.
ചത്തമുഖമെന്നു തോന്നുന്നു മാനസേ
ശക്തി കുറഞ്ഞിതു ഗാത്രത്തിനും
ഇങ്ങനെയെല്ലാമെനിക്കു ഭവിപ്പതി-
നാഃങ്ങത്തിരുമനസ്സില്ലാഞ്ഞല്ല.
ഇത്ര ദുഃഖമെനിക്കിപ്പോൾ ഭവിപ്പതി
നത്രെവ ഞാനെന്തുചെയ്തു നാഥ!
ഞാനൊരു ദ്വേഷമൊരുത്തൎക്കും ചെയ്തില്ലേ
ജ്ഞാനമെന്നെപ്പോലെയാക്കാനുണ്ടോ?

തനിക്ക് ആത്മസഹായം ധാരാളമുണ്ടെങ്കിലും ഇനി ദുഃഖം സഹിക്കാൻ കഴിവില്ലെന്ന് അവൾ അമ്മയെ അറിയിക്കുന്നു. ഇങ്ങനെ ദുഃഖിച്ച് മേൽപ്പോട്ടു നോക്കുന്ന അവസരത്തിൽ:—

തത്ര കാണായ്‌വന്നു തേജസ്സങ്ങംബരേ
എത്രയും ശോഭയെന്നാൎക്കു ചൊല്ലാം
പൂൎണ്ണനിശാകരകൗമുദീശോഭയും
സ്വൎണ്ണപ്രകാശം മിഹിരരശ്മി
ഒക്കെയും നാണിക്കുമപ്രഭ കാണുമ്പോൾ
മൈക്കണ്ണി സൂക്ഷിച്ചുനോക്കിയപ്പോൾ
കണ്ണിളകാതവൾ വിണ്ണിൽ ദർശിച്ചുകൊ-
ണ്ടെണ്ണമില്ലാഭക്തിയോടിരുന്നു.

ദൃഷ്ടിയുണർത്തിജ്ജനോവേവ നോക്കുമ്പോൾ
പെട്ടെന്നു കീഴ്പോട്ടു താൻ കാണായ്
ഭൂലോകമൊക്കെ വിളങ്ങുന്ന തേജസ്സു
ഭൂലോകനാഥനെഴുന്നാളുന്നു.

എന്തെന്നറിയാഞ്ഞു സന്താപം പൂണ്ടവൾ
അന്തരഖേദേന ചിന്തിക്കുന്നു.

സൂര്യാഗമനമധോഭാഗേയില്ലല്ലൊ
വീര്യമഗ്നിജ്വാല മേല്പോട്ടല്ലോ
ഘൃണിഗഭസ്തിയിതിങ്ങനെ കാണുന്നു
അംബരമാർഗ്ഗം നിരക്കെ ഘോഷാൽ!

ക്രമേണ ദേവമാതാവ് അവളുടെ മുമ്പാകെ പ്രത്യക്ഷീഭവിക്കുന്നു ജനോവേവാ മുട്ടുകുത്തി ഭക്തിയോടുകൂടി നമസ്കരിച്ചു് സന്തോഷബാഷ്പം ചൊരിയുന്നു. ഭദ്രനിധിയായ മാതാവാകട്ടെ അശ്രുജലം വാർത്തുകൊണ്ടു് ഇപ്രകാരം പറയുന്നു:-

എത്രനാളുണ്ടു നീ ദുഃഖിച്ചു പാർക്കുന്നു
ഭദ്രേ! മകളേയീ ഗഹ്വരത്തിൽ
നിന്നുടെ ദുഃഖത്തിന്നാശ്വാസമേകുവാ-
നിന്നു ഞാൻ വന്നൊന്നറിഞ്ഞാലും നീ.

നിന്നുടെ ദുഃഖത്താൽ പീഡയെനിക്കമു-
ണ്ടെന്നാലും കേൾക്കൊരു കാര്യം ബാലേ!
നിന്നുടെ സത്യത്തെ മണ്ണിലുള്ളോർകൾക്കു
ധന്യേ! പ്രത്യക്ഷം വരുത്തിടുവാൻ
അത്ര വലപ്പിച്ചു ഞാനിഹ നിന്നെയു-
മത്ര കുറേനാളിനിയും പാർക്ക.

സത്യത്തെ ബോധിപ്പിച്ചാലങ്ങടൻതന്നെ
മോക്ഷത്തിൽ നിന്നെ ഞാനാക്കും ബാലേ!
സത്യത്തിൽ ചിത്തമിളകാതെയിന്നിയും
സത്യസ്വരൂപനെസ്സേവിച്ചാലും
ദുഃഖിച്ചതു മതി മയ്ക്കണ്ണിമാർമണേ!
വ്യഗ്രമകന്നരണ്യേ വാണാലും
ദേഹരൂപത്തെ നീയോർത്തു ദുഃഖിക്കുന്നു
ദേഹിപ്രകാരേണ ശോഭിക്കുന്നു.
ഈ ലോകം ചൊല്ലി നീ ദുഃഖിക്കവേണ്ടൊട്ടും
ആ ലോകേ സൗഖ്യമായ് വാഴാം ബാലേ!

*　　　*　　　*

ദുഃഖത്തെദൂരപ്പാക്കി ഞാൻ രക്ഷിച്ചുകൊള്ളുവൻ
മൈക്കണ്ണി നീയൊട്ടും ഖേദിക്കേണ്ട.
സർവേശനെച്ചൊല്ലിസ്സർവമുപേക്ഷിച്ച
ങ്ങുർവീമോഹം ത്യജിച്ചാലും മേലിൽ.

പരാപരരൂപത്തെ ഭക്ത്യാ വണങ്ങീട്ടു ജനോവേവ വിട വാങ്ങി. ആശീർവചനങ്ങൾ ചെയ്തിട്ടു ദേവമാതാവ് അംബരേ പോയ്മറഞ്ഞു. ജനോവേവാ പൂർവ്വാധികം ഭക്തിയോടെ ഈശ്വരധ്യാനത്തിൽ മുഴുകി കാലം കഴിക്കുന്നു.

ഇനി നമുക്കു സിഗ്രനോരാജാവിന്റെ കഥനോക്കാം. പതിതൻവൃത്താന്തമോർത്തു് അദ്ദേഹത്തിന്റെ മനസ്സിൽ സന്താപമുണ്ടായി.

വല്ല പിഴയുമവൾക്കുണ്ടെന്നാകിലോ
നല്ലപോൽ ചോദ്യം കഴിച്ചശേഷം

സത്യത്തിനേതാനും ഭംഗമുണ്ടെങ്കിലോ
കൃത്യത്തിനൊത്തപോൽ ചെയ്യാം പിന്നെ
അല്ലാതെ ഞാനിതു ചെയ്തതു ന്യായമോ
അല്ലൽ വരുത്തീടും ദൈവമെന്നെ.
ഗോലോ പറഞ്ഞതു കേട്ടു ഞാൻ കോപേന
ബാലികതന്നെ ഹിംസിച്ചതോർത്താൽ
എത്രയും കഷ്ടമീ ലോകത്തിലുള്ളവർ
വൃത്താന്തം കേൾക്കുമ്പോൾ നിന്ദിച്ചീടും.
ബോധരഹിതൻ നൃപനെന്നാശങ്കിതം
ബോധമുള്ളോരു ദൂഷിച്ചീടുന്നു.
ഭൃത്യന്മാർ സാക്ഷിക്കു പോരായെന്നുള്ളതു
കീർത്തിച്ചിട്ടുണ്ടല്ലോ പൂർവ്വശാസ്ത്രം.
വണ്ടാർകുഴലിയാൾ തന്റെ ഗുണഗണം
രണ്ടബ്ദംകൊണ്ടു ഞാൻ ബോധിച്ചല്ലോ.
ഭക്തിവിശ്വാസവും ഭർത്തൃശുശ്രൂഷയും
ഓർത്താലിതുപോലെയാർക്കുണ്ടയ്യോ!
എന്നുടെ ദുർബോധംകൊണ്ടു കൊല്ലിച്ചിതു
നന്നായ് വരാന്തനമാഹാ! പാപം!
ഗോലോവൊഴിഞ്ഞൊരു മാനുഷരാരുമീ
ബാലികാദോഷം പറയുന്നില്ല.
ഏറിയകാലം പിരിഞ്ഞതില്ലല്ലോ ഞാൻ
മാറിയൊരു ദോഷം സംഭവിപ്പാൻ
എട്ടുമാസംകൊണ്ടങ്ങെന്നുടെ കീർത്തിയെ
നഷ്ടമാക്കീടുമോ ധന്യശീലാ!
കഷ്ടം കഷ്ടമിതു ഞാൻ ചെയ്ത ദുഷ്ടത
സ്പഷ്ടം സർവ്വേശ ക്ഷമിക്കേണമേ.

ഇങ്ങനെ ഭൂപതി ദുഃഖിച്ചിരിക്കുന്നതുകണ്ടു് അദ്ദേഹത്തിനു സന്തോഷം ജനിപ്പിക്കാൻ ഗോലോ പല വിദ്യകളും നോക്കി. ഭാര്യാവിയോഗദുഃഖത്തിനു പ്രതിവിധിയുണ്ടു്; അതായതു് രണ്ടാംവിവാഹം:

വേളികഴിച്ചു കോലാഹലപ്രൗഢിയാൽ
കേളി കലൎന്നു വസിക്കാമല്ലോ.
ഭാൎയ്യാദുഃഖം രണ്ടാംഭാൎയ്യയുണ്ടാവോളം
ധാത്രീദുഃഖമതുമവ്വണ്ണമേ.
മാതാപിതാമൃത്യുദുഃഖമൊരബ്ദമാം
പുത്രദുഃഖമൊരുനാളും തീരാ

എന്നു് അയാൾ രാജാവിനെ ഉപദേശിക്കുന്നു. കുപിതനായ രാജാവു് അയാളെ തന്റെ മുൻപിൽനിന്നും പോകുവാൻ ആജ്ഞാപിക്കുന്നു. ഗോലോ ഭയപ്പെട്ടു മാറി അയാൾ ചിന്ത തുടങ്ങി. ഇനി ഇവിടെ താമസിക്കുന്നതു് പന്തിയല്ലെന്നുറച്ചു് അയാൾ:

അൎത്ഥമൊക്കെക്കരസ്ഥമാക്കിക്കൊണ്ടു
രാത്രിയിലാരുമറിഞ്ഞീടാതെ
പോയി മറുരാജ്യം പുക്കിതു മന്ത്രിയും
പോയെന്നറിഞ്ഞു ചില ഭടന്മാർ

ചെന്നു മഹീപതിയോടുണൎത്തിച്ചപ്പോൾ "അവൻ എവിടെയോ പൊയ്ക്കൊള്ളട്ടെ. എന്റെ മുൻപിൽ കാണേണ്ട" എന്നു പറഞ്ഞു് രാജാവു ദുഃഖിതനായി പത്നിയുടെ അന്തഃപുരത്തിൽ ചെന്നു് അവിടെയൊക്കെ സൂക്ഷിച്ചുനോക്കവേ ആ സാധ്വിയുടെ 'പത്രരേഖ' കൈയിൽ വന്നുചേരുന്നു. അതു വായിച്ചപ്പോൾ പരമാൎത്ഥമെല്ലാം ഗ്രഹിച്ചു് അദ്ദേഹം ഹൃദയംപൊട്ടിക്കരഞ്ഞു.

മിണ്ടാതൊരല്പമിരുന്നു മഹീപതി
വണ്ടാർകുഴലിയെപ്പിന്നെയോർക്കും
തിണ്ണെന്നു വീണ്ടുമുരുണ്ടും തലതല്ലി
കണ്ണുനീർ ധാരപോൽ വാർത്തുവാർത്തു
എന്നെ മറക്കാതിരുന്ന ജനോവേവാ
നിന്നെ ഞാൻ കൊല്ലിച്ചു ഹാഹാ പാപം!
പുത്രനെക്കാണ്മാനും യോഗമെനിക്കില്ല
അത്ര മഹാപാപിയായല്ലോ ഞാൻ
തെല്ലും പിഴയില്ല പുത്രനും ഭാര്യക്കു-
മെല്ലാമെനിക്കത്രെ വന്നുകൂടി.
ഗോലോ മഹാപാപി ലീല കലന്നു നീ
ബാലയാം മൽപ്രിയെ* കൊല്ലിച്ചല്ലോ.

എന്നോർത്ത് രാജാവ് ദൈവത്തെ വിളിച്ചുകരയുന്നു. പത്രവും മാറിലണച്ച് അദ്ദേഹം ഉറങ്ങാനൊരുങ്ങവേ

എത്രയും ശോഭിച്ചുകാണായി ശോഭയിൽ
ശീതാംശുബിംബസമാനമായി

ഒരു രൂപം രാജസമീപത്തിലെത്തി തൻെറ ശരീരമെടുപ്പിച്ച് വിഹാരത്തിൽ വയ്ക്കണം എന്നാവശ്യപ്പെടുന്നു. പിറേറദ്ദിവസം രാവിലെ സിപ്രസോ ഉദ്യാനത്തിൽചെന്ന് രാത്രികണ്ട കുഴി കുഴിപ്പിച്ചപ്പോഠം അതിൽകണ്ട പാചകൻെറ ജഡം എടുപ്പിച്ച് കർമ്മങ്ങളെല്ലാം കഴിച്ച് വിഹാരത്തിൽ സംസ്കരിച്ചു രാജാവിന് പരമാർത്ഥമൊക്കെ മനസ്സിലായി. ഗോലോവെ ഉടനെ കൊണ്ടുവരാൻ ഭൃത്യന്മാർക്ക് ആജ്ഞ കൊടുത്തു. പ്രബന്ധനെയും മററു ബ

---

* പ്രിയയെ.

സ്ഥകളെയും രാജാവ് ക്ഷണിച്ചു വരുത്തി നടന്ന കഥയൊക്കെ അറിയിച്ചു. ഗോലോവെയും സന്നിധിയിൽ വരുത്തി. അത്യന്തകുപിതനായ രാജാവ് ഇപ്രകാരം പറഞ്ഞു.–

എന്തെന്തെടാ ദുഷ്ട! സർവ്വം മറന്നു നീ
അന്ധനായീവണ്ണം ചൊല്ലീടുവാൻ
എന്നുടെ ആത്മാർത്ഥമായ് നിന്നെവച്ചിട്ടു
എന്നെ മുടിവു വരുത്തിയോ നീ
ഇങ്ങനെ ചെയ്യാൻ നീയുന്നിയിരുന്നെങ്കിൽ
എന്നെ ഹിംസിക്കാഞ്ഞതോ ദുഷ്ടബുദ്ധേ!

*　　　*　　　*

നീ ചെയ്തതൊക്കെപ്പറക മടിയാതെ
നീയതിലൊട്ടും മറച്ചീടേണ്ട.

ഇതുകേട്ട് ഗോലോവ് സാഷ്ടാംഗനമസ്കാരംചെയ്ത് നടന്ന കഥയൊക്കെപ്പറഞ്ഞു. ഗോലോവെ കാരാഗൃഹത്തിലടച്ചിട്ട് പിറേറദിവസം രാജാവു വേട്ടയ്ക്കു പുറപ്പെട്ടു.

രാജാവും കൂട്ടരും വേട്ടയാടി കാനനത്തിനുള്ളിൽ ഗമിക്കവേ ഒരു മാൻ അവരുടെ ദൃഷ്ടിക്കു വിഷയീഭവിച്ചു. അതാകട്ടെ:–

ചെല്ലുന്നനേരമകന്നു മാറിയും
അല്ലാഞ്ഞാലോടുകയില്ല താനും
ഓടുമ്പോളോടിയും ചാടുമ്പോൾ ചാടിയും
ഈടടിപ്പിക്കാതെ നിൽക്കയുള്ളൂ

എങ്ങനെയെങ്കിലും അതിനെ പിടിക്കണമെന്നുള്ള വിചാരത്തോടുകൂടി രാജാവ് അതിനെ പിൻതുടരുന്നു. മാൻ ക്രമേണ ഒരു ഗുഹാദ്വാരത്തിലെത്തി രാജാവും അതിന്റെ

പിൻപിൽ എത്തി അകത്തുനിന്നും ജനോവായുടെ ശബ്ദം ഇപ്രകാരം കേട്ടു:

ആരുവരുന്നിതു മാനുഷജാതികൾ
ചാരെയടുക്കേണ്ട ദൂരെ നില്ക്ക
ആരുമില്ലാത്തൊരു നാരി തപസ്സിനു
സ്വൈരമായ് വാഴുന്നിവിടത്തിങ്കൽ
ആക്കുമൊരു കാര്യമില്ലിവിടെപ്പാർത്താൽ
ഓർക്കാതടുക്കേണ്ട പൊയ്ക്കൊണ്ടാലും

ഈ വാക്കുകൾ കേട്ട് സിഫ്രസോ അടുത്തുചെന്നു നോക്കിയപ്പോൾ ധന്യയായ ഒരു നാരിയുടെ രൂപം കാണുന്നു.–

ഗാത്രം മെലിഞ്ഞസ്ഥി തോലും ഞരമ്പുമായ്
നേത്രവും പോയിക്കുഴിഞ്ഞു പാരം
ചഞ്ചലമല്ലെന്നുവന്നാകിലോ ദേഹം
പഞ്ചതപമായെന്നോ തോന്നു നൂനം
നേത്രമടച്ചു പരാപരം ധ്യാനിച്ചു
ഗാത്രഗോത്രങ്ങൾ മറന്നു നന്നായ്–

ധാത്രിയിൽതന്നെ ശയിക്കുന്ന നാരിയോട് നൃപൻ ഭക്തിപൂർവ്വം ഇപ്രകാരം പറഞ്ഞു:–

ആരുനീയെന്തൊരുകാരണം കാനനേ
ആരുംകൂടാതെ വസിച്ചീടുവാൻ
ചാരെയിരിക്കും കുമാരനാരെന്നതും
പാരാതെയെന്നോടു ചൊൽക ധന്യേ!

അഗതിയായ ജനോവാ തന്റെ കഥ രാജാവിനെഅറിയിക്കുന്നു. രാജാവിനു കാര്യമൊക്കെമനസ്സിലായി. അദ്ദേഹംതന്റെ

പുത്രനെ മാറിലണച്ച് നേത്രാംബുധാരയാൽ ഗാത്രമശേഷം നനയ്ക്കുന്നു. പിന്നീട് തനപംഗിപാദത്തിൽ സാഷ്ടാംഗംവീണ്:

"സത്യപരായണേ! ശുദ്ധേ മനോഹരേ!
ശക്തിതപോനിധേ! ശുദ്ധനാഥേ!
ധന്യയാം നിന്നെ ഹിംസിപ്പാൻ ഞാൻ കാനനേ
അന്യായമായങ്ങയച്ചോ പാപം!
എന്നതിന്നുത്തരമെന്നെ നീ വൈകാതെ
കൊന്നാലും ബാലികേ പുണ്യശീലേ!"

എന്നുപറഞ്ഞു് ഖഡ്ഗവും കാൽക്കൽവച്ചുകേഴുന്നു. ജനോവാ അദ്ദേഹത്തെ ഇപ്രകാരം സമാധാനപ്പെടുത്തുന്നു:

ഖേദിക്ക വേണ്ടൊട്ടും ഭർത്താവേയെന്നുടെ
ഖേദത്തെയോർത്തു മഹാമതേ നീ
നീയും നരജാതി പിന്നെയുള്ളോർകളും
ന്യായക്കേടെന്നോടു കാട്ടിയില്ലേ?
*താന്താൻ ചെയ്തീടുന്ന ദോഷത്തിനുത്തരം
താൻതന്നെവേണമനുഭവിപ്പാൻ
മാനുഷർ ചെയ്യുന്ന ദോഷത്തെശ്ശിക്ഷിപ്പാൻ
മാനുഷരെത്തന്നെ യാത്രയാക്കും
ദോഷം സർവേശ്വരനില്ലെന്നറിഞ്ഞാലും
ദോഷനായെന്തു നീ ഖേദിക്കുന്നു?
ഞാൻ ചെയ്ത ദുഷ്കൃതകർമ്മത്തിനുത്തരം
ഞാൻതന്നെവേണമനുഷ്ഠിപ്പാനും

---

*താൻതാൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താൻതാനനുഭവിച്ചീടുകെന്നേ വരൂ.

രാമായണം

മൽപ്രിയനാം നിനക്കപ്രിയം തോന്നുവാൻ
തല്പരൻ തൻെറ കരുണയത്രേ.
എന്നുടെ ദോഷവിനാശം വരുത്തുവാൻ
നിന്നെക്കൊണ്ടിങ്ങനെ ചെയ്യിപ്പിച്ചു
നിന്നോടൊരപ്രിയഭാവമെനിക്കില്ല
മന്നവ! ദുഃഖം ത്യജിച്ചുകൊൾക
ദുഷ്ടരാം മാനുഷരെയിന്നു മററൊരു
ശിഷ്ടനാം പൂരുഷൻ ശിക്ഷിച്ചെന്നാൽ
യഷ്ടിയോടുണ്ടോ പരിഭവം മാനസേ
സ്പഷ്ടമായാക്കാനും തോന്നീടുന്നു?
എന്നതുപോലെയെൻ ദോഷത്തിനുത്തരം
മന്നവ! നിന്നാൽ കഴിച്ചീടുവാൻ
എന്നാത്മനാഥനാം തമ്പുരാൻ കല്പിച്ചു
വെന്നറിഞ്ഞാലും നീ ദുഃഖിക്കേണ്ട.
ഒന്നുണ്ടിനിയെൻെറ ചേതസി സങ്കടം
മന്നവ! നീയതു കേട്ടുകൊൾക
എന്നെ വധിക്കാതെപോയ ഭടന്മാക്ക-
ങ്ങേതുമനത്ഥം വരുത്തീടൊല്ലേ.

പിന്നീട് അവൾ ഉണ്ടായ കഥയെല്ലാം വിവരിച്ചുപറയുന്നു. രാജാവിനെത്തേടി ഭൃത്യൻ ഗുഹാസമീപമെത്തുന്നു. പാതിയോടുകൂടി രാജാവിനെക്കണ്ടു് അവർ സന്തോഷപൂർവ്വം വണങ്ങുന്നു. തിരിയെ പത്തനത്തിൽ ചെല്ലണമെന്നു് രാജാവു് അപേക്ഷിക്കുന്നു. അവൾ ഇപ്രകാരം മറുവടി പറയുന്നു:-

"അഞ്ചാറിവത്സരമഞ്ചാതെ കാനനേ
പഞ്ചജനസഞ്ചാരം മറച്ചു

എൻചിത്തം സർവ്വേശം ധ്യാനിച്ചിരിക്കുന്നു
പഞ്ചാസ്യഗംഭീര കേട്ടാലും നീ.
ഇനിയുമീ ലോകസൌഖ്യമെന്നുള്ളതു
മന്നവ! മാനസേ ഭാവമില്ല.
കന്നിമണി തൻെറ കാരുണ്യകാരണാൽ
അന്യഭാവമിനി ഭാവിക്കേണ്ട.
ഈഷൽക്കാലംകൂടെയീഷൽ ഭവിക്കാതെ
വാഴേണമെന്നമ്മയാശീർവാദം
ചൊല്ലിയപോലെല്ലാമല്ലൽ ഭവിക്കാതെ
എല്ലാം തികയ്ക്കട്ടെ ഭൂമിനാഥ!
അല്ലാതൊരാശ്രയമില്ലയീഭൂമിയിൽ
ചൊല്ലേണ്ട പോരുവാനുള്ള വാർത്ത."

ജനോവാ പത്തനത്തിലേയ്ക്കു വരാത്തപക്ഷം താനും ഈ വനത്തിൽതന്നെ വസിക്കുമെന്നായി രാജാവ്. അതിന് ജനോവാഃ-

എന്നുടെ കാരണാൽ രാജ്യവാസികൾക്കും
മന്നിലീദുഃഖം ഭവിച്ചിടേണ്ട.
പത്തനേ ഞാൻകൂടെവന്നു കുറച്ചുനാൾ
ചിത്തമോദേന വസിച്ചുപിന്നെ
കാനനേ നാമൊന്നുചേർന്നു തപംചെയ്താൽ
നമ്മൾക്കു മുക്തിപദം ലഭിക്കും.

ഇങ്ങനെ എല്ലാവരുമായി രാജമന്ദിരത്തിൽ വന്നുചേർന്നു. ദുഖാർത്തന് ക്ഷീരമൂട്ടിയ മാനും അവരോടുകൂടിയുണ്ടായിരുന്നു. ഇങ്ങനെ നാലഞ്ചുദിവസം കഴിഞ്ഞപ്പോൾ മറെറാരു സംഭവമുണ്ടായി. നദിയിൽ വീണ മോതിരം മത്സ്യം വിഴ

ങ്ങി. ഒരു കൈവത്തൻ ആ മത്സ്യത്തെ ഭൂപന്ന കാഴ്ചവച്ചു. അതിനെ വെട്ടിയപ്പോഠം ഉള്ളിൽ വൈവാഹചിഹ്നമായ മോതിരം കണ്ടു് എല്ലാവരും സന്തോഷിച്ചു.

ദുഷ്ടനായ ഗോലോവെ വധിക്കാനായി മൻപിൽ കൊണ്ടുവരാൻ രാജാവു് ആജ്ഞാപിച്ചു. ഈ വിവരമറിഞ്ഞു് ജനോവാ പറയുകയാണു്:

"എന്തിനായ്ക്കൊണ്ടിട്ടിവനെ നീ കൊല്ലുന്നു
എന്തുപകാരമിവനാലുണ്ടു്.
എന്നോടിവൻ ചെയ്ത കശ്മലഹേതുവാൽ
നന്മ മേലിൽ വന്നെനിക്കു പാത്താൽ
നല്ലതു ചെയ്തവനെന്നു വിചാരിച്ചു്
അച്ചൽ തോന്നീട്ടുന്നെനിക്കു ചിത്തേ.

* * *

എന്തെല്ലാം പാപങ്ങഠം മേൽക്കുമേൽ ചെയ്താലും
എന്തേ പിഴച്ചു ഞാനെന്നോത്തങ്ങു
ചിന്തിച്ചു തേറിയാൽ സവ്വപാപങ്ങളും
അന്തോനദൈവം പൊറുക്കും ന്യൂനം.
എന്നതുപോലെ നമുക്കു ക്ഷമിപ്പാനായ്
നന്നായ് കല്പിച്ചിട്ടുണ്ടു നാഥൻ.
ആയതുപോലെ നീ ചെയ്താൽ മഹാമതേ
നായകൻ നിന്നെപ്പരിപാലിക്കും.
ഇന്നിവൻ ചെയ്തപരാധങ്ങളൊക്കെയും
നന്നായ് പൊറുത്തു പരിപാലിക്ക.
നന്മ നിനക്കു ഭവിക്കും മേലേററവും
എന്മനസ്സിങ്ങനെ കേഠക്ക നാഥ!"

ഇതുകേട്ട് രാജാവിൻെറ മനസ്സിളകിയില്ല. ദുഷ്ടരെക്കൊല്ലാഞ്ഞാൽ ദുഷ്കൃത്യം വർദ്ധിക്കും. ആരും സൽകൃത്യം സ്മരിക്കയുമില്ല എന്നു പറഞ്ഞ് ഗോലോവിൻെറ കാൽകരങ്ങൾ കാളതൻ കാലോടു ബന്ധിച്ച് കാളയെ ഓടിച്ച് നാലാക്കി ചീന്തിച്ചു കൊല്ലുന്നു ഭാര്യയെ കൊല്ലാതെവന്നഭടന്മാക്ക് സമ്മാനങ്ങൾ നൽകുന്നു. നല്ലതു ചെയ്യുന്ന ജനങ്ങൾക്ക് സർവ്വേശൻ ഒരിക്കലും അല്ലൽവരുത്തുകയില്ലല്ലൊ.

അതിനുശേഷം ഭാര്യയുടെ ഉപദേശമനുസരിച്ചാണു സിപ്രസോ രാജ്യം ഭരിച്ചുവന്നത്. ഇങ്ങനെ കുറെക്കാലം കഴിഞ്ഞപ്പോൾ 'അഗ്നിമാന്ദ്യം' പിടിച്ച് പത്നിക്കു മരണമടുത്തപ്പോൾ:-

"ചഞ്ചലനേത്ര ജനോവേവ തന്നോടു-
മഞ്ചുകം വന്നറിയിച്ചു മോദാൽ
ഇന്നിനിഭൂമിവാസം മതി കന്യകേ!
മന്നു ഭവിച്ചതു പോരും പോരും
നാളെപ്പുലർകാലേ നാളീകലോചനേ
ചീളെന്നു വന്നീടും ഞങ്ങൾ പിന്നെ
മോക്ഷത്തിൽക്കൂടെസ്സുഖിപ്പാനായിട്ടു നീ
ശിക്ഷയിൽ യാതൊന്നൊരുങ്ങിക്കൊൾക"

പിറേറദ്ദിവസം ജനോവേവ പ്രഭാതത്തിൽ എഴുനേററു ഭർത്താവിനെ സമീപത്തിൽ വിളിച്ചിരുത്തി, പുത്രനെ ഗാഢാശ്ലേഷം ചെയ്ത് മടിയിലിരുത്തി അവരിരുവക്കും ഇപ്രകാരം മോക്ഷമാർഗ്ഗോപദേശം ചെയ്തു.-

പുത്രനായിട്ടൊരുവാർത്ത ഞാൻ ചൊല്ലുന്നു
ഭർത്താവേ! ഖേദിക്കവേണ്ടതിനാൽ

മാനുഷരായാൽ മരണമെന്നുള്ളതു
ഈഷൽ ഭവിക്കാതെ സർവ്വനേരം
ഓർത്തു നടക്കുന്ന മാനുഷർ ദോഷത്തിൽ
പേർത്തു ഭവിക്കയില്ലാരായാലും.
എന്നുള്ളതുള്ളപ്പാട്ടുണ്ടു സർവ്വേശൻെറ
എന്നും മറക്കാതെയോർത്തു ചിത്തേ
ചത്താൽ ഗുണദോഷമന്വേഷിക്കും പരൻ
ചിത്തേയിതുകൂടെയോർത്തിടേണം.
മൂന്നുപ്രകാരം വിധിക്കും സർവ്വേശ്വരൻ
എന്നതുകൂടെ സ്മരിക്കവേണം.
ധർമ്മം വിധർമ്മമെന്നിങ്ങനെ സർവ്വവും
കർമ്മഫലംപോൽ ഭവിക്കും നൂനം
മൂന്നുവിധവും തിരിച്ചു ഗ്രഹിക്കണം
മൂന്നുലോകേശൻെറ നീതിന്യായം
ഏറിയ പുണ്യപ്രവൃത്തിയും ചെയ്തുടൻ
ഏകേശനെപ്രതി ദുഃഖിച്ചേററം
പങ്കപ്പാടേററു മരിപ്പാൻ കഴിഞ്ഞെങ്കിൽ
ശങ്കേതരം നരകേ പതിക്കും.
ഉർവ്വിയിൽ മാനുഷർ ഘോഷസ്തുതിചെയ്വാൻ
സർവ്വേശൻ മുഷ്ക്കരം കല്പിച്ചിട്ടും.
പത്തനേ വാണു പ്രവൃത്തിയെടുത്തുടൻ
പത്നിപുത്രന്മാരെ രക്ഷചെയ്തു
സർവ്വേശൻ കല്പിച്ച വേദവിധിപോലെ
സർവ്വദാ ചെയ്തു മരിച്ചുവെങ്കിൽ
കല്മഷമൊന്നും ഭവിക്കയുമില്ലല്ലൊ
വെണ്മയാം സ്വർഗ്ഗമനുഭവിക്കാം

അററകാലത്തോട്ടം തെററുകൾ കൂടാതെ
പെട്ടെന്നു വീണു മരിച്ചുവെങ്കിൽ
സൎവ്വദുഃഖസ്ഥലമാകുന്ന ദുൎഗ്ഗതൗ
സർവ്വവും ദുഃഖിച്ചനുഭവിക്കും.
ഏതൊരു വേലയും ചെയ്യാലതിനുടെ
കൂലിസമയേ സന്തോഷം ന്യായം.
വേല കഴിഞ്ഞങ്ങു കൂലി മേടിക്കുന്ന
പോലെ മരണസമയമല്ലോ.
നല്ല പ്രവൃത്തി ധരണിയിൽ ചെയ്യേന്നാൽ
അല്ലലില്ല മോക്ഷം കൂലിയെന്നും
സൎവ്വൈകനാഥനെസ്സർവ്വനേരത്തിലും
സർവ്വാത്മാവിലും നാം പേടിക്കേണം
ഇക്കഥയൊന്നുമറിയാത്തതല്ല നീ
മൽക്കാന്താ! ഞാനെന്തു ചൊല്ലീടുന്നു!
എന്നാലുമന്ത്യകാലം വന്നെനിക്കിപ്പോൾ
മന്നവ! ഞാനതുകൊണ്ടു ചൊന്നേൻ
ഞാനിപ്പറഞ്ഞതു മാനിയാകുന്ന നീ
മാനസേയോൎത്തു വസിക്ക നിത്യം "
സിപ്രസോഭ്രപനോടേവം പറഞ്ഞിട്ടു
തൽപുത്രനോടു പറഞ്ഞുപിന്നെ:
'താതനോടും ചില വാചകമൊക്കെയും
മാന്യമായ് കേട്ടു പഠിച്ചാലും നീ
എന്നതുപോലെ നീയോൎത്തു നടക്കണം
മന്നവൻ താതൻ നിയോഗംപോലെ
പ്രത്യേകം നിന്നെ വളൎത്തു പാലിച്ചൊരു
സത്യപ്രസൂവെ മറന്നീടൊല്ലേ.

ബുദ്ധിയും ശക്തി പരാക്രമവിദ്യയും
വിത്തവും പൂർണ്ണമായ് വേണമല്ലൊ.
ഇച്ചൊന്നവാക്യംമേലാചരിച്ചീടുന്ന
മർത്ത്യന്നു മേലിലുണ്ടാകും നന്മ.
ചത്തു നരകത്തിൽ പോയാലതിനൊരു
വസ്തുകൊണ്ടും ഫലമില്ല നൂനം.
ഭോഷരെന്നാകിലും ലോകർ സർവ്വേശനെ
സ്സേവിച്ചു മൃത്യു ഭവിച്ചു മോക്ഷം
വാഴുന്നവനീപ്പറഞ്ഞാൽ ഫലമില്ല
ഈഷൽ കൂടാതെ വസിപ്പാൻ മേലിൽ
മോക്ഷത്തിൽ പോകുവാൻ ബുദ്ധിമാന്മാർക്കെന്നും
സാക്ഷാലറിയാഞ്ഞാൽ ഭോഷനത്രെ.
ബുദ്ധിമാനെന്നുള്ള നാമമാക്കെന്നതും
ബുദ്ധിയിൽ കേട്ടു ഗ്രഹിക്ക നീയും
ശക്തിമാനായ സർവേശനെസ്സേവിച്ചു
മുക്തി ലഭിക്കുമവന്റെ നാമം
ഈവണ്ണമൊക്കെയീ ലോകം കഴിവോളം
പോകണം മറവുള്ള ദുഃഖമെല്ലാം

ഇങ്ങനെ ഭർത്താവിനെയും പുത്രനെയും ഉപദേശിച്ചിട്ട് ദൈവത്തെ വണങ്ങിയ ജനോവായെ:-

കോലാഹലമായ ഘോഷത്തോടന്നേരം
മാലാഖമാർവന്നു കൊണ്ടുപോയി.
സർവ്വസന്തോഷം നിറഞ്ഞുള്ള മോക്ഷത്തിൽ
സർവ്വദാ പ്രാപിച്ചു മാതാവപ്പോൾ.

സിപ്രസോദ്ഭപനാകട്ടെ അവളുടെ ശരീരത്തെ വിഹാര ത്തിൽ സംസ്കരിച്ചിട്ട് പുത്രനോടുകൂടി കുറേനാൾ സന്താ പത്തിൽ മുഴുകിക്കഴിഞ്ഞു. പിന്നീടൊരുദിവസം രാജാവ് പുത്രനെ വിളിച്ച് ഇപ്രകാരം പറഞ്ഞു:-

"ഉണ്ണീ മകനേയരികത്തുവായെന്റെ
കണ്ണിനൊരാനന്ദമായ സൂനോ!
ഞാനിന്നു നിന്നോടു ചൊല്ലുന്ന വാക്കുകൾ
മാനഭയത്തോടു കേൾക്കണം നീ.
അമ്മ മരിച്ചപ്പോൾ നന്മയും തിന്മയും
എന്മനസ്സൗഖ്യമശേഷം നീങ്ങി
എന്തിനു സന്താപമോടേ വസിക്കുന്നു
ഒന്നുകിലീലോകസൗഖ്യം വേണം
രണ്ടുമുപേക്ഷിച്ചു വാഴുന്ന മാനുഷർ
രണ്ടില്ലപക്ഷം മഹാഭോഷന്മാർ
എന്നതുകൊണ്ടു ഞാനീ ലോകസൗഖ്യത്തിൽ
ഇന്നിയിരിപ്പാനെളുതല്ലോർത്താൽ.
പുത്ര! നീ സൽക്കീർത്തി വർദ്ധിക്കുമാറിനി
ധാത്രിയെപ്പാലിച്ചു വാഴ്ക മേലാൽ.
ഭക്തനായ് വാഴ്കയീ ലോകം വാഴുവോളം
മുക്തി ഭവിച്ചാലും പിന്നെഭവാൻ.
ഞാനിനിയീലോകസൗഖ്യമെന്നുള്ളതു
മാനസേ ഭാവിച്ചിട്ടില്ല തെല്ലും.

കാടകം പുക്ക തപസ്സോടിരുന്നിനി
ക്കൂടെ മരിക്കട്ടെ മാതൃ സഹ—"

ഇങ്ങനെ പിതൃവാക്യം കേട്ട പുത്രൻ പിതാവിനെ അത്യന്തഭക്തിയോടുകൂടി നമസ്കരിച്ചു ചേതോവിഷാദത്തോടാണെങ്കിലും അച്ഛൻെറ കല്പന ശിരസാവഹിച്ചു. ധാത്രീശനാകട്ടെ പുത്രനെ ആഘോഷപൂൎവ്വം രാജ്യാഭിഷേകംചെയ്തു രാജാവായി വാഴിച്ചതിനുശേഷം തപസ്സുചെയ്തു കാലശേഷം കഴിച്ചു.

## ഉപസംഹാരം

അങ്ങനെ നാം ഒരു പുരുഷരത്നത്തിന്റെ ചരിത്രവും തൽകൃതികളും പരിഃശാധിച്ചു; പാഠനവും നടത്തി. അർണോസ്പാദ്രി ലോകത്തിനും ഭാഷയ്ക്കും നൽകിയ സമ്പാദ്യം എന്താണെന്നു നാം ഗ്രഹിച്ചു ലോകത്തിൽ എത്രകോടി ജനങ്ങൾ ജീവിച്ചു! അവരൊക്കെ മണ്ണടിഞ്ഞു. അവരിൽ ചുരുക്കം ചിലർ മാത്രമാണ് തങ്ങളുടെ കാല്പാടുകൾ ലോകരംഗത്തിൽ പതിച്ചിട്ടു യാത്രയാകാൻ സാധിച്ചിട്ടുള്ളത്. ലോകസംഗ്രഹമാണല്ലോ അവരുടെ ആദർശം. ലോകത്തിലുള്ള ഉത്തമവസ്തുക്കളെല്ലാം എല്ലാവരുടേയും വകയാണ്. അത് എല്ലാവർക്കും കരതലാമലകംപോലെ സ്വാധീനമാക്കണമെന്ന് ഉത്തമന്മാർ താല്പര്യമുണ്ടാകുക സ്വാഭാവികമാണ്. ഭാരതത്തിലെ ആർഷസംസ്കാരം ഐദംപര്യേണ സ്ഥലംപിടിച്ചിരിക്കുന്നത് സംസ്കൃതഗ്രന്ഥങ്ങളിലാണല്ലൊ. അവയെ പാശ്ചാത്യലോകത്തിനു പരിചയപ്പെടുത്തണമെന്നായിരുന്നു പാദ്രിയുടെ ഒന്നാമത്തെ ഉദ്ദേശ്യം. അത് അദ്ദേഹം എത്രയും അഭിനന്ദനീയമാം‌വണ്ണം സാധിച്ചുവെന്നുള്ളതിന് മഹാനായ മാക്സ്മുള്ളർ തന്നെ സാക്ഷ്യം വഹിക്കുന്നു. അതിൽകൂടുതലായി അക്കാര്യത്തിൽ ഒരു സർട്ടിഫിക്കേററിന്റെ ആവശ്യമില്ലതന്നെ.

പാദ്രി കേരളത്തിൽ വന്നതോടുകൂടി വിശേഷാൽ ധർമ്മഗ്രന്ഥമായ ബൈബിളിൽ അടങ്ങീട്ടുള്ള കഥകളും തത്വങ്ങളും അന്നത്തെ സാധാരണക്കാരന്റെ ഭാഷയിലെഴുതി പ്രചരിപ്പിക്കണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായി. നാം സമ്പാദിച്ചിട്ടുള്ള വിദ്യയെന്നപോലെ ധനവും മററു

ളളവക്ക് പ്രയോജനകരമാക്കിത്തീക്കമ്പോഴാണല്ലോ നാം യഥാൎത്ഥമായ ആനന്ദം അനുഭവിക്കുന്നത്. പാദ്രിയുടെ അനിതരസാധാരണമായ വേദാന്തബോധം കേരളീയരെ ആകമാനം, അതും ലളിതഭാഷയിൽ, ലളിതമായ ആശയങ്ങളിൽ, ധരിപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. അക്കാൎയ്യം എത്രയും അഭിനന്ദനീയമാംവണ്ണം അദ്ദേഹം സാധിച്ചുവെന്ന് നാം ഗ്രഹിച്ചുകഴിഞ്ഞു. ഗ്രന്ഥവിസ്തരഭയത്താൽ വേണ്ട ഭാഗങ്ങളെല്ലാം ഉദ്ധരിക്കാൻ കഴിഞ്ഞിട്ടില്ല. ജനോവാപൎവ്വം, പുത്തൻപാന മുതലായവ ക്രൈസ്തവർ മാത്രമല്ല കേരളീയർ പൊതുവേയും ധാരാളമായി വായിച്ചു രസിക്കുന്നതിന്റെ രഹസ്യം ഇതുതന്നെയാണ്. ജനോവാ ഗോലോയോടു ചെയ്യുന്ന ഉപദേശവും മററും അത്യന്തഹൃദ്യങ്ങൾ തന്നെയല്ലേ?

എഴുത്തച്ഛന്റെ കാലത്തോടടുത്തുണ്ടായ ഈ കൃതികളിൽ ഇത്രയും ലാളിത്യം കലൎത്തി എഴുതിയ പാദ്രി എത്രയും അഭിനന്ദനാർഹനാണ്. അന്ന് നടപ്പിലിരുന്ന പല ദേശ്യപദങ്ങളും ഇവയിൽ കാണാം. മിശിഹാടെ, ഉമ്മാടെ, മുഷ്കരം, പ്രമാണിക്കുക, ഒററൻ, ഇടമുട്ടി എന്നിങ്ങനെയുള്ള പ്രയോഗവിശേഷങ്ങൾ ഈ കൃതികളിൽ അങ്ങിങ്ങായി കാണാം. ഇവ തിരഞ്ഞെടുത്ത് അക്കാലത്തുണ്ടായ മററു കൃതികളുമായി താരതമ്യപഠനം നടത്തുന്നതു നന്നായിരിക്കും. സാഹിത്യം മണിമേടയിൽ വാഴുന്നവൎക്ക് മാത്രമല്ലെന്ന വസ്തുത പാദ്രി നല്ലവണ്ണം ഗ്രഹിച്ചിരുന്നതിനാലാണ് സാധാരണക്കാരുടെ ഭാഷയിൽ അദ്ദേഹം പ്രതിപത്തി കാണിച്ചത്.

ചതുരന്ത്യത്തിൽ കാണുന്ന പല വർണ്ണനകളും അത്യന്തഹൃദ്യങ്ങളാണ്. * നരകവർണ്ണനയിൽ ഒരു ഭാഗം നോക്കുക:-

"ശിരസ്സിൽ മുടി സർപ്പങ്ങൾ പലതരം
വിരൂപദൃഷ്ടികളിൽ വൃശ്ചികമിരിക്കുന്നു
വളരെ നയനാംബു സന്തതമൊഴുകുന്നു
തിളച്ച വെള്ളത്തോടു സമാനം പുകയുന്നു
പാരമറപ്പാൻ യോഗ്യം കപോലം കൃമിസ്ഥലം
നിരയജന്തുക്കളും നാസിക കരളുന്നു."

ഉമ്മാപർവ്വത്തിൽ എഴുത്തച്ഛൻെറ ശൈലിയോടു സാദൃശ്യം വഹിക്കുന്ന അനവധി ഭാഗങ്ങളുണ്ട്:-

ഭാനുക്കൾ മൂന്നും പ്രകാശിച്ചൊരു നേരംതന്നെ
ഭാനുക്കൾക്കുടയവൻ പിറന്നൊന്നതിൻമൂലം
വീണാദിഗാനമശരീരികൾ കേൾപ്പിച്ചുടൻ
വീണാദിഹീനനായ പുത്രനെ വന്ദിച്ചുമ്മാ
സുരൂപജനങ്ങൾക്കു മനോഗോചരനായ
സുരൂപബാലനമ്മെപ്പുഞ്ചിരിയിട്ടുനോക്കി
നയനമിളകാതെ ബഹുലമനോഭക്ത്യാ
നയനായകൻ മുൻപിൽ കുമ്പിട്ടു കന്യകാംബാ
തനുബാഹുക്കൾ നീട്ടി വത്സകൻ മാതാവിൻെറ
തനുവാശ്ലേഷംചെയ്തു പ്രിയത്തെ വർദ്ധിപ്പിച്ചു
അതിവർണ്ണമോ ബുദ്ധ്യാ സൂക്ഷിച്ചുനോക്കും വിധൗ
അതീവമനോഹരമെന്നത്രേ പറയേണ്ടൂ.

എന്ന ഭാഗം രാമായണത്തിൽ ശ്രീരാമജനനം വർണ്ണിക്കു ന്ന ഭാഗത്തോട് തട്ടിച്ചുനോക്കുക. ഇങ്ങനെ ഉദാഹരണ ങ്ങൾ അനവധി കാണിക്കാവുന്നതാണ്. അക്കാലത്ത് എഴുത്തച്ഛൻ, ചെറുശ്ശേരി, പൂന്താനം എന്നിവരുടെ കൃ തികൾ അധികം പ്രചാരത്തിലിരുന്നിരിക്കണം. അതി നാൽ ആ മഹാകവികളുടെ മാർഗ്ഗത്തെ അവലംബിച്ച് പാദ്രി, കിളിപ്പാട്ട്, ഗാഥ, പാന ഈ മൂന്നുരീതികളിൽ കാവ്യം ചമച്ചു. ഈ സമാരംഭത്തിൽ അദ്ദേഹത്തിനു പ രിപൂർണ്ണവിജയം സിദ്ധിക്കയും ചെയ്തു. ഇങ്ങനെ നോക്കു മ്പോൾ ആ മഹാകവികളുടെക്കൂട്ടത്തിൽ പാദ്രിയുടെ നാമ വും അഭംഗുരഭംഗിയോടുകൂടി പരിലസിക്കുന്നതാണ്.

★

അജന്താ പ്രസ്, പെരുന്ന

# ശുദ്ധിപത്രം

| പുറം | വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| ii | 2 | ബ്ളുയിസ് | ബ: ളൂയീസ് |
| 49 | 20 | നിമ്മല | നിർമ്മല |
| 50 | 3 | സത്യമ | സത്യമി |
| 52 | 4 | പിശാചവൻ | പിശാചായവൻ |
| 54 | 18 | പ്രത്യുഷ | പ്രത്യൂഷ |
| 55 | 1 | പൂവിന്നു | ഭൂവിന്നു |
| 58 | 13 | ചെന്നെത്തയ | ചെന്നെത്തിയ |
| 61 | 7 | വരാതെ | വാരാതെ |
| 61 | 9 | വരാതെ | വാരാതെ |
| 65 | 15 | അനഘമുള്ളോർ | അനഘരായോർ |
| 67 | 2 | സ്നേഹിക്കിൻ | സ്നേഹിക്കിൽ |
| 68 | 15 | മനസേ | മാനസേ |
| 71 | 23 | തീക്കുവാൻ | നീക്കുവാൻ |
| 76 | 9 | നീവ്യന്മാർ | നിവ്യന്മാർ |
| 77 | 5 | ശ്ലീലാ | ശ്ലീലാ |
| 86 | 1 | കരനധപീശ്വരൻ | കരനധീശ്വരൻ |
| 88 | 14 | സമസ്തേശ്വരാമാതാ | സമസ്തേശ്വരമാതാ |
| 88 | 15 | മദീയമേ | മറിയമേ |
| 89 | 22 | ഭക്ത്യം | ഭക്ത്യാ |

| പുറം | വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| 90 | 7 | വറുഗീസും | ചേലാകർമ്മം |
| | | (ഈ പദത്തിൻെറ ഉപ പത്തി അജ്ഞാതമാണ്. (Circumcision) എന്നതിനു ചേലാകർമ്മമെന്നാണു പൂർവ്വപ്രയോഗം) | |
| 90 | 14 | ........... | സുതരാംനവ |
| 93 | 1 | പുത്രാ! | പുത്ര! |
| 93 | 6 | ചെയ്യോ | ചെയ്യിതോ |
| 93 | 16 | കുളിച്ചിതോ | കുളിച്ചോ |
| 94 | 3 | പാലിച്ച | പാലിച്ചു; |
| 94 | 5 | ലിരുന്നിട്ടും | ലിരന്നിട്ടും |
| 94 | 17 | ഹോറോദേസ് | ഹേരോദേസ് |
| 95 | 9 | മേനിയിൽ | മേനിയിൻ |
| 95 | 21 | മനംപൊട്ടും | പൊട്ടുംമനം |
| 96 | 14 | ദയഒരി | ദയയൊരി |
| 96 | 18 | പ്പരിചിൽ | പരിചിൽ |
| 97 | 7 | കൊണ്ടുകുത്താൻ | കൊണ്ടുകുത്തി, യാ |
| 97 | 11 | പോയി | പോയ് |
| 99 | 10 | തസ്മാൻ | തസ്മാത് |
| 100 | 15 | തിരപൊക്കു | തിരയ്യൊപ്പ |
| ,, | 20 | സമന്തതാ | സമന്തതോ |
| ,, | 24 | പുത്രനെ | പുത്രനേ |

| പുറം | വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| 101 | 4 | ജീവൻനില...ധരിച്ചു | ജീവാനിലൻ ചഞ്ചലഭാവമാണ്ടു |
| ,, | 18 | നിൻെറ | നിൻേറ |
| ,, | 20 | ക്രമിച്ചു | ക്രമിച്ചു |
| ,, | 26 | നിൻെറ ദയയി | നിൻേറ ദയാഖി |
| 102 | 3, 4 | കഴിഞ്ഞു. അന്ധ | കഴിഞ്ഞിതന്ധ |
| ,, | 15 | നിൻെറ | നിൻേറ |
| ,, | 22 | പരാധീന | പരതന്ത്ര |
| ,, | 26 | ധരിച്ചാൾ | ധരിച്ചാർ |
| 103 | 5 | തപസ്വി... | തപസ്വിമാരിൽ |
| ,, | 14 | ആയോഘനം | ആയോധനം |
| ,, | 15 | നിൻെറ | നിൻേറ |
| ,, | 19, 20 | അടിയാലേചീന്തി ലതിക്രമത്താൽ | കഠിനപ്രഹാരാ- ലതിക്രമം, ഹാ! |
| 104 | 5 | ജനനവും | സജ്ജനവും |
| ,, | 16 | നിൻെറ | നിൻേറ |
| ,, | 20 | വെളിവു നൽകുന്ന | വെളിച്ചമോലുന്ന |
| 105 | 3 | കൃതന്നീർ | കൃതന്നീർ |
| ,, | 5 | ക്രിയകളൊക്കെ | ക്രൂരതയൊക്കെ |
| ,, | 9 | എൻെറ | എൻേറ |
| ,, | 13 | എൻെറ | എൻേറ |
| ,, | 23, 24 | ക്ഷമിച്ചു, ഒരക്ഷരം | ക്ഷമിച്ചി-തൊരക്ഷരം |
| 106 | 1 | നിൻെറ | നിൻേറ |
| ,, | 3 | നിൻെറ | നിൻേറ |

| പുറം | വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| ,, | 4 | നിൻെറ | നിൻേറ |
| ,, | 8 | നിൻെറ | നിൻേറ |
| ,, | 9 | നിൻെറ | നിൻേറ |
| ,, | 19 | നിൻെറ | നിൻേറ |
| ,, | 24 | പറിച്ചു | പറിച്ചൂ |
| 107 | 1 | നിൻെറ | നിൻേറ |
| ,, | 7 | നിൻെറ | നിൻേറ |
| 108 | 1 | പൊറുക്ക | പൊറുക്കാൻ |
| ,, | 9 | ക്ഷമിച്ചു | ക്ഷമിച്ചു; |
| ,, | 19 | തല | ശിരം |
| 109 | 4 | കറയത്തിൽനിന്നു വരുന്ന രക്തം | (പാഠഭേദം) ഹൃദന്തോദ്ഗതപുണ്യരക്തം |
| ,, | 13 | സുതൻെറ | സുതൻ തൻ |
| ,: | 18 | ഈവണ്ണമമ്മ | ഈവണ്ണമുമ്മാ |

**N. B.** ഈ ശുദ്ധിപത്രകർത്താവായ എൻെറ പ്രിയ ശിഷ്യൻ ഇടയാറന്മുള ശ്രീ. കെ. എം. വറുഗീസ് ബി. എ. എൽ. ടി. യോട്ട് ഞാൻ ഋണബദ്ധനാണ്.

★

DHARMARAM LIBRARY
BANGALORE - 560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

# APPROVED BO

C T Library
*00086273*
T51 M435

ഗ്രന്ഥശാലാസംഘവും എഡ്യുക്കേഷൻ ഡിപ്പാർട്ടുമെൻറും
(No 13/15492/55 Dated 24-9-55)
അംഗീകരിച്ചിട്ടുള്ള പുസ്തകങ്ങൾ.

| | | | രൂ. ന: പ; |
|---|---|---|---|
| 1. | ചിത്രവേദി | ... ... | 1 — 50 |
| 2. | പൂവും കായും (മൂന്നുവാല്യങ്ങൾ) | | 3 — 50 |
| 3. | ഗുരുഗീത | ... ... | 1 — 50 |
| 4. | ഫ്രെഡറിക് ഒസ്സാനാം | ... ... | 1 — 50 |
| 5. | കരയുന്ന മതിൽ | ... ... | 1 — 50 |
| 6. | സാഹിത്യസുധ | ... ... | 1 — 25 |
| 7. | മഹാപിതാ | ... ... | 0 — 75 |
| 8. | ക്രിസ്തുഭഗവാൻ | ... ... | 0 — 75 |
| 9. | അർണ്ണോസുപാദ്രി | ... ... | 1 — 37 |

അപേക്ഷിക്കുക.

സി. കെ. മററം.
കുറവിലങ്ങാട്ട്